
# പൗരോഹിത്യ ശുശ്രൂഷയിൽ 50 വർഷങ്ങൾ
# പിന്നിടുന്ന ബഹു. വൈദികർ




## ബഹു. പീടികപ്പാറ ജെയിംസ് അച്ചൻ

ബഹു. പീടികപ്പാറ ജെയിംസച്ചൻ ഇടുക്കി ജില്ലയിലെ കരിങ്കുന്നിൽ പീടികപ്പാറ തോമസ്-മറിയം ദമ്പതികളുടെ മകനായി 1941 ഓഗസ്റ്റ് മാസം 26-ാം തീയതി ജനിച്ചു. പ്രൈമറി വിദ്യാഭ്യാസം കരിങ്കുന്ന് സ്കൂളിൽ നിന്നും പൂർത്തിയാക്കി. അതേസമയം പീടികപ്പാറ കുടുംബം തലശ്ശേരി അതിരൂപതയിലെ തോമാപുരം ഇടവകയിലേക്ക് കുടിയേറി പാർക്കുകയും ചെയ്തു. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം തലശ്ശേരി മൈനർ സെമിനാരിയിൽ ചേർന്നു. വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ നിന്നും വൈദികപഠനം പൂർത്തിയാക്കി 1969 ഡിസംബർ 23-ന് അഭിവന്ദ്യ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു. മുള്ളൻകൊല്ലി ഇടവകയിൽ അസിസ്റ്റന്റ് വികാരിയായും, വഞ്ഞോട്, ഏലപ്പീടിക, കൊമ്മയാട്, ചുണ്ടക്കര, കുറുമ്പാലക്കോട്ട, മരകാവ്, ബോയ്സ്ടൗൺ എന്നീ ഇടവകകളിൽ വികാരിയായും സേവനം ചെയ്തു. മാനന്തവാടി രൂപതയുടെ ഏലപ്പീടികയിലെ സെമിനാരിവില്ല എസ്റ്റേറ്റിന്റെയും മംഗലാപുരം ജോർദ്ദാനിയ എസ്റ്റേറ്റിന്റെയും മാനേജരായും പീടികപ്പാറയച്ചൻ പ്രവർത്തിച്ചു. 2015 മെയ് മാസം മുതൽ ദ്വാരക വിയാനിഭവനിൽ വിശ്രമജീവിതം നയിക്കുന്നു. ജീവിതത്തിലുടനീളം കഠിനാധ്വാനത്തിന്റെ മാതൃകയായിട്ടാണ് ബഹു. ജെയിംസച്ചൻ വിളങ്ങിനിൽക്കുന്നത്. കുടിയേറ്റത്തിന്റെ ആദ്യനാളുകളിൽ മലബാറിന്റെ മണ്ണിലേക്ക് കർഷകരായ മാതാപിതാക്കളോടൊപ്പം കടന്നുവന്നതിന്റെ ഓർമ്മകളും സ്മരണകളും മനസ്സിലും ഹൃദയത്തിലും സൂക്ഷിച്ച ജെയിംസച്ചൻ തന്റെ ശുശ്രൂഷാമേഖലകളിൽ ഈ അനുഭവസമ്പത്ത് കൈമുതലായി സൂക്ഷിച്ചു. അതുകൊണ്ടുതന്നെ സാധാരണക്കാരന്റെ വേദനകളും നൊമ്പരങ്ങളും അച്ചന് കൂടുതൽ മനസ്സിലാക്കാൻ സാധിച്ചു. വികസനം കുറച്ചുപോലും ലഭ്യമല്ലാതിരുന്ന മംഗലാപുരം എസ്റ്റേറ്റിൽ ഊണും ഉറക്കവും ഉപേക്ഷിച്ച് ചോരവിയർ

പ്പാക്കി അദ്ധ്വാനിച്ച ജെയിംസച്ചനെ രൂപതയ്ക്ക് ഒരിക്കലും മറക്കാനാവില്ല. ഏതു പ്രതികൂലസാഹചര്യങ്ങളിലും തളരാത്ത മനസ്സുമായി വിശ്വാസ ജീവിതത്തിലും പൗരോഹിത്യവിളിയോടും തന്നെ ഏൽപിച്ചിരിക്കുന്ന കർത്തവ്യങ്ങൾ കൃത്യതയോടും നിഷ്ഠയോടുംകൂടി ചെയ്തു തീർക്കാൻ പരിശ്രമിച്ചുവെന്നുള്ളതാണ് ജെയിംസച്ചനെ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തനായി നിലനിർത്തുന്നത്. അദ്ധ്വാനത്തിന്റെയും സഹനത്തിന്റെയും ആഴമേറിയ പ്രാർത്ഥനാ ജീവിതത്തിന്റെയും ഉടമയും മാതൃകയുമായ ഈ വന്ദ്യവൈദികന് മാനന്തവാടി രൂപതാ കുടുംബത്തിന്റെ പേരിൽ പൗരോഹിത്യ സുവർണ്ണജൂബിലിയുടെ ആശംസകൾ.. അനുമോദനങ്ങൾ..

---



## ബഹു. കാട്ടറാത്ത് മാത്യു അച്ചൻ

ബഹു. കാട്ടറാത്ത് മാത്യു അച്ചൻ കോതമംഗലം രൂപതയിലെ തെന്നത്തൂർ എന്ന സ്ഥലത്ത് കാട്ടറാത്ത് വർക്കി - കത്രീന ദമ്പതികളുടെ മകനായി 1943 ജനുവരി മാസം 20-ാം തീയതി ജനിച്ചു. തുടർന്ന് കാട്ടറാത്ത് കുടുംബം മലബാറിലേക്ക് കുടിയേറി. ആറാട്ടുതറ ഗവ.എൽ.പി സ്കൂൾ, മാനന്തവാടി എച്ച്.എസ് എന്നിവിടങ്ങളിൽ നിന്ന് പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി തലശ്ശേരി മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപഠനം ആരംഭിച്ചു. ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്നും വൈദികപഠനം പൂർത്തിയാക്കി 1969 ഡിസംബർ 22 ന് അഭിവന്ദ്യ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു. തലശ്ശേരി അതിരൂപതയിലെ നെല്ലിക്കാംപോയിൽ ഇടവകയിൽ അസിസ്റ്റന്റ് വികാരിയായി മാത്യു അച്ചൻ പൗരോഹിത്യശുശ്രൂഷ ആരംഭിച്ചു. തുടർന്ന് തലശ്ശേരി അതിരൂപതയിലെ തേർമല, പടിയൂർ ഇടവകകളിലും മാനന്തവാടി രൂപതയിലെ വെള്ളമുണ്ട. പാറത്തോട്ടം, ബോയ്സ്ടൗൺ, മംഗളം, ഒണ്ടയങ്ങാടി, പുതുശ്ശേരിക്കടവ്, കൽപ്പറ്റ, ചെറുകാട്ടൂർ, മരകാവ്,

അടക്കാത്തോട്, അമ്പലവയൽ, ചീങ്ങവല്ലം, ചുള്ളിയോട്, പുതുശ്ശേരി, അരിഞ്ചേർമല, കമ്മന, വഞ്ഞോട്, കണിയാമ്പറ്റ, മക്കിയാട് എന്നീ ഇടവകകളിൽ വികാരിയായും സേവനം അനുഷ്ഠിച്ചു. ഗാന്ധിയൻ ആശയങ്ങൾ കൂടുതൽ പഠിക്കുന്നതിനുവേണ്ടി രണ്ടുവർഷം രാജ്കോട്ട് രൂപതയിൽ സേവനം ചെയ്യുന്ന അവസരത്തിൽ മാത്യു അച്ചൻ ജ്യോതി ആശ്രമത്തിന്റെ ചാപ്ലിനായും ശുശ്രൂഷ നിർവ്വഹിച്ചു. 2018 മെയ് മാസം മുതൽ ദ്വാരക വിയാനിഭവനിൽ വിശ്രമജീവിതം നയിക്കുന്നു. സമൂഹ്യപ്രശ്നങ്ങളിൽ നിരന്തരം ഇടപെടലുകൾ നടത്തുന്ന കാട്ടറാത്തച്ചൻ മാനന്തവാടി പ്രദേശത്ത് എല്ലാവർക്കും സുപരിചിതനാണ്. എല്ലാവരോടും സ്നേഹത്തിൽ ഇടപെടുകയും മറ്റുള്ളവരുടെ നിസ്സാരദുഃഖങ്ങളിൽ പോലും ശ്രദ്ധചെലുത്തുകയും ചെയ്യുന്ന അച്ചൻ ഏവർക്കും മാതൃകയാണ്. കണ്ടുമുട്ടുന്നവരോട് സൗഹൃദം സ്ഥാപിക്കാനും ബന്ധങ്ങളിൽ എന്നും ഊഷ്മളത നിലനിർത്തുവാനും അച്ചൻ എന്നും തത്പരനാണ്. ഗാന്ധിയൻ ആശയങ്ങളും ചിന്താഗതികളും ലാളിത്യജീവിതവും അച്ചന്റെ ജീവിതത്തെ ഒത്തിരിയേറെ സ്വാധീനിച്ചിട്ടുണ്ട്. ആഡംബരങ്ങളും ആഘോഷങ്ങളുമില്ലാത്ത ലളിതമായ ജീവിതശൈലിയിലൂടെ തനതായ വ്യക്തിമുദ്ര എല്ലാ മേഖലകളിലും പതിപ്പിക്കുവാൻ അച്ചന് കഴിഞ്ഞിട്ടുണ്ട്. മദ്യവിരുദ്ധ പ്രസ്ഥാനങ്ങളിൽ സജീവമായ പങ്കാളിത്തമാണ് അച്ചന് ഉണ്ടായിരുന്നത്. ആ മേഖലകളിൽ ഇന്നും അച്ചൻ സജീവമായി പ്രവർത്തിക്കുന്നു. വിശ്രമജീവിതത്തിനിടയിലും സാമൂഹികപ്രശ്നങ്ങളെ തിരിച്ചറിയാനും അവയ്ക്ക് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കാനും ഒപ്പം പ്രശ്നപരിഹാരത്തിനായി അധികാരശ്രേണിയിലുള്ളവരെ സമീപിക്കാനും അച്ചൻ സമയം കണ്ടെത്തുന്നുവെന്നത് അഭിനന്ദനാർഹമാണ്. ലളിതമായ സസ്യഭക്ഷണക്രമം അനേകർക്ക് പരിചയപ്പെടുത്തി പുതിയൊരു ആരോഗ്യശൈലിയും ജീവിതക്രമവും രൂപീകരിക്കുകയും അതിലുപരി സ്വന്തം ജീവിതത്തിൽ കർശനമായി അവ പാലിക്കുകയും ചെയ്യുന്ന കാട്ടറാത്തച്ചൻ എല്ലാവർക്കും ഒരു അത്ഭുതമാണ്. ലളിതമായ ജീവിതശൈലിക്കുടമയും അനേകം വ്യക്തിബന്ധങ്ങൾ കാത്തുസൂക്ഷിക്കുകയും ചെയ്ത് ശുശ്രൂഷാമേഖലകളിലെല്ലാം ദൈവാനുഭവത്തിന്റെ പുത്തൻ അനുഭവം എല്ലാവർക്കും പകർന്നു നൽകിയ സ്നേഹബഹുമാനപ്പെട്ട കാട്ടറാത്തച്ചന് പൗരോഹിത്യ സുവർണ്ണജൂബിലിയുടെ അനുമോദനങ്ങളും ആശംസകളും മാനന്തവാടി രൂപതാകുടുംബം ഒന്നുചേർന്ന് ആശംസിക്കുന്നു.



## ബഹു. കുളിരാനി ജോസ് അച്ചൻ

ബഹു. കുളിരാനിയിൽ ജോസച്ചൻ കോട്ടയം ജില്ലയിലെ കടപ്ലാമറ്റത്ത് കുളിരാനിയിൽ മത്തായി-അന്നമ്മ ദമ്പതികളുടെ മകനായി 1943 ഒക്ടോബർ മാസം 9-ാം തീയതി ജനിച്ചു. കർഷകരായിരുന്ന മാതാപിതാക്കൾ തലശ്ശേരി അതിരൂപതയിലെ എടൂർ ദേശത്തേക്ക് കുടിയേറി പാർത്തു. എടൂർ സെന്റ് മേരീസ് ഹൈസ്കൂളിൽ നിന്നും പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി. പൗരോഹിത്യജീവിതം സ്വപ്നംകണ്ട് വൈദിക പരിശീലനം ആരംഭിച്ച കുളിരാനിയച്ചൻ കുന്നോത്ത്, തലശ്ശേരി എന്നിവിടങ്ങളിൽ നിന്ന് വൈദിക പരിശീലനത്തിന്റെ പ്രാഥമിക പാഠങ്ങൾ പൂർത്തിയാക്കി. തുടർന്ന് ആലുവ സെന്റ് ജോസഫ്സ് സെമിനാരിയിൽ നിന്ന് ഫിലോസഫിയും തിയോളജിയും പൂർത്തിയാക്കി 1969 ഡിസംബർ 22 ന് തലശ്ശേരി അതിരൂപത മെത്രാപ്പോലീത്ത ആയിരുന്ന അഭിവന്ദ്യ മാർ ജോസഫ് വള്ളോപ്പിള്ളി പിതാവിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു. തുടർന്ന് നടവയൽ ഇടവകയിൽ അസിസ്റ്റന്റ് വികാരിയായി പൗരോഹിത്യ ജീവിതം ആരംഭിച്ചു. മാനന്തവാടി രൂപതയിലെ കബനിഗിരി, ബത്തേരി, മണിമൂളി, കൽപ്പറ്റ, ചെറുകാട്ടൂർ, അമ്പായത്തോട്, വാളവയൽ, കണിയാമ്പറ്റ എന്നീ ഇടവകകളിലും, ഇപ്പോൾ ബൽത്തങ്ങാടി രൂപതയുടെ ഭാഗമായ ജഡ്കൽ ഇടവകയിലും, ഭദ്രാവതി രൂപതയുടെ ഭാഗമായ എൻ.ആർ.പുര ഇടവകയിലും കുളിരാനിയച്ചൻ വികാരിയായി സേവനം ചെയ്തു. 2018 മെയ് മാസം മുതൽ ദ്വാരക വിയാനിഭവനിൽ വിശ്രമജിവിതം നയിക്കുന്നു. വൈദികർ ആടുകളുടെ ഗന്ധമുള്ളവനാകണമെന്ന ഫ്രാൻസിസ് മാർപ്പാപ്പയുടെ വാക്കുകൾ കുളിരാനിയച്ചന്റെ ജീവിതത്തിൽ അന്വർത്ഥമാണ്. എന്നും താനായിരുന്ന ഇടവകകളിലെല്ലാം അജഗണത്തിന് ഇടയനായിത്തീർന്നുകൊണ്ട് അവരിൽ ഒരാളായിത്തീരുവാൻ അച്ചന് സാധിച്ചു. സാമൂഹ്യമാധ്യമങ്ങൾ സജീവമായി ഉപയോഗിച്ചുകൊണ്ട് തന്റെ അജപാലന ശുശ്രൂഷ കൂടുതൽ കാര്യക്ഷമമാക്കുവാനും യുവജനങ്ങളിലേക്കും പുതുതലമുറയുടെ പുതുജീവിതശൈലികളിലേക്കും ഇറങ്ങിച്ചെന്നുകൊണ്ട് സുവിശേഷവത്കരണം നവമായി അവതരിപ്പിക്കുവാനും അച്ചന് കഴിഞ്ഞിട്ടുണ്ട്. വിശ്രമനാളുകളിലും അച്ചൻ അതിൽ സജീവമായി പ്രവർത്തിക്കുന്നു. തീക്ഷണതയിൽ കുറവുവരാതെ പ്രാർത്ഥനയിൽ അടിയുറച്ചു

നിന്ന് വിളിച്ചവനോട് വിശ്വസ്തനായിരിക്കുവാനും പുതുതലമുറയിലെ വൈദികർക്ക് മാതൃകയായിത്തീരുവാനും അച്ചൻ പരിശ്രമിച്ചിട്ടുണ്ട്. ആരുടെയും മുഖംനോക്കാതെ തന്റെ അഭിപ്രായം തുറന്നുപറയുവാനും ചർച്ചകളിലും കൂട്ടായ്മകളിലും നിരന്തരം ഇടപെടലുകൾ നടത്തുവാനും അച്ചൻ കാണിക്കുന്ന തീക്ഷണയും ധൈര്യവും എല്ലാവർക്കും മാതൃകയാണ്. ലാളിത്യത്തിന്റെ മാതൃകയായാണ് അച്ചൻ അറിയപ്പെടുന്നത്. പ്രായം തളർത്താത്ത തീക്ഷണതയും പുതിയ മേഖലകൾ എത്തിപ്പിടിക്കാനുള്ള ആവേശവും അച്ചന്റെ പൗരോഹിത്യ ജീവിതത്തെ വ്യത്യസ്തമാക്കുന്നു. ശുശ്രൂഷചെയ്ത് കടന്നുപോയ ഇടവകകളിലെല്ലാം ദൈവജനത്തിന്റെ ഓർമ്മയിൽ അച്ചന് പ്രമുഖസ്ഥാനമുണ്ടെന്നത് ഏവരേയും അമ്പരപ്പിക്കുന്നതുമാണ്. ക്രിസ്തുസ്നേഹത്തിൽ ജ്വലിച്ച് പ്രാർത്ഥനയിൽ അടിയുറച്ച് ലളിത ജീവിതശൈലിക്കൊപ്പം തീക്ഷണതയോടെ പൗരോഹിത്യ ശുശ്രൂഷകൾ ചെയ്തുകൊണ്ട് ഓടിനടക്കുന്ന സ്നേഹബഹുമാനപ്പെട്ട കുളിരാനിയച്ചന് പൗരോഹിത്യ സുവർണ്ണ ജൂബിലിയുടെ പ്രാർത്ഥനാശംസകൾ മാനന്തവാടി രൂപതാകുടുംബം ഒരുമിച്ച് നേരുന്നു.

---



## ബഹു. ജോസഫ് കല്ലുങ്കമാക്കൽ അച്ചൻ

ബഹു. കല്ലുങ്കമാക്കൽ ജോസഫ് അച്ചൻ പാലാ രൂപതയിലെ രാമപുരം ഇടവകയിലെ കൊണ്ടാട് കല്ലുങ്കമാക്കൽ ജോസഫ്- ബ്രിജിറ്റ് ദമ്പതികളുടെ മകനായി 1946 ജനുവരി 1-ാം തീയതി ജനിച്ചു. ജോസഫച്ചൻ തന്റെ പ്രാഥമിക പഠനങ്ങൾ കൊണ്ടാട് ഗവ.എൽ.പി. സ്കൂൾ, രാമപുരം സെന്റ് അഗസ്റ്റിൻ ഹൈസ്കൂൾ എന്നിവിടങ്ങളിൽ നിന്നും പൂർത്തിയാക്കി. പൗരോഹിത്യജീവിതം സ്വപ്നംകണ്ട കല്ലുങ്കമാക്കലച്ചൻ ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്നും വൈദികപഠനം പൂർത്തിയാക്കി 1969 ഡിസംബർ 19 ന് അഭിവന്ദ്യ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു. 1971-1977 കാലഘട്ടത്തിൽ ചരിത്രത്തിൽ ബിരുദവും ബിരുദാനന്തര ബിരുദവും, മൈസൂർ യൂണിവേഴ്സിറ്റിയിൽ നിന്നും അദ്ദേഹം കരസ്ഥമാക്കി. തുടർന്ന് 1977-1982 കാലഘട്ടത്തിൽ

റോമിലെ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽ നിന്നും ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റും കരസ്ഥമാക്കി. മലയാളം, ഇംഗ്ലീഷ്, കന്നട, ജർമ്മൻ, ഇറ്റാലിയൻ ഭാഷകളിൽ പ്രാവീണ്യം നേടിയ കല്ലുങ്കമാക്കൽ അച്ചൻ മാനന്തവാടി രൂപതയുടെ ആദ്യകാലവളർച്ചയിൽ പ്രമുഖസ്ഥാനം വഹിച്ചു. തലശ്ശേരി അതിരൂപതയിലെ പേരാവൂർ ഇടവകയിൽ അസിസ്റ്റന്റ് വികാരിയായും, മാനന്തവാടി രൂപതയിലെ മഞ്ഞൂറ, കണിയാരം കത്തീഡ്രൽ ഇടവകകളുടെ വികാരിയായും ബാംഗ്ലൂർ സാന്തോം സ്റ്റഡിഹൗസിന്റെ റെക്ടറായും മാനന്തവാടി രൂപതയുടെ പ്രൊക്യുറേറ്ററായും മതബോധനത്തിന്റെയും ചെറുപുഷ്പ മിഷൻ ലീഗിന്റെയും ഡയറക്ടറായും അദ്ദേഹം ശുശ്രൂഷ ചെയ്തു. നീണ്ടവർഷങ്ങളായി ജർമ്മനിയിൽ സേവനം അനുഷ്ഠിക്കുന്ന കല്ലുങ്കമാക്കലച്ചൻ ഇപ്പോൾ വിശ്രമജീവിതം നയിച്ചുവരുന്നു. മാനന്തവാടി രൂപതയുടെ വളർച്ചയിൽ നിർണ്ണായകമായ സ്ഥാനമാണ് കല്ലുങ്കമാക്കൽ അച്ചനുള്ളത്. വൈദിക വിദ്യാർത്ഥികളുടെ പരിശീലനത്തിലൂടെ ഒട്ടേറെ വൈദികരുടെ ഗുരുസ്ഥാനമാണ് അച്ചനുള്ളത്. ബാംഗ്ലൂർ ധർമ്മാരാം കോളേജിൽ അദ്ധ്യാപകനായും അച്ചൻ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു. കത്തീഡ്രൽ വികാരിയായിരിക്കുന്ന കാലഘട്ടത്തിൽ കുറ്റിമൂല ഇടവകയ്ക്കുവേണ്ടി സ്ഥലം വാങ്ങുവാനും ഇടവകരൂപീകരണത്തിനും അച്ചൻ അശ്രാന്തം പരിശ്രമിച്ചു. തന്റെ ജോലിയിൽ വിശ്വസ്തതയും കൃത്യനിഷ്ഠയും പുലർത്തുന്ന അച്ചൻ ഏവർക്കും പ്രചോദനാത്മകമായ ജീവിതമാണ് നയിച്ചത്. മാനന്തവാടി രൂപതയുടെ വളർച്ചയിൽ നിർണ്ണായകമായ പങ്കുവഹിച്ച ബഹു. കല്ലുങ്കമാക്കൽ അച്ചന് പൗരോഹിത്യ സുവർണ്ണ ജൂബിലിയുടെ പ്രാർത്ഥനാശംസകൾ മാനന്തവാടി രൂപതാകുടുംബം നേരുന്നു.

---



## ബഹു. മാത്യു അത്തിക്കൽ അച്ചൻ

ബഹു. അത്തിക്കൽ മാത്യു അച്ചൻ കോതമംഗലം രൂപതയിലെ കരിമണ്ണൂരിൽ വർക്കി - അന്ന ദമ്പതികളുടെ മകനായി 1943 ജൂൺ 11-ാം തീയതി ജനിച്ചു. കരിമണ്ണൂർ സെന്റ് ജോസഫ്സ് ഹൈസ്കൂളിൽ നിന്നും പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ അത്തിക്കലച്ചൻ ക്രിസ്തുവിന്റെ സുവിശേഷം ലോകമെങ്ങും അറിയപ്പെടണമെന്ന ആഗ്രഹം മനസ്സിൽ സൂക്ഷിച്ച് വിൻസെൻഷ്യൻ സഭയുടെ അങ്കമാലി

സെന്റ് വിൻസെന്റ് മൈനർ സെമിനാരിയിൽ ചേർന്നു. തുടർന്ന് ആലുവ സെമിനാരിയിൽ നിന്നും വൈദികപഠനം പൂർത്തിയാക്കി 1969-ൽ വൈദികപട്ടം സ്വീകരിച്ചു. വിൻസെൻഷ്യൻ സന്യാസജീവിതത്തിനിട യിൽ ഒട്ടേറെ ജീവിതങ്ങളെ ക്രിസ്തു സ്നേഹത്തിലേക്ക് അടുപ്പിക്കു വാൻ അദ്ദേഹത്തിന് കഴിഞ്ഞു. ആത്മാക്കളെക്കുറിച്ചുള്ള തീക്ഷണത യാൽ എരിഞ്ഞിരുന്ന അത്തിക്കൽ മാത്യു അച്ചൻ തന്റെ സന്യാസജീവി തത്തിൽ നിന്നും മാറി രൂപതാ വൈദികനായി ജീവിക്കണമെന്ന ആഗ്ര ഹത്തോടെ മാനന്തവാടി രൂപതയിൽ അംഗമായി ചേർന്നു. തുടർന്ന് അത്തിക്കലച്ചൻ മാനന്തവാടി രൂപതയിലെ കാരക്കാമല, തവിഞ്ഞാൽ, അടയ്ക്കാത്തോട്, പോരൂർ, കല്ലോടി, റിപ്പൺ, പടമല, അരിഞ്ചേർമല, എന്നീ ഇടവകകളിൽ വികാരിയായി ശുശ്രൂഷ ചെയ്തു. വൈദിക ജീവിത ത്തിൽ പ്രായം തളർത്താത്ത പോരാളിയാണെങ്കിലും അത്തിക്കലച്ചൻ വാർദ്ധക്യ സഹജമായ രോഗങ്ങളും ആരോഗ്യ പ്രശ്നങ്ങളും അലട്ടാൻ തുടങ്ങിയപ്പോൾ മുതൽ രൂപതയുടെ ദ്വാരകയിലെ വിയാനി ഭവനിൽ വിശ്രമജീവിതം നയിക്കാൻ ആരംഭിച്ചു. ക്രിസ്തുവിനുവേണ്ടി തീക്ഷ ണതയോടെ പ്രവർത്തിക്കണമെന്നും ജീവിക്കണമെന്നുമുള്ള ആഗ്രഹ ത്തോടെ പൗരോഹിത്യ ജീവിതം ആരംഭിച്ച അത്തിക്കലച്ചൻ ഒരു യഥാർത്ഥ പ്രേക്ഷിതനായിട്ടുതന്നെയാണ് ജീവിച്ചത്. തന്നെ ഭരമേൽ പ്പിച്ച സ്ഥലങ്ങളിലും ഇടവകകളിലുമൊക്കെ ജീവിതംകൊണ്ട് സുവി ശേഷം പ്രസംഗിച്ച അത്തിക്കലച്ചൻ പ്രാർത്ഥനയാലും പരിത്യാഗപ്രവർ ത്തനങ്ങളാലും ലാളിത്യത്തിന്റെയും കരുണയുടെയും ജീവിതം നയിച്ചു കൊണ്ട് ഒട്ടേറെ ആത്മാക്കളെ സ്വർഗ്ഗത്തിനുവേണ്ടി നേടിയെടുത്തു. വിശ്വാസജീവിതത്തിലും സാമൂഹിക ജീവിതത്തിലും ഒട്ടേറെ ബുദ്ധി മുട്ടുകളും പ്രയാസങ്ങളും പ്രതിസന്ധികളും ഉണ്ടായപ്പോഴും ശാന്തത യോടെ അവയെ നേരിടുവാനും പരാതികളില്ലാതെ അവയെ ക്രിസ്തു സ്നേഹത്തെപ്രതി സ്വീകരിക്കുവാനും അച്ചൻ കാണിച്ച ധൈര്യവും ക്ഷമയും സന്നദ്ധതയും ഏവർക്കും മാതൃകാപരമാണ്. തികഞ്ഞ വചന പ്രഘോഷകനായ അത്തിക്കലച്ചൻ വടക്കേ ഇന്ത്യയിലും ക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിച്ച ഒരു മിഷനറിയാണ്. ലളിതജീവിതത്തിന്റെ മാതൃകയായിത്തീർന്ന ബഹു. അത്തിക്കൽ അച്ചന് പൗരോഹിത്യ സുവർണ്ണജൂബിലിയുടെ ആശംസകളും പ്രാർത്ഥനകളും മാനന്തവാടി രൂപതാ കുടുംബം നേരുന്നു.

# പൗരോഹിത്യ ശുശ്രൂഷയിൽ
# 25 വർഷങ്ങൾ പിന്നിടുന്ന
## ബഹു. വൈദികർക്ക്
## ആശംസകൾ! പ്രാർത്ഥനാമംഗളങ്ങൾ!



**റവ. ഫാ. ലൂക്കോസ് (ബാബു)**
**മാപ്ലശേരി**
പൗരോഹിത്യ സ്വീകരണം 27 – 12 – 1994



**റവ. ഫാ. ജോൺ (ജിൽസൺ)**
**കോക്കണ്ടത്തിൽ**
പൗരോഹിത്യ സ്വീകരണം 28 – 12 – 1994



**റവ. ഫാ. ജോസഫ് (ജോജോ)**
**ഔസേപ്പറമ്പിൽ**
പൗരോഹിത്യ സ്വീകരണം 29 – 12 – 1994



**റവ. ഫാ. ജോയി പുല്ലംകുന്നേൽ**
പൗരോഹിത്യ സ്വീകരണം 02 – 01 – 1995



**റവ. ഫാ. ആന്റോ മമ്പള്ളിൽ**
പൗരോഹിത്യ സ്വീകരണം 03 – 01 – 1995

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 10　　ജനുവരി - 2019　　ലക്കം 01**

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|

# ഉള്ളടക്കം


ഇൻഫാം കർഷകദിനം ............................................. 13
രൂപതാകച്ചേരി വാർത്തകൾ .................................... 17
പ്രളയ ദുരിതാശ്വാസ സഹായനിധി .......................... 19
വൈദികരുടെ മാസധ്യാനം ....................................... 20
യുവജനവർഷം ......................................................... 21
മതബോധനരംഗം ....................................................... 30
ചെറുപുഷ്പമിഷൻലീഗ് .............................................. 35
*Department of Youth Ministry* .......................................... 41
കെ.സി.വൈ.എം. ........................................................ 42
കുടുംബപ്രേഷിതത്വം ................................................ 47
സീയോൻ വാർത്തകൾ ............................................ 53
ജീസസ്‌യൂത്ത് ............................................ 56
വിൻസെന്റ് ഡി പോൾ സൊസൈറ്റി ......................... 62
സാമൂഹ്യ സേവനരംഗം (WSSS) .................................. 65
ബയോവിൻ അഗ്രോ റിസർച്ച് ................................... 71
നീലഗിരി ഡവലപ്മെന്റ് സൊസൈറ്റി ..................... 74
റേഡിയോ മാറ്റൊലി ................................................. 76
ജയിൽ മിനിസ്ട്രി ..................................................... 83
*Mary Matha Arts & Science College* ......................... 84
*CEADOM* വിദ്യാഭ്യാസമേഖല ........................................ 85
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ..................................... 88
ബിഷപ്സ് പ്രോഗ്രാം ................................................... 89

# കർഷകർ ഒരു കുടക്കീഴിൽ–ഇൻഫാം കർഷകദിനം

**ജനുവരി 15**

ഈശോയിൽ പ്രിയ സഹോദരങ്ങളെ,

എല്ലാവർഷവും ജനുവരി 15, കേരളസഭ 'കർഷകദിനമായി' ആചരിക്കുന്ന ദിവസമാണ്. കർഷകജനതയുടെ സമഗ്രമായ പുരോഗതി ലക്ഷ്യമാക്കി രൂപം കൊണ്ട വലിയൊരു മുന്നേറ്റമാണ് 'ഇൻഫാം'. ഒരു പതിറ്റാണ്ടിലേറെയായി പല കർഷകസ്വപ്നങ്ങളും യാഥാർത്ഥ്യമാക്കാൻ ഇൻഫാമിനു സാധിച്ചു. ഇതിന്റെ പിന്നിൽ വലിയ പങ്കുവഹിക്കുന്നതോടൊപ്പം അക്ഷീണമായി പരിശ്രമിക്കുകയും ചെയ്യുന്ന എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

ഇൻഫാമിന്റെ പ്രസക്തി വളരെ ശക്തമായി വർദ്ധിച്ചിരിക്കുന്ന ഒരു സമയമാണിത്. മാനവരാശിയുടെ നിലനിൽപ്പിന് ആധാരമായ കാർഷിക വിഭവങ്ങളുടെ ഉത്പാദനം ദൈവീക വേലയാണ്. കഠിനാധ്വാനം ചെയ്യുന്ന കർഷകരുടെ ജീവന്റെ ഭാഗമാണത്. ജലപ്രളയം പോലുള്ള പ്രകൃതിദുരന്തങ്ങളും, അഴിമതിയും, ചൂഷണവും, വിലത്തകർച്ചയും നിക്ഷിപ്ത താത്പര്യങ്ങളോടുകൂടിയ രാഷ്ട്രീയ ഇടപെടലുകളും വിഭവങ്ങളുടെ പ്രാഥമിക ഉത്പാദകരായ കർഷകരെ അങ്ങേയറ്റം പ്രതിസന്ധിയിലാക്കി. വൻകിട കച്ചവടക്കാരുടെയും വ്യവസായികളുടെയും താളത്തിനൊത്ത് തുള്ളുന്ന ഭരണകൂടനയം കൂടിയായപ്പോൾ ഈ പ്രതിസന്ധി രൂക്ഷമായി. ഇതെല്ലാം കൂടിച്ചേരുമ്പോൾ സമ്പൂർണ്ണമായ അർത്ഥത്തിൽ കർഷകരോടുള്ള ചതി എന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ഒരു കാലത്ത് കൃഷിയും കൃഷിയിടങ്ങളും മനുഷ്യന് പ്രതീക്ഷയും ആത്മസംതൃപ്തിയും സുരക്ഷിതത്വവും നല്കിയിരുന്നു എന്നാൽ ഇന്നിത് അസ്വസ്ഥതയും അരക്ഷിതാവസ്ഥയും സൃഷ്ടിക്കുന്ന സാഹചര്യമാണ്. ഈ കൃഷിയിടങ്ങളെ നോക്കി നെടുവീർപ്പിട്ടുകൊണ്ട് നിരാശയുടെ വക്കിൽ കർഷകൻ ആത്മഹത്യയിലേക്ക് തിരിയുന്നു. രാജ്യം മുഴുവൻ അലയടിച്ചുയരുന്ന കർഷക മുന്നേറ്റങ്ങൾ ഈ വസ്തുതയ്ക്ക് അടിവരയിടുന്നതാണ്.

കേരളത്തിൽ കർഷകനെ ഈ ദുരവസ്ഥയിലേക്കെത്തിച്ചത് പല ഘടകങ്ങളാണ്. കൃഷി ചെയ്യുന്ന മണ്ണിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ചുള്ള തർക്കവും പട്ടയംകിട്ടാത്ത അവസ്ഥയും അതിൽ പ്രധാനമാണ്.

അതുകൊണ്ട് സ്വന്തം അധ്വാനത്തിന്റെ ഫലം കണ്ട് അഭിമാനിക്കേണ്ട കർഷകമനസ് കള്ളനെപ്പോലെ നടക്കേണ്ട ദുരവസ്ഥയിലേക്കെത്തിച്ചേർന്നിരിക്കുന്നു. കാരണം ഭൂമിക്കുമേൽ ഇപ്പോഴുള്ള അവകാശങ്ങൾ കൂടി നഷ്ടപ്പെടാൻ പോകുന്നു. ഉള്ള പട്ടയത്തിന്മേൽ ഉപാധികൾ വയ്ക്കപ്പെടുന്നു (ഗാഡ്ഗിൽ, കസ്തൂരിരംഗൻ). കൈവശമുള്ളതുപോലും അന്യാധീനപ്പെടുന്ന ദുരവസ്ഥയാണത്. ഉപാധിരഹിത പട്ടയമില്ലാത്തതിനാൽ ലോണോ സബ്സിഡികളോ ലഭിക്കാനുള്ള അർഹതയും നഷ്ടപ്പെടുന്നു. ജനപ്രതിനിധികളെയും കർഷകരേയും ഉൾക്കൊള്ളിക്കാതെ തയ്യാറാക്കിയ മാധവ ഗാഡ്ഗില്ലും, കസ്തൂരിരംഗൻ റിപ്പോർട്ടും എം.എസ് സ്വാമിനാഥൻ റിപ്പോർട്ടും എല്ലാം സമഗ്രമായ പഠനശേഷം തയ്യാറാക്കിയിരുന്നുവെങ്കിൽ കൂടുതൽ അനുയോജ്യമായേനെ.

ഇക്കാലത്തെ കാർഷിക പ്രശ്നങ്ങൾ ചെറുതല്ല. വർഷങ്ങളുടെ ഈ തളർച്ച ഇന്ന് കർഷകനെ കൃഷിഭൂമി വിഭജിച്ച് വിൽക്കാൻ പ്രേരിപ്പിക്കുന്നു. കച്ചവടക്കണ്ണോടെ കർഷകഭൂമിയെ നോക്കുന്ന ലാൻഡ് മാഫിയകൾ മോഹവിലയും കൊടുത്ത് കർഷകഭൂമിയെ തുണ്ടംതുണ്ടമാക്കിക്കൊണ്ടിരിക്കുന്നു. മറ്റൊരു ദുരിതം വിത്തിന്റെ അഭാവം ആണ്. ബഹുരാഷ്ട്ര കമ്പനികളുടെ ഇടപെടലുകളും അവയ്ക്ക് തടയിടാൻ പര്യാപ്തമല്ലാത്ത സർക്കാർ നിലപാടുകളും കർഷകവിത്തിന്റെ പത്തായങ്ങളെ ശൂന്യമാക്കിയിരിക്കുന്നു. ജനിതകമാറ്റം വരുത്താത്ത സ്വന്തം വിത്തിനങ്ങൾ എന്ന കർഷകസ്വപ്നവും പൊലിഞ്ഞുപോയിരിക്കുന്നു. അതുപോലെതന്നെ പ്രാദേശിക സർക്കാരുകൾക്ക് വളങ്ങളുടെയും കീടനാശിനികളുടെയും നിർമ്മാണത്തിനുമേൽ നിയന്ത്രണം ഇല്ലാത്തതുകൊണ്ട് വളങ്ങളുടെ ഉത്പാദനം ബഹുരാഷ്ട്രകമ്പനികളുടെ കുത്തകയായി. ക്രമാതീതമായ രാസവസ്തുക്കളുടെ ഉപയോഗമാകട്ടെ മണ്ണിലെ സർവ്വപ്രകൃതിദത്ത ലവണങ്ങളും നശിച്ചുപോകുന്നതിന് കാരണമായി. അതുപോലെ തന്നെ ജലസേചനത്തിന്, പാഴായിപോകുന്ന ജലം തടയാനുള്ള ശാസ്ത്രീയ മാർഗ്ഗങ്ങളുമായി നാം ഏറെ ദൂരം മുന്നോട്ടു പോകേണ്ടിയിരിക്കുന്നു. ഒപ്പം ജലം തകർത്തെറിഞ്ഞ പ്രളയത്തിന്റെ മുറിപ്പാടുകൾ മായിച്ച് ലോകജനതക്കുമുമ്പിൽ അതിജീവനത്തിന്റെ മാതൃക നൽകിയതിൽ നമുക്ക് അഭിമാനിക്കാം.

എക്കാലവും കർഷകരെ ദുരിതത്തിലാക്കുന്ന മറ്റൊരു പ്രധാന പ്രശ്നം ഉത്പന്നങ്ങളുടെ വിലസ്ഥിരത ഇല്ലായ്മയാണ്. മറ്റു രാജ്യങ്ങൾ അവരുടെ കാർഷികവ്യവസായ ഉത്പന്നങ്ങൾക്ക് വിലയും താങ്ങുവിലയും നിശ്ചയിച്ച് കർഷകരിൽ എത്തിച്ചപ്പോൾ ഇന്ത്യക്കതിന്

സാധിച്ചില്ല. തത്ഫലമായി വില നിശ്ചയിക്കുന്നത് ഇടനിലക്കാരും കുത്തക കമ്പനികളുമായി. സാമ്പത്തികമായ പരാധീനതമൂലം കിട്ടുന്ന വിലക്ക് തന്റെ ഉല്പന്നങ്ങൾ വിൽക്കാനും കർഷകൻ നിർബന്ധിതനാകുന്നു. പ്രത്യേകിച്ചും ഗ്രാമങ്ങളിൽ ഉത്പാദിപ്പിക്കപ്പെടുന്ന ജൈവ ഉത്പന്നങ്ങൾക്കുപോലും മാന്യമായ വില ലഭിക്കുന്നില്ല. റബർ ഉത്പാദനത്തിൽ ഇറക്കുമതി നിയന്ത്രിക്കാതെ കർഷകന് രക്ഷയുണ്ടാവില്ല. നിസാരമായ തുക ഡ്യൂട്ടി കൊടുത്ത് വലിയ ടയർ കമ്പനികൾ വൻതോതിൽ റബർ ഇറക്കുമതി ചെയ്യുന്നു. 50% ഗവൺമെന്റ് സബ്സിഡി നല്കിക്കൊണ്ടിരുന്ന പല ഉത്പന്നങ്ങൾക്കും ഗാട്ട് കരാർ വന്നതോടുകൂടി 5% എന്ന നിലയായി. ഇതിനൊപ്പം തന്നെ എല്ലാ നാണ്യവിളകളുടെയും ഉത്പാദനച്ചിലവു കൂടിയതും കർഷകരുടെ ദുരിതം വർദ്ധിപ്പിച്ചു. ഉത്പന്നത്തിനു വില നിശ്ചയിക്കുവാൻ കർഷകൻ കരുത്തുള്ളവനായെങ്കിലെ കൃഷി വിജയിക്കുകയുള്ളൂ.

അടുത്ത കാലത്തായി കർഷകർ നേരിടുന്ന മറ്റൊരു പ്രതിസന്ധി വന്യമൃഗങ്ങളുടെ ആക്രമണം ആണ്. ഇവയെ സംരക്ഷിക്കാൻ ഗവൺമെന്റ് എടുക്കുന്ന നിലപാടിന്റെ പത്തിലൊന്ന് കർഷകരെ സംരക്ഷിക്കാൻ വേണ്ടി എടുത്തിരുന്നെങ്കിൽ കർഷികമേഖല എന്നേ രക്ഷപെട്ടേനെ. ഊണും ഉറക്കവുമില്ലാതെ താലോലിച്ചു വളർത്തിയ വിളകൾ വന്യമൃഗങ്ങൾ നശിപ്പിക്കുമ്പോൾ നിസഹായരായിത്തീരുകയാണ് കർഷകർ. മൃഗസ്നേഹത്തിന്റെയും പ്രകൃതിസ്നേഹത്തിന്റെയും പേരിൽ നടത്തുന്ന കാപട്യങ്ങൾ തിരിച്ചറിഞ്ഞ് കർഷകന്റെ സ്വത്തും ജീവനും വിലപ്പെട്ടതാണെന്ന് തിരിച്ചറിഞ്ഞ് പുതിയ നിയമനിർമ്മാണങ്ങൾ വരണം.

ഇന്നത്തെ കാർഷികമേഖലയിൽ ക്രിയാത്മകമായ ചില മാറ്റങ്ങൾ അനിവാര്യമായിരിക്കുന്നു. അതിൽ ഏറ്റവും കാതലായത് ശക്തമായ സംഘടനാ പ്രവർത്തനങ്ങളാണ്. ജാതി-മത-രാഷ്ട്രീയ ഭേദമന്യേ 'കർഷകർ' എന്ന കുടക്കുകീഴിൽ വേണം നാം ഒന്നിക്കാൻ. ഗ്രാമതലങ്ങളിൽ കർഷകർ സംഘടിക്കണം. കർഷക ഉന്നമനം മാത്രം ലക്ഷ്യം വച്ച് കൂട്ടായ്മയോടെ പ്രവർത്തിക്കണം. പരമ്പരാഗത കൃഷിരീതികൾക്കൊപ്പം നൂതനമായ കൃഷിരീതികളും അവലംബിക്കണം. ഗവൺമെന്റ് ജോലിയിലോ ഓഫീസ് വർക്കിലോ മാത്രം സായൂജ്യം കാണാതെ കൃഷിയോട് താത്പര്യമുള്ള യുവജനങ്ങളുടെ ഒരു തലമുറയും വളർന്നുവരണം.

കുഞ്ഞുങ്ങളെ നാം ചെറുപ്പത്തിൽതന്നെ “മാനം മുട്ടെ വളരാനുള്ള” സ്വപ്നം കാണാൻ പഠിപ്പിക്കും. പക്ഷേ, വല്ലപ്പോഴുമൊക്കെ കൃഷിയിടങ്ങളിൽ കൂടെ കൊണ്ടുപോയി “മാനം മുട്ടെ” വളർന്നു നിൽക്കുന്ന മരങ്ങളെ കാണിച്ചുകൊടുക്കുകയും അങ്ങനെ വളരാനുള്ള ഒരു മരത്തൈ നടാൻ പഠിപ്പിക്കുകയും ചെയ്താൽ കൃഷിയെയും മണ്ണിനെയും സ്നേഹിക്കുന്ന ഒരു തലമുറ ഇവിടെയുണ്ടാകും.

ഇൻഫാമിന്റെ ഓരോ മുന്നേറ്റങ്ങളും കർഷക കരങ്ങൾക്ക് കരുത്തേകുകയും കർഷകന്റെ സ്വപ്നങ്ങൾക്ക് മാറ്റ് കൂട്ടുകയുമാണ്. ഈ ഉദ്യമത്തിൽ ഇനിയും നാം സംഘടനാപ്രവർത്തനങ്ങൾ ശക്തമാക്കി മുന്നേറാൻ ഏവരെയും ഞാൻ ആഹ്വാനം ചെയ്യുന്നു.

സ്നേഹാശംസകളോടെ,

**മാർ മാത്യു അറയ്ക്കൽ**

ഇൻഫാം എപ്പിസ്കോപ്പൽ കമ്മീഷൻ

കാഞ്ഞിരപ്പള്ളി

06-12-2018

# രൂപതാകച്ചേരി വാർത്തകൾ

**സ്നേഹസ്മരണ**

ജനുവരി 17-ാം തീയതി ബഹു. മോൺ. ജോസഫ് കണിയാമറ്റം അച്ചന്റെയും ജനുവരി 19-ാം തീയതി ബഹു. ജോർജ്ജ് മേമന അച്ചന്റെയും ജനുവരി 29-ാം തീയതി ബഹു. ജോസഫ് കോട്ടേപ്പറമ്പിൽ അച്ചന്റെയും ഫെബ്രുവരി 1-ാം തീയതി ബഹു. ജോസഫ് മഞ്ചുവള്ളിൽ അച്ചന്റെയും ഫെബ്രുവരി 7-ാം തീയതി ബഹു. പീറ്റർ ചെറുകരമുട്ടം അച്ചന്റെയും ചരമദിനങ്ങളാണ്. പ്രസ്തുത ദിവസങ്ങളിൽ ഈ വൈദികരെ നമ്മുടെ പ്രാർത്ഥനകളിലും വി. ബലികളിലും നമുക്കോർക്കാം.

**കൂരിയ അവധി**

ഡിസംബർ 24 മുതൽ ജനുവരി 5 വരെ രൂപതാകച്ചേരി അവധിയായിരിക്കും

**സീറോ മലബാർ മിഷൻവാരാചരണം: ജനുവരി 06-12**

സീറോ മലബാർ സഭയുടെ വിവിധ മിഷൻ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന മിഷനറിമാരെയും മിഷനറി പ്രവർത്തനങ്ങളെയും അനുസ്മരിക്കുവാനും അറിയുവാനും മിഷൻ പ്രവർത്തനങ്ങളുടെ വിജയത്തിനായി പ്രാർത്ഥിക്കുവാനും സീറോ മലബാർ മിഷനെ സഹായിക്കുവാനുമായി പ്രത്യേകമായി മാറ്റി വച്ചിരിക്കുന്ന അവസരമാണല്ലോ സീറോ മലബാർ മിഷൻ വാരാചരണം. 2019 ജനുവരി 06 മുതൽ 12 വരെയാണ് സീറോ മലബാർ മിഷൻ വാരമായി ആചരിക്കുന്നത്. സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ് മിഷൻവാരത്തെക്കുറിച്ച് നൽകിയിട്ടുള്ള സർക്കുലർ (മാനന്തവാടി രൂപതാ ബുള്ളറ്റിൻ, ഡിസംബർ 2018) നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ദിവസം വായിക്കുകയും വേണ്ടത്ര മുൻ ഒരുക്കങ്ങളോടെ വാരാചരണം നടത്തുകയും ചെയ്യാൻ ശ്രദ്ധിക്കുകയും മിഷനുവേണ്ടി സമാഹരിച്ച തുക ജനുവരി 30-ാം തീയതിക്കകം രൂപതാകേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യേണ്ടതാണ്.

**സ്വാഗതം**

കൊട്ടിയൂർ ഇടവകയുടെയും ചുങ്കക്കുന്ന് ഇടവകയുടെയും പുതിയ അസി. വികാരിമാരായി സേവനം അനുഷ്ഠിക്കാൻ കടന്നുവന്നി

രിക്കുന്ന കപ്പൂച്ചിൻ സഭാംഗങ്ങളായ ബഹു. പോൾ വല്ലാട്ട് അച്ചനും ആന്റണി തുണ്ടത്തിൽ അച്ചനും രൂപതാ കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതവും വിജയാശംസകളും നേരുന്നു.

**യുവവൈദികർക്കായുള്ള കോഴ്സ്**

യുവവൈദികർക്കുവേണ്ടിയുള്ള കോഴ്സ് 2019 ഫെബ്രുവരി 25 തിങ്കളാഴ്ച വൈകുന്നേരം 7 മണി മുതൽ 28 വ്യാഴാഴ്ച 1 മണി വരെ യായാരിക്കും. 2010 ഡിസംബർ മാസത്തിൽ പട്ടം സ്വീകരിച്ചവർ തുടങ്ങി എല്ലാ വൈദികരും ഈ വർഷം തിരുപ്പട്ടം സ്വീകരിക്കുന്നവർ ഉൾപ്പെടെ നിർബന്ധമായും കോഴ്സിൽ സംബന്ധിക്കേണ്ടതാണ്. കോഴ്സിൽ പങ്കെടുക്കുന്നതിൽ നിന്നും ആർക്കും ഒഴിവ് കഴിവ് അനുവദിക്കുന്നതല്ല. അതിനാൽ വ്യക്തിപരമായ കാര്യങ്ങളോ, ഇടവകയിലെയോ, സ്ഥാപന ങ്ങളിലെയോ, സംഘടനകളിലെയോ കാര്യങ്ങളോ മുൻകൂട്ടി ക്രമീകരിച്ച് കോഴ്സിൽ സംബന്ധിക്കേണ്ടതാണ്. പങ്കെടുക്കേണ്ടവരുടെ ലിസ്റ്റ് ഇതോടൊപ്പം ചേർക്കുന്നു.

**No. Rev. Fathers**

1. Pullenkunnel Chacko
2. Kalambukattu Joseph
3. Palathadathil George
4. Punnackapadavil Sebastian
5. Kizhakkanputhupally Varghese
6. Kavalakkadan Varghese
7. Madathil Sebastian
8. Kattamkottil Thomas
9. Kalliyattu Devassia
10. Iykkarakanayil Thomas
11. Kattath Thomas
12. Venakuzhiyil Mathai
13. Elamkunnapuzha Joseph
14. Alumkal Joseph
15. Madapallikunnel Antony
16. Parackal Varghese
17. Peechattu Joseph
18. Thevarkunnel Don Bosco
19. Kollamkunnel Varghese
20. Thekkilakattil Mathew
21. Chittarackal Varghese

22. Vettickal John
23. Palakattu Antony
24. Thattuparambil Varghese
25. Vadassery Thomas
26. Vattukulathil Mathew
27. Chirayilparambil Thomas
28. Kalarickal Paul
29. Chakkulathil Joseph
30. Karuthedath Mathew (Rajeesh)
31. Arackaparambil Emmanuel
32. Elemkunnel Joseph
33. Oravaranthara Santhosh

**New Appointments**

1. Rev.Fr. Paul Vallattu OFM Cap. - Asst. Vicar Kottiyoor (w.e.f 16/12/2018)
2. Rev.Fr.Antony Thundathil OFM Cap- Asst. Vicar Chungakkunnu (w.e.f 16/12/2018)

**Phone Number**

1. Rev.Fr. Chacko Pullenkunnel - +919605239598

**മോൺ. അബ്രാഹം നെല്ലിക്കൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

| പ്രളയ ദുരിതാശ്വാസ സഹായനിധി | | |
|---|---|---|
| **No** | **Name** | **Amount** |
| 1 | Archdiocese of Tellicherry | 1000000 |
| 2 | Kammana | 18200 |
| 3 | Velloonny | 28160 |
| 4 | MSMI Provincial House, Bathery | 50000 |
| 5 | SD Provincial House, Aluva | 200000 |

**ഫാ. ജോൺ കോക്കണ്ടത്തിൽ**
പ്രൊക്യുറേറ്റർ, മാനന്തവാടി രൂപത

## നീലഗിരി റീജിയൺ

നീലഗിരി റീജിയണിലെ മണ്ണുവയൽ പള്ളിയിൽ ഡിസംബർ 11-ന് ചേർന്ന മാസധ്യാനത്തിൽ 16 വൈദികർ പങ്കെടുത്തു. ഇടവക വികാരി റവ.ഫാ.സജി പുതുകുളങ്ങര എല്ലാവരെയും സ്വാഗതം ചെയ്യുകയും റവ. ഫാ. ജോസ് കുളങ്ങര ധ്യാനചിന്തകൾ പങ്കുവയ്ക്കുകയും ചെയ്തു. തുടർന്ന് ചേർന്ന മീറ്റിംഗിന് റവ. ഫാ. തോമസ് മണക്കുന്നേൽ നേതൃത്വം നൽകുകയും, റവ. ഫാ. ജോർജ്ജ് ഏഴാനിക്കാട്ട് നന്ദി പറയുകയും ചെയ്തു. ജനുവരി 05 ന് നടത്തപ്പെടുന്ന തിരുബാലസഖ്യ മത്സരം, മേഖലാ വീഡിയോ കരോൾ ഗാനമത്സരം, യുവജനവർഷസമാപനവും -എസ്.എം.വൈ.എം. ജൂബിലിവർഷ ആരംഭവും, സോപ്പുപൊടി നിർമ്മാണം, മാതൃവേദി രൂപതാവാർഷികം, +2 പ്രതിഭാസംഗമം, +1 രൂപതാസംഗമം, സോണൽ സർവ്വീസ് ടീം മീറ്റിംഗ് എന്നിവയെക്കുറിച്ച് ഡയറക്ടറച്ചൻമാർ സംസാരിച്ചു. മേഖലാ മാതൃവേദി പ്രവർത്തന ങ്ങളിൽ മികച്ച ശാഖയായി തിരഞ്ഞെടുക്കപ്പെട്ട കയ്യൂന്നി ഇടവകയെ അഭിനന്ദിച്ചു. അടുത്ത മാസധ്യാനത്തിന് കുന്നലാടി CMI ആശ്രമത്തിൽ ജനുവരി 08 ന് കൂടാൻ തീരുമാനിച്ചു.

**ഫാ. മാത്യു വട്ടുകുളത്തിൽ** - സെക്രട്ടറി

## ചുങ്കക്കുന്ന് ഫൊറോന

ചുങ്കക്കുന്ന് ഫൊറോനയിലെ വൈദികരുടെ മാസധ്യാനം ഡിസംബർ 11 ന് അടക്കാത്തോട് ഇടവകയിൽ വച്ച് നടന്നു. വികാരി ജോണി കുന്നത്ത് അച്ചൻ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. ഫാ.പോൾ OFM ധ്യാനചിന്തകൾ പങ്കുവച്ചു. ഫാ. ടോണി ഏലംകുന്നേൽ ആരാധനയ്ക്ക് നേതൃത്വം നൽകി. തുടർന്ന് ഫൊറോന വികാരി ബഹു. വിൻസെന്റ് കളപ്പുരയിൽ അച്ചന്റെ അദ്ധ്യക്ഷതയിൽ ചേർന്ന മീറ്റിം ഗിൽ മേഖലയിലെ സംഘടനാ പ്രവർത്തനങ്ങൾ വിലയിരുത്തി. തിരു ബാലസംഖ്യം കലാസാഹിത്യ മേഖലാ മത്സരം ജനുവരി 6 നും, കെ. സി.വൈ.എം. ചുങ്കക്കുന്ന് മേഖലയുടെ നേതൃത്വത്തിലുള്ള ക്രിസ്തുമസ് സന്ദേശയാത്ര 22 നും, കരോൾ ഗാനമത്സരവും, പുൽക്കൂട് നിർമ്മാണ മത്സരവും 23 നും ചുങ്കക്കുന്ന് വച്ച് നടത്തുവാൻ തീരുമാന മെടുത്തു. ബിജു ഉറുമ്പിലച്ചൻ എല്ലാവർക്കും നന്ദി പറഞ്ഞുകൊണ്ട് അടുത്ത മാസധ്യാനത്തിന് അമ്പായത്തോട് ഇടവകയിലേക്ക് ക്ഷണി ക്കുകയും ചെയ്തു.

**ഫാ. സന്തോഷ് ഒറവാറന്തറ** - സെക്രട്ടറി

**യുവജനവർഷ അവാർഡ്**

മാനന്തവാടി രൂപതയിലെ യുവജനങ്ങളുടെ പ്രവർത്തനങ്ങളും കരുത്തും ആത്മീയതയും ചേർത്ത് ഒരുക്കിയ യുവജനവർഷ പ്രവർത്തനങ്ങളുടെ സമാപനദിനമായ 2018 ഡിസംബർ 8 മാനന്തവാടി രൂപതയിലെ ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി വിവിധ മേഖലകളിൽ പ്രാവിണ്യം നേടിയ യുവജനങ്ങളെ ആദരിച്ചു. സഭക്കും സമൂഹത്തിനും കരുത്തും സംരക്ഷണവുമൊരുക്കി വിവിധ മേഖലകളിൽ കഴിവു തെളിയിച്ച് അഭിമാനമായിമാറിയ അവാർഡ് ജേതാക്കളെ അഭിനന്ദിച്ചു. അവാർഡ് ജേതാക്കളുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

**1. മെൽജോ തോമസ്**

മാധ്യമ ലോകത്തെ ക്രിയേറ്റീവ് കൺസ്ട്രക്ടീവ് ജേർണലിസ്റ്റിക് രീതിക്കാണ് മെൽജോക്ക് അവാർഡ് നല്കിയത്. ദേശീയ അന്തർ ദേശീയ മാധ്യമ സെമിനാറുകൾ സംഘാടകൻ, ക്രൈസ്റ്റ് യൂണിവേഴ്സിറ്റി അദ്ധ്യാപകൻ, മാധ്യമലോകത്ത് നിരവധി പ്രബന്ധ രചയിതാവ് തുടങ്ങി സമസ്തമേഖലകളിലും അദ്ദേഹം നിറഞ്ഞു നിൽക്കുന്നു. ഡോ. മെൽജോ തോമസ് പടമല ഇടവകാംഗമാണ്.

**2. ഡോൺ ജോസ് മാത്യു**

ചെറിയ പ്രായത്തിലെ തന്നെ ആൻഡ്രോയിഡ് മൊബൈൽ ആപ്ലിക്കേഷനുകൾ സ്വന്തമായി രൂപപ്പെടുത്തി സഭയ്ക്കും സമൂഹത്തിനും ശാസ്ത്ര സാങ്കേതിക വിദ്യകളുടെ അതിനൂതനമായ അവസരങ്ങൾ തുറന്നു നല്കിയ യുവാവ്. കബനിഗിരി ഇടവകാംഗം. Above 2018 Youth Convention ആപ്ലിക്കേഷൻ, നിറകൂട്ട് ജില്ലാ സ്കൂൾ കലോൽസവ ആപ്ലിക്കേഷൻ, കുരിശിന്റെ വഴി, വിവിധ വണക്കമാസ ആപ്ലിക്കേഷനുകൾ തുടങ്ങിയ നിരവധി ആപ്ലിക്കേഷനുകളാണ് പതിനെട്ട് വയസിനുള്ളിൽ നിർമ്മിച്ച് ഈ യുവാവ് ശ്രദ്ധേയനായത്.

**3. ശരണ്യ മാത്യു**

21 വയസ്സിൽ തന്നെ കളരിയുടേയും വാൾപയറ്റിന്റെയും അലയൊലികളായി ദേശീയ സംസ്ഥാന തലങ്ങളിൽ തിളങ്ങി അഭിമാന മായി മാറിയ ശരണ്യ മാത്യു. സംസ്ഥാന കളരിപയറ്റ് ചാമ്പ്യൻ. 2018–ൽ ദേശീയ കളരി പയറ്റ് മത്സരത്തിൽ വെള്ളി മെഡലും 2017 ൽ സ്വർണ്ണ മെഡലും കരസ്ഥമാക്കി. സംസ്ഥാന കളരിപയറ്റ് മത്സരത്തിൽ 3 സ്വർണ്ണ മെഡലുകളും കരസ്ഥമാക്കി. കൂടാതെ മഹാത്മാഗാന്ധി സർവ്വകലാ ശാലയിലെ ഏറ്റവും മികച്ച കളരിപയറ്റ് അവാർഡും ശരണ്യയെ തേടിയെത്തി. ഏവരുടേയും അഭിമാനമായ ശരണ്യ തരിയോട് ഇടവകാംഗമാണ്.

**4. ജോബിൻ ചാക്കോ**

തൊഴിലില്ലായ്മയുടെ ഈ കാലഘട്ടത്തിൽ കോഴിക്കോട് സ്വന്തമായി ഒരു സ്റ്റാർട്ട് അപ്പ് കമ്പനി 'മിക്കാനേ' എന്ന പേരിൽ ആരംഭി ക്കുകയും നിരവധി പേർക്ക് ജോലി നൽകുകയും ചെയ്യുന്ന ജോബിൻ ചാക്കോ മാനന്തവാടി രൂപതയിലെ ചുള്ളിയാന ഇടവകാംഗം ആണ്.

**5. ഷൈൻ സെബാസ്റ്റ്യൻ**

ശാരീരിക പരിമിതികൾ അവഗണിച്ച് ദൈവം കനിഞ്ഞു നല്കിയ ചിത്രരചനാപാടവം ഉപയോഗിച്ച് ജീവൻ തുടിക്കുന്ന ചിത്രങ്ങൾ വരച്ച് പ്രശസ്തനാകുകയാണ് ഷൈൻ സെബാസ്റ്റ്യൻ - മാധ്യമങ്ങളിൽ നിരവധി അവസരങ്ങളിൽ ഏവർക്കും പ്രചോദനാത്മകമായ ഈ കഴിവുകൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഷൈൻ സെബാസ്റ്റ്യൻ ചെന്നലോട് ഇടവകാംഗമാണ്.

**6. ജീന സ്കറിയ**

ഇന്ത്യൻ വുമൺ ബാസ്കറ്റ് ബോൾ ടീം ക്യാപ്റ്റൻ എന്ന നിലയിൽ നിരവധി മത്സരങ്ങളിൽ പങ്കെടുത്ത് കായിക രംഗത്ത് ഇന്ത്യയുടെ പ്രശസ്തി വാനോളം ഉയർത്തി വിജയങ്ങൾ കരസ്ഥമാക്കിയ ജീന പന്തിപ്പോയിൽ ഇടവകാംഗമാണ്.

**7. ബിജോയി മാത്യു**

പ്രകൃതിദത്ത വസ്തുക്കൾ ഉപയോഗപ്പെടുത്തി കരകൗശല വസ്തുക്കൾ നിർമ്മിക്കുകയും വിൽക്കുകയും ചെയ്യുന്ന കരുത്തുറ്റ കലാകാരൻ. തന്റെ കലാവാസനകൾ ഉപയോഗിച്ച് നാടിനും രൂപതക്കും അഭിമാനമായി മാറിയ ബിജോയി മാത്യു പടമല ഇടവകാംഗമാണ്.

**8. സോജൻ ജോൺസൺ**

കനത്ത മഴയിലും വെള്ളപ്പൊക്കത്തിലും കേരളക്കരയാകെ ദുരിതത്തിലാണ്ട ദിനങ്ങളിൽ സാമൂഹ്യ സമ്പർക്ക മാധ്യമങ്ങൾ ഉപയോഗപ്പെടുത്തി മാനന്തവാടി രൂപതയിലെ വിവിധ ഇടങ്ങളിൽ മെഡിക്കൽ സേവനങ്ങൾ എത്തിച്ചു. ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഒന്നര മാസത്തോളം കൈമറന്ന് പ്രവർത്തിച്ച യുവാവ്. ഏകദേശം രണ്ട് ലക്ഷത്തോളം രൂപയുടെ മരുന്നുകളാണ് സോജന്റെ ഇടപെടൽമൂലം ക്യാമ്പുകളിലേക്ക് എത്തിയത്.

**9. അലോഷ്യസ് കെ.ജോഷി**

ഇംഗ്ലണ്ടിൽവെച്ച് നടന്ന കോമൺവെൽത്ത് ഇന്റർ നാഷനൽ ഫെൻസിങ്ങ് ചാമ്പ്യൻഷിപ്പിൽ ഗോൾഡ് മെഡൽ കരസ്ഥമാക്കിയ അലോഷ്യസ് കെ.ജോഷി മാനന്തവാടി രൂപതക്ക് അഭിമാനമാണ്. അലോഷ്യസ് പറളിക്കുന്ന് ഇടവകാംഗമാണ്.

**10. അലീന ജോസ്**

കോയമ്പത്തൂരിൽ വെച്ച് നടന്ന 32-ാം മത് നാഷണൽ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ ട്രിപ്പിൾ ജംമ്പിൽ സ്വർണ്ണമെഡൽ കരസ്ഥമാക്കിയ കായിക പ്രതിഭ അലീന ജോസ് മീനങ്ങാടി ഇടവകാംഗമാണ്.

**ജാഗരണ പ്രാർത്ഥന**

യുവജനവർഷ സമാപനത്തിന്‌വേണ്ടി യൂത്ത് മിനിസ്ട്രി ചാപ്പലിൽ ഡിസംബർ 7-ാം തീയതി വൈകുന്നേരം യുവജനങ്ങളുടെ നേതൃത്വത്തിൽ ജാഗരണ പ്രാർത്ഥന നടന്നു. തരിയോട് ഇടവകാംഗം ജെസ്ഫിൻ ജാഗരണ പ്രാർത്ഥനക്ക് നേതൃത്വം നല്കി.

**യുവജനവർഷ സമാപനം**

പരിശുദ്ധ അമ്മയുടെ അമലോത്ഭവ ദിനമായ ഡിസംബർ 8 ശനിയാഴ്ച വി.കുമ്പസാരത്തോടെ യുവജനവർഷ സമാപനത്തിന്റെ ചടങ്ങുകൾ ആരംഭിച്ചു. അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം യുവജനങ്ങൾക്കുവേണ്ടി ദിവ്യബലി അർപ്പിച്ച് പ്രാർത്ഥിച്ചു. തുടർന്ന് നടന്ന യുവജനവർഷത്തിന്റെ ഉദ്ഘാടനം മാനന്തവാടി രൂപതയുടെ അധ്യക്ഷൻ മാർ ജോസ് പൊരുന്നേടം പിതാവ് നിർവ്വഹിച്ചു. വികാരി ജനറാൾ മോൺ. അബ്രാഹം നെല്ലിക്കൽ അനുഗ്രഹപ്രഭാഷണം നടത്തി. യൂത്ത്മിനിസ്ട്രി ഫുൾടൈമർ ടെർമിൻ മാനുവേൽ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. മാനന്തവാടി രൂപത കെ.സി.വൈ.എം പ്രസിഡന്റ് ശ്രീ. ജിഷിൻ മുണ്ടക്കാതടത്തിൽ

യോഗത്തിന് അധ്യക്ഷത വഹിച്ചു. യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ.ലാൽ ജേക്കബ് പൈനുങ്കൽ-യുവജന വർഷത്തിലും കൺവെൻഷനിലും സഹായിച്ചവരെ കൃതജ്ഞതയോടെ ഓർമ്മിച്ച് സംസാരിച്ചു. കെ.സി.വൈ.എം ഡയറക്ടർ ഫാ.റോബിൻ പടിഞ്ഞാറയിൽ യുവജനവർഷ അവാർഡ് ജേതാക്കളെ പരിചയ പ്പെടുത്തി സംസാരിച്ചു. യുവജനവർഷ ജേതാക്കളായ ജോബിൻ ചാക്കോ, ഡോൺ ജോസ്, ശരണ്യ മാത്യു, മെൽജോ തോമസ്, ഷൈൻ സെബാസ്റ്റ്യൻ, ജീന സ്കറിയ, ബിജോയി മാത്യു, സോജൻ ജോൺസൺ, അലോഷ്യസ് കെ.ജോഷി, അലീന ജോസ്, എന്നിവർക്ക് യൂത്ത്ഇയർ അവാർഡും സർട്ടിഫിക്കറ്റും യുവജനവർഷത്തിൽ പ്രത്യേക പ്രശംസക്ക് അർഹരായവർക്ക് സർട്ടിഫിക്കറ്റുകളും അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് വിതരണം ചെയ്തു. മാനന്തവാടി രൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. സെബാസ്റ്റ്യൻ പാലം പറമ്പിൽ, സെന്റ് പാട്രിക്സ് സ്കൂൾ പ്രിൻസിപ്പാൾ ബ്രദർ എ.ജെ.ജോർജ്ജ് എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. യുവജനവർഷ കൺവെൻഷൻ Above 2018 ന് വേദി ഒരുക്കിയ സെന്റ് പാട്രിക്സ് സ്കൂളിനും പ്രിൻസിപ്പാളിനും അഭിവന്ദ്യ പിതാവ് പ്രശംസാ ഫലകം നല്കി ആദരിച്ചു. തലഞ്ഞി ഇടവകയുടെ മരിയൻ ജപമാല മിനിസ്ട്രിയുടെ നേതൃത്വത്തിൽ മൂവായിരം ജപമാല യുവജന കൺവെൻഷനുവേണ്ടി തയ്യാറാക്കാൻ അധ്വാനിച്ച വികാരി ബഹു.സജി പുഞ്ചയിലച്ചനും കോഡിനേറ്റർ അലക്സ് കക്കാട്ടിനും അമ്മമാർ ക്കുമുള്ള അനുമോദനമായി പ്രശംസാഫലകം അഭിവന്ദ്യ പിതാവ് ശ്രീ. അലക്സിന് സമ്മാനിച്ചു. യുവജനകൺവെൻഷന്റെ ശബ്ദം, പന്തൽ, ഓഡിയോ വീഡിയോ, സി.സി.ടി.വി എന്നിവ ക്രമീകരിച്ച എം.ജി.എഫ്. ഇവന്റ് മാനേജ്മെന്റ് ഗ്രൂപ്പിനും ഭക്ഷണം നല്കാൻ സഹായിച്ച മെട്രോ കാറ്ററിംഗ് സർവ്വീസിനും പ്രത്യേക പുരസ്ക്കാരങ്ങൾ പെരിയ ബഹുമാനപ്പെട്ട ജനറാളച്ചൻ അബ്രാഹം നെല്ലിക്കൽ നല്കി. യൂത്ത് മിനിസ്ട്രി ടീം മെമ്പർ കുമാരി നീനു എല്ലാവർക്കും നന്ദി അർപ്പിച്ച് സംസാരിച്ചു. ശ്രീ. ആന്റണി മങ്കടപ്ര സ്റ്റേജ് പ്രോഗ്രാമിന് നേതൃത്വം നല്കി.

ഉച്ചഭക്ഷണത്തിന് ശേഷം 2.30 മുതൽ ബ്രദർ ജോർജ്ജ് ജോസഫ് എറണാകുളം (വി.കൂദാശകളിലടിസ്ഥാനപ്പെട്ട ആത്മീയ ജീവിതം), അഞ്ച് മണി മുതൽ ആറ് മണിവരെ സി.ആനിപോൾ SH

(പരിശുദ്ധ അമ്മയോടുള്ള ഭക്തി), 6.30 മുതൽ 8.30 വരെ ബ്രദർ തോമസ് പോൾ (വ്യക്തിപരമായ പ്രാർത്ഥന സൗഖ്യശുശ്രൂഷ), 9.30 മുതൽ 12.30 വരെ ബ്രദർ ജിബി ജോസഫ് (ലോക സുവിശേഷവത്ക്കരണം) 1 മണിക്ക് വി.കുർബാന-ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, ഗാനശ്രുശ്രൂഷ ശ്രീ. അനിൽ കൂർഗ് എന്നിവർ നയിച്ചു. യുവജനവർഷ സമാപനത്തിന് വേദി നല്കിയ ബഹുമാനപ്പെട്ട സിയോൻ ഡയറക്ടർ സോണി വാഴകാട്ടച്ചനും സിയോൻ ടീം അംഗങ്ങൾക്കും ഹൃദയം നിറഞ്ഞ നന്ദി. ഭക്ഷണം നല്കി സഹായിച്ച മെട്രോ കാറ്ററിംഗ് സർവ്വീസ് ജോസ് ആക്കപ്പടി ടീം, സ്റ്റേജ് അലങ്കാരം ചെയ്ത ജിൻസൻ കണിയാരം, ബേബി കണിയാരം, Above 2018 യൂത്ത് വാളണ്ടിയേഴ്സ് പാസ്റ്ററൽ സെന്ററിലെ വൈദികർ, വിയാനി ഭവനിലെ വൈദികർ, എല്ലാ വികാരി അച്ചന്മാർക്കും ഹൃദയപൂർവ്വം നന്ദി. യൂത്ത് മിനിസ്ട്രി ടീം അംഗങ്ങളായ ഫാ.ജോബി മുക്കാട്ടുകാവുങ്കൽ ഫാ.റോബിൻ പടിഞ്ഞാറയിൽ സി.ലിൻസി SCV, സി.നോയേൽ മരിയ SABS, അൽജോസ്, ടെർമ്മിൻ മാനുവേൽ, നീനു, ലിൻഷ, ആന്റണി മങ്കടപ്ര തുടങ്ങിയവർ യുവജനവർഷ സമാപന പരിപാടിക്ക് നേതൃത്വം നല്കി.

**നന്ദി**

'ജനങ്ങളുടെ ഇടയിലേക്ക് നോക്കി വിസ്മയ ഭരിതരാകുവിൻ. പറഞ്ഞാൽ വിശ്വസിക്കാനാവാത്ത ഒരു പ്രവർത്തി ഞാൻ നിങ്ങളുടെ ഇടയിൽ ചെയ്യാൻ പോകുന്നു'. (ഹബക്കുക്ക് 1.5) മനുഷ്യന് അസാധ്യമാണെന്ന് വിചാരിച്ച കാര്യങ്ങൾ തന്റെ കരുണയാൽ സാധ്യമാക്കിയ തമ്പുരാന്.

**യുവജനങ്ങൾക്ക്**

2500 ലധികം യുവജനങ്ങൾ നാല്ദിനങ്ങൾ ഒരുമിച്ച് താമസിക്കുകയും, പ്രാർത്ഥിക്കുകയും, ഭക്ഷിക്കുകയും, കുമ്പസാരിച്ച് വി.കുർബാനയിൽ പങ്കുകൊണ്ട് ആടിയും പാടിയും ദൈവത്തെ അനുഭവിക്കുവാൻ എല്ലാം ഉപേക്ഷിച്ച യുവജനങ്ങൾക്ക്, അവരുടെ മാതാപിതാക്കൾക്ക്, നന്ദി......

**വോളണ്ടിയേഴ്സ്**

കാറ്റിലും മഴയത്തും പ്രാർത്ഥിച്ചും കഷ്ടപ്പെട്ടും ത്യാഗത്തോടെ ലോകത്തെ നഷ്ടപ്പെടുത്തി ദൈവത്തെ നേടിയ യുവവോളണ്ടിയേഴ്സ് ഒരു അതിശയം തന്നെ. നന്ദി....

**അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവിന്**

യുവജനവർഷം പ്രഖ്യാപിച്ചതിനും യുവജന കൺവെൻഷന് നേതൃത്വം നല്കിയതിനും, പ്രതികൂല സാഹചര്യങ്ങളിലും വിമർശനങ്ങളിലും യുവജനങ്ങളുടെ നന്മക്കുവേണ്ടി നിലകൊണ്ടതിനും യുവജനങ്ങളെ സ്നേഹത്തോടെ ചേർത്ത് നിർത്തിയതിനും അവരോടോപ്പം ആയിരുന്നതിനും പ്രാർത്ഥിച്ചതിനും ഹൃദയപൂർവ്വം സ്നേഹിച്ചതിനും അങ്ങേക്ക് ഒത്തിരി നന്ദി.

**പെരിയ ബഹു. മോൺ. അബ്രഹാം നെല്ലിക്കലച്ചന്**

യുവജനവർഷകമ്മറ്റിയുടെ ചെയർമാൻ എന്ന നിലയിൽ എല്ലാവിധ നിർദ്ദേശങ്ങളും പ്രോത്സാഹനവും തന്ന് യുവജനങ്ങളുടെ ശബ്ദമായി മാറിയ ജനറാളച്ചൻ എപ്പോഴും ആരേയും സ്വാഗതം ചെയ്യുന്ന ഹൃദയവും മനസ്സുമായി യുവജനവർഷ കർമ്മപരിപാടികളുടെ സൗന്ദര്യം വർദ്ധിപ്പിച്ചു. അച്ചന് ഹൃദയപൂർവ്വം നന്ദി.

യുവജന കൺവെൻഷന് നേതൃത്വം നല്കിയ ക്രൈസ്റ്റ് കൾച്ചർ ടീം- ബ്രദർ റെജി കൊട്ടാരം, ശശി മാർട്ടിൻ, ബ്രദർ ഷാജി, ബ്രദർ ടിങ്കു, ബ്രദർ ജിബി ജോസഫ്, ബ്രദർ സന്തോഷ് കരിമത്ര, ബ്രദർ ജോർജ്ജ് ജോസഫ്, ബ്രദർ പീറ്റർ ചേരാനെല്ലൂർ, ബ്രദർ സുനിൽ കൈതാരം ജീ ബാന്റ്, മറ്റ് എല്ലാ ടീം മെമ്പേഴ്സിനേയും ദൈവം ഞങ്ങൾക്ക് തന്ന സമ്മാനമാണ്. കൺവെൻഷൻ ദിവസങ്ങളിൽ അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവും അഭിവന്ദ്യ എഫ്രേം നരികുളം പിതാവും ജനറാളച്ചനും യുവജനങ്ങൾക്ക് വേണ്ടി ദിവ്യബലി അർപ്പിച്ച് പ്രാർത്ഥിച്ചു. ബത്തേരി ബിഷപ്പ് ജോസഫ് മാർ തോമസ് യുവജനങ്ങളെ സന്ദർശിച്ച് സന്ദേശം നല്കി. പിതാക്കൻമ്മാരെ നന്ദിപൂർവ്വം ഓർക്കുന്നു.

കൺവെൻഷന് വേദി നല്കിയ സെന്റ് പാട്രിക്സ് സ്കൂൾ പ്രിൻസിപ്പാൾ ബ്രദർ എ.ജെ ജോർജ്ജ്, സുപ്പീരിയർ ബ്രദർ ജോസ്, ബ്രദർ നെൽസൺ, നിങ്ങളുടെ സന്മനസ്സും നന്മയും ഞങ്ങളുടെ മനസ്സിൽ എന്നും നിറഞ്ഞു നില്ക്കുന്നു. കൺവെൻഷന് വേണ്ടി ഗ്രൗണ്ടും, താമസിക്കുന്നതിനായി സ്കൂളും ഒരുക്കിയ ബ്രദർ ജോർജ്ജിന്റെ നേതൃത്വത്തിലുള്ള പാട്രീഷ്യൻസ് ബ്രദേഴ്സിനോടുള്ള കടപ്പാടും കൃതജ്ഞതയും വാക്കുകൾക്ക് അതീതമാണ്. സ്കൂൾ സ്റ്റാഫ് റോണിക്കും ടീമിനും പ്രത്യേകമായ നന്ദി. വിൻസെൻഷ്യൻ സന്യസ്ത സമൂഹം കൺവെൻഷൻ ടീംമിനും സിസ്റ്റേഴ്സിനും താമസസൗകര്യം

ഒരുക്കിയും ഭക്ഷണം നല്കിയും ആതുരശുശ്രൂഷ സേവനങ്ങൾ നല്കിയും നിരന്തരം പ്രാർത്ഥിച്ചും കൂടെ ഉണ്ടായിരുന്നു. സ്നേഹത്തോടെ എല്ലാവരേയും ഓർക്കുന്നു.

എപ്പോഴും കൂടെ നിന്ന സിഞ്ചെല്ലൂസ് ജോസ് മേച്ചേരി അച്ചനേയും നന്ദിപൂർവ്വം ഓർക്കുന്നു. സാമ്പത്തീക ഭദ്രത ഒരുക്കുന്നതിലും സാമ്പത്തീകമായി സഹായിക്കുന്നതിനും നേതൃത്വം എടുത്ത് യുവജനവർഷവും കൺവെൻഷനും വിജയിപ്പിച്ച മാനന്തവാടി രൂപതാ പ്രൊക്യുറേറ്റർ ജിൽസൺ കോക്കണ്ടത്തിലച്ചൻ, ധാർമ്മീക പിന്തുണയും എല്ലാവിധ സഹകരണവും തന്ന് കൂടെ നിന്ന് അനുഗ്രഹിച്ച ചാൻസിലർ സജി നെടുങ്കല്ലേൽ അച്ചനും പ്രകാശ് വെട്ടിക്കലച്ചനും നന്ദി.

കെ.സി.വൈ.എം. പ്രസ്ഥാനത്തിന്റെ പ്രസിഡന്റ് ശ്രീ. ജിഷിൻ മുണ്ടാക്കാതടത്തിൽ ഒരു കുടക്കീഴിൽ യുവജനങ്ങളെ ഒരുമിപ്പിച്ച് നിർത്തി യുവജന വർഷത്തിൽ അത്യദ്ധ്വാനം ചെയ്തു. ജീസസ്സ് യൂത്ത് ഡയറക്ടർ ഫാ.ജെയ്മോൻ കളമ്പുകാട്ട്, കോർഡിനേറ്റർ ബൈജു കൊച്ചുകുടിയിൽ, കെ.സി.വൈ.എം. രൂപതാ ഡയറക്ടർ ഫാ.റോബിൻ പടിഞ്ഞാറയിൽ, കെ.സി.വൈ.എം. ദ്വാരക മേഖലാ ഡയറക്ടർ ഫാ.ബിജോ കറുകപ്പള്ളി, കെ.സി.വൈ.എം. കല്ലോടി മേഖലാ ഡയറക്ടർ ഫാ.ജെയ്സ് പൂതക്കുഴി നിങ്ങളുടെ എല്ലാം മറന്നുള്ള സേവനത്തെ ഏറെ നന്ദിയോടെ ഓർക്കുന്നു ഒപ്പം ജോസ് പള്ളത്ത് സാർ, കെ.സി.വൈ.എം. ആനിമേറ്റർ സി.സ്മിത, സെക്രട്ടറിയേറ്റ് സിൻഡിക്കേറ്റ് അംഗങ്ങൾ കെ.സി.വൈ.എം പ്രവർത്തകർ എന്നിവരെ നന്ദിയോടെ ഓർക്കുന്നു.

സാന്നിധ്യം, സഹകരണം പ്രാർത്ഥന, പ്രോത്സാഹനം എന്നിവയിൽ ഒപ്പമായിരുന്ന പാസ്റ്ററൽ സെന്റർ ഡയറക്ടർ ഫാ.പോൾ വാഴപ്പിള്ളി, ഫാ. റോയി വട്ടക്കാട്ട്, ഫാ.തോമസ് കാട്ടുതുരുത്തിയിൽ, ഫാ.ഷിജു ഐക്കരക്കാനായിൽ, ഫാ.മനോജ് കാക്കോനാൽ, ഫാ.അനീഷ് കാട്ടാംകോട്ടിൽ എന്നിവർക്ക് പ്രത്യേകം നന്ദി. കൺവെൻഷന്റെ വിജയത്തിന് വേണ്ടി പ്രാർത്ഥനയിലൂടെയും പ്രവർത്തനത്തിലൂടെയും സ്തുത്യർഹമായ സേവനം കാഴ്ച്ച വെച്ച ബഹുമാനപ്പെട്ട കണിയാരം കത്തീഡ്രൽ വികാരി ഫാ.പോൾ മുണ്ടോളിയച്ചനെയും എല്ലാ ഫൊറോനാ വികാരി അച്ചന്മാരേയും, കെ.സി.വൈ.എം മേഖല ഡയറക്ടർ അച്ചന്മാർ, വികാരിയച്ചന്മാർ, സന്ന്യസ്ത വൈദികർ,

എന്നിവരെ നന്ദിയോടെ സ്മരിക്കുന്നു. കൺവെൻഷന്റെ വിജയത്തിനുവേണ്ടി ദിവസങ്ങളോളം ത്യാഗത്തോടെ പ്രാർത്ഥിച്ച എല്ലാ സന്യാസസമൂഹങ്ങളേയും കൺവെൻഷൻ ദിവസങ്ങളിൽ വോളണ്ടിയേഴ്സ് ആയി സിസ്റ്റേഴ്സിനെ പറഞ്ഞയക്കുകയും ചെയ്ത എല്ലാ മേജർ സുപ്പീരിയേഴ്സിനേയും, ഓരോ കോൺഗ്രിഗേഷനേയും പ്രതിനിധീകരിച്ച് കോൺടാക്റ്റ് വ്യക്തികളായി നിന്ന സിസ്റ്റേഴ്സ് സി.ആൻസി സി.എം.സി, സി.സ്മിത എസ്.എ.ബി.എസ്, സി.ജോസി എഫ്.സി.സി, സി.ലിനറ്റ് എം.എസ്.എം.ഐ., സി.മെറീനാ എസ്.കെ.ടി, സി.ബെറ്റി എസ്.എച്ച്, സി.ലിൻസി എസ്.സി.വി. എന്നിവരെ നന്ദിയോടെ ഓർക്കുന്നു.

രൂപതാ മാതൃവേദി ഡയറക്ടർ ഫാ.ജോഷി മഞ്ഞക്കുന്നേൽ, ആനിമേറ്റർ സി. കൃപ എസ്.എ. ബി.എസ്, പ്രസിഡന്റ് ഗ്രേസി ചിറ്റിനപ്പള്ളി, പയ്യംമ്പള്ളി മേഖലാ പ്രസിഡന്റ് മേരി ചേച്ചിക്കും, എല്ലാ അമ്മമാർക്കും, കുടുംബ കൂട്ടായ്മ ഭാരവാഹികൾ, മതാധ്യാപകർ മാനന്തവാടി കരിസ്മാറ്റിക് സോണൽ ഡയറക്ടർ ഫാ. ബാബു മൂത്തേടത്തിനും ടീമിനും, സിയോൻ ഡയറക്ടർ ഫാ. സോണി വാഴകാട്ടിനും ടീമിനും നന്ദി. പ്രോമോ വീഡിയോ നിർമ്മിച്ച മീഡിയാ കമ്മീഷൻ ഡയറക്ടർ ഫാ.ജെയ്സ് ചെട്ടിയാശ്ശേരി കൾച്ചറൽ പ്രോഗ്രാം കോഡിനേറ്റർ ഫാ.വിനോദ് പാക്കാനിക്കുഴിയിൽ, വടക്കനാട് ഇടവകാസമൂഹം, മുള്ളൻ കൊല്ലി മതാദ്ധ്യാപകർ, ജീസസ്സ് യൂത്ത് ഫുൾടൈമർ അനസു, ആപ്ലിക്കേഷൻ ഡെവലപ്പർ ഡോൺ, ഫെയ്സ്ബുക്ക് പേജ് മാനേജർ ജോബിൻ ഒണ്ടയങ്ങാടി, കെ.സി.വൈ.എം പ്രവർത്തകർ ഇവരെ ഒന്നും മറക്കാൻ കഴിയുകയില്ല.

ഒരുകലാലയം മുഴുവനെയും യുവജനവർഷ പ്രവർത്തനങ്ങളോട് ചേർത്ത് നിർത്തി സ്വന്തം എന്നവണ്ണം ക്ലാസ്സുകൾക്ക് കടന്നുവരുകയും പ്രോമോ വീഡിയോ നിർമ്മിക്കുകയും എല്ലാ ഇടവകകളിലും ഫ്ളക്സ് ബോർഡ് സ്ഥാപിക്കുകയും ചെയ്ത ജേക്കബ് ചിറ്റിലപ്പള്ളി സാറിനും ഗ്രേസി ടീച്ചർക്കും കേരളാ അക്കാദമിക്കും ഹൃദയപൂർവ്വം നന്ദി.

താമസസ്ഥലങ്ങൾ നല്കിയ ന്യൂമാൻസ് കോളേജ് പ്രിൻസിപ്പാൾ ഫാ.മാത്യു മലയിൽ, മേരിമാതാ കോളേജ് മാനേജർ ഫാ.ജോർജ്ജ് മൈലാടൂർ, ആറാട്ടുതറ ഇടവക വികാരി ഫാ.ജസ്റ്റിൻ മൂന്നാനാൽ എമ്മാവൂസ്‌വില്ല ഡയറക്ടർ ബ്രദർ ജിയോ, പാസ്റ്ററൽ സെന്റർ ഡയറക്ടർ ഫാ.പോൾ വാഴപ്പിള്ളി, കണിയാരം സാൻജോ സ്കൂൾ

പ്രൻസിപ്പിൾ സി.അർച്ചനാ പോൾ, ജ്യോതിഭവൻ ഒരുക്കിതന്ന സി.എൽസിലിറ്റ്, വാഹന സൗകര്യം ഒരുക്കിതന്ന ഹോളി ഫേയ്സ് സ്കൂൾ മക്കിയാട്, സെന്റ് ആൻസ് സ്കൂൾ വെള്ളമുണ്ട, കൈയ്യൂന്നി സ്കൂൾ, സാൻജോ ഇംഗ്ലീഷ് മീഡിയം സ്കൂൾ കണിയാരം, സെന്റ് പാട്രിക്സ് സ്കൂൾ തുടങ്ങിയ സ്കൂൾ മാനേജ്മെന്റിനും പ്രിൻസിപ്പലിനും ഹൃദയം നിറഞ്ഞ നന്ദി. വാഹനങ്ങൾ ക്രമീകരിച്ച ബിനോയി മാത്യു കല്ലോടിക്കും ഹൃദയപൂർവ്വം നന്ദി. യുവജനവർഷത്തിൽ ഫൊറോനകളിൽ വെച്ച് നടത്തിയ ഇടവക യുവജന കമ്മറ്റി അംഗങ്ങൾക്ക് ഓറിയന്റേഷൻ പ്രോഗ്രാം നല്കാൻ റിസോഴ്സ് ടീം ആയി സേവനം ചെയ്ത ഫാ.വിനോദ് പാക്കാനിക്കുഴി, ശ്രീമതി ഗ്രേസി ടീച്ചർ ചിറ്റിലപ്പള്ളി, ഷാജി ചന്ദനപറമ്പിൽ സാർ, ജോണി അമ്പാട്ട് സാർ, ആന്റണി മങ്കടപ്ര സാർ എന്നീ വ്യക്തിത്വങ്ങളെ നന്ദിയോടെ സ്മരിക്കുന്നു.

യുവജനവർഷത്തിൽ മൈനർ സെമിനാരിക്കാരുടെ കൺവെൻഷൻ നടത്താൻ സഹായിച്ച വിവിധ സെമിനാരികളിലെ റെക്ടേഴ്സായ ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ, ഫാ. ആൽബർട്ട്, ഫാ. ലിജോ, ബ്രദർ ആന്റണി, ഫാ.മനോജ്, ഫാ. നിതീഷ് എന്നിവരെ സ്നേഹപൂർവ്വം സ്മരിക്കുന്നു.

അവസാനമായി ഒരുമയോടെ പ്രാർത്ഥിച്ചും പ്രവർത്തിച്ചും യുവജനവർഷത്തിന് ജീവൻ നല്കാൻ സഹായിച്ച യുവജനവർഷ കമ്മറ്റി കൺവീനർ ഫാ.അനീഷ് കാട്ടാംകോട്ടിലിനും യൂത്ത് മിനിസ്ട്രി ടീം ഫാ.ജോബി മുക്കാട്ടുകാവുങ്കൽ സി.ആൻസി സി.എം.സി, സി.നോയേൽ മരിയ എസ്.എ.ബി.എസ്, ലിൻഷ മരിയ, നീനു, ഒരു വർഷകാലം മുഴുവൻ യുവജന പ്രേഷിതത്വത്തിന് സമർപ്പിച്ച അൽജോസ്, ടെർമ്മിൻ മാനുവേൽ യൂത്ത് മിനിസിട്രി ഓഫീസ് സെക്രട്ടറി സി.ലിൻസി എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി.....

**ഫാ. ലാൽ ജേക്കബ് പൈനുങ്കൽ**
യുവജനവർഷ ജനറൽ കൺവീനർ

### HM, PP കോൺഫ്രൻസ്

2018-2019 അധ്യയന വർഷത്തിലെ രണ്ടാമത്തെ HM, PP സമ്മേളനം 2018 ഡിസംബർ 8-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. രാവിലെ 10 മണിക്ക് സി. ലിനറ്റ് എം.എസ്.എം.ഐ യുടെ പ്രാർത്ഥനാ ഗാനത്തോടെ യോഗം ആരംഭിച്ചു. റവ. ഫാ. തോമസ് കാട്ടുതുരുത്തിയിൽ സ്വാഗതം ആശംസിച്ചു. അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് അദ്ധ്യക്ഷത വഹിച്ചു സംസാരിച്ചു. വചനം ബോധ്യമാകണമെന്ന ചിന്തയിലൂന്നിയ വിശ്വാസപരിശീലന പ്രവർത്തനങ്ങളിൽ ദിശാബോധമുള്ള നേതൃത്വം അനിവാര്യമാണെന്ന് പിതാവ് ഓർമ്മിപ്പിച്ചു. ശ്രീ. അലക്സ് കുഴികണ്ടത്തിൽ പിതാവിന് നന്ദിയർപ്പിച്ചു. വികാരി ജനറാൾ മോൺ. അബ്രാഹം നെല്ലിക്കൽ ആശംസകളറിയിച്ച് സംസാരിച്ചു. സെക്രട്ടറി ശ്രീ. ബേബി ജോസഫ് സാർ വിഷയാവതരണം നടത്തി. ചർച്ചകൾക്കു ശേഷം ടീമംഗം ശ്രീ. ബെന്നി ആന്റണി സാർ കൃതജ്ഞതയർപ്പിച്ചു. രൂപതാ ഗാനത്തോടെ യോഗം അവസാനിച്ചു.

തുടർന്ന് വ്യത്യസ്ത വിഷയങ്ങളെക്കുറിച്ചുള്ള ചർച്ചകൾ ഉണ്ടായിരുന്നു. രൂപതാ മതബോധന സെക്രട്ടറി ബഹു. ബേബി ജോസഫ് ചക്കാലയ്ക്കൽ സാറിന്റെ കൃതജ്ഞതാ പ്രകാശനത്തോടെ സമ്മേളനം അവസാനിച്ചു. അടുത്ത HM, PP കോൺഫ്രൻസ് 2019 മെയ് 25-ന് ശനിയാഴ്ചയായിരിക്കും.

### മാനന്തവാടി രൂപതാ പ്ലസ്ടു പ്രതിഭകൾ

2018 ഡിസംബർ 9-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് മാനന്തവാടി രൂപതാ പ്ലസ്ടു പ്രതിഭാസംഗമം നടത്തപ്പെട്ടു. രൂപതയിലെ 13 മേഖലകളിൽ നിന്നായി 48 കുട്ടികൾ പങ്കെടുത്തു. ഇവരിൽ നിന്നും രൂപതാ പ്രതിഭകളായി തിരഞ്ഞെടുക്കപ്പെട്ടവർ

1 ജോനാഥൻ തടങ്ങഴി - ചുങ്കക്കുന്ന്
2 ഡെനിക് മാങ്കുഴ - മൂലങ്കാവ്
3 നവനീത് പുളിയാർമറ്റം - ദീപ്തിഗിരി

4 സ്നേഹ പാറേകാട്ടിൽ - കയ്യൂന്നി
5 നിത്യ ഓലിക്കൽ - ചെന്നലോട്
6 ഉഷസ്സ് കാവുമ്പുറത്ത് - കൊമ്മയാട്

പ്രതിഭകൾക്കും അവരെ ഒരുക്കിയവർക്കും അഭിനന്ദനങ്ങൾ. പ്രതിഭാസംഗമത്തിന് നേതൃത്വം നൽകിയ രൂപതാ ടീം അംഗങ്ങളായ ശ്രീ. ജോൺസൺ വടക്കേക്കര, സി. ആൻസി സി.എം.സി, സി. ലിൻസ SKD, സി. റ്റിജി SKD, സി. ദീപ്തി SABS, സംസ്ഥാന പ്രതിഭ സജിൻ താന്നിയിൽ എന്നിവർക്ക് ഹൃദ്യമായ നന്ദി.

**+2 സംഗമം**

മാനന്തവാടി രൂപത വിശ്വാസ പരിശീലനത്തിലേർപ്പെട്ടിരിക്കുന്ന HCC വിശ്വാസോത്സവം 'ലുമിന' എന്ന പേരിൽ സംഗമങ്ങളായാണ് നടത്തുന്നത്. ഈ വർഷത്തെ സംഗമങ്ങളെല്ലാം പൂർത്തിയായിരിക്കുന്നു. +1 വിദ്യാർത്ഥികൾക്ക് രൂപതാതലത്തിലും, +2 വിദ്യാർത്ഥികൾക്ക് ഫൊറോനാ തലത്തിലുമാണ് സംഗമങ്ങൾ നടത്തുന്നത്.

ഫൊറോനാ തലത്തിലെ സംഗമങ്ങൾക്ക് നേതൃത്വം നൽകുന്നത് ശ്രീ. സജി നരിവേലിൽ, ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ, ശ്രീ. ഔസേപ്പ് ഇണ്ടിക്കുഴ, ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ എന്നീ അദ്ധ്യാപകരാണ്. ഇവരെ സഹായിക്കാൻ ശ്രീ.ജോസ് മാതൃു പുഞ്ചയിൽ, ശ്രീ. ജോണി അമ്പാട്ട് എന്നിവരും ഉണ്ടായിരുന്നു. തിരക്കുനിറഞ്ഞ ഔദ്യോഗിക ജീവിത്തിനിടയിലും മറ്റെല്ലാ ഉത്തരവാദിത്വങ്ങളെയുംകാൾ വിശ്വാസപരിശീലന പ്രവർത്തനങ്ങൾക്കായ് സമയം കണ്ടെത്തി കടന്നുവന്ന ലൂമിന ടീമംഗങ്ങൾക്ക് രൂപതാ മത ബോധന കുടുംബം നന്ദി അറിയിക്കുന്നു.

**ലൂമിന 2018-അഭിനന്ദനങ്ങളും നന്ദിയും**

ഡിസംബർ 16-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ട ലൂമിന 2018 (പ്ലസ് വൺ വിദ്യാർത്ഥി സംഗമം) ൽ രൂപതയിലെ 1683 വിദ്യാർത്ഥികൾ പങ്കെടുത്തു. താമരശ്ശേരി രൂപതാ അധ്യക്ഷൻ അഭിവന്ദ്യ റെമിജിയൂസ് പിതാവിന്റെ കാർമ്മികത്വത്തിൽ 9.30 ന് വി. കുർബ്ബാനയാരംഭിച്ചു. വികാരി ജനറാൾ മോൺ. അബ്രാഹം നെല്ലിക്കൽ ആശംസകളറിയിച്ച് സംസാരിക്കുകയും ലൂമിന ടീം അംഗങ്ങളായ ശ്രീ. സജി നരിവേലിൽ, ശ്രീ സെബാസ്റ്റ്യൻ പാലംപറമ്പിൽ, ശ്രീ. ഔസേപ്പ് ഇണ്ടിക്കുഴ, ശ്രീ. ജോണി അമ്പാട്ട് എന്നിവരേയും ഡോ. മാരിയോ ജോസഫ്, മിസിസ് ജിജി മാരിയോ എന്നിവരേയും പൊന്നാട അണിയിച്ച് ആദരിക്കുകയും ചെയ്തു. തുടർന്ന് 11.45 മുതലുള്ള ക്ലാസുകൾക്ക് ഡോ. മാരിയോ ജോസഫും, മിസിസ് ജിജി മാരി

യോയും നേതൃത്വം നൽകി. 2.45 മുതൽ 3.30 വരെയുള്ള ചോദ്യോത്തരവേളയിൽ വിദ്യാർത്ഥികൾ സജീവമായി പങ്കെടുത്തു. ഡോ. മാരിയോ ജോസഫ് ചോദ്യങ്ങൾക്ക് ഉത്തരം നൽകി. രൂപതാ മതബോധന സെക്രട്ടറി ബഹു. ബേബി ജോസഫ് ചക്കാലയ്ക്കൽ കൃതജ്ഞത പ്രകാശിപ്പിച്ചു. പങ്കെടുത്ത മുഴുവൻ വിദ്യാർത്ഥി വിദ്യാർത്ഥിനികളെയും അഭിനന്ദിക്കുന്നു. കുട്ടികളുടെകൂടെ എത്തിയ അദ്ധ്യാപകർക്കും കൺവൻഷൻ ദിവസം സഹായിക്കാനുണ്ടായിരുന്ന മാനന്തവാടി മൈനർ സെമിനാരിയിലെ ബ്രദേഴ്സിനും, പാസ്റ്ററൽ സെന്ററിലെ എല്ലാ വൈദികർക്കും എല്ലാം മുൻകൂട്ടി ക്രമീകരിച്ച രൂപതാ ടീം അംഗങ്ങൾക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

മണിമൂളി, നിലമ്പൂർ ഫൊറോനകളിലെ പ്രതിഭാസംഗമം മണിമൂളി പാസ്റ്ററൽ സെന്ററിൽ വച്ച് ഡിസംബർ 16 ന് നടന്നു. ബഹു. ജോസ് മേച്ചേരിൽ അച്ചൻ വി.കുർബാനയ്ക്ക് കാർമ്മികത്വം വഹിച്ചു. തുടർന്ന് കോഴിക്കോട് മെഡിക്കൽ കോളേജ് മനശാസ്ത്ര വിഭാഗത്തിലെ കൗൺസിലറായി സേവനം ചെയ്യുന്ന ശ്രീ.ബിനു മൂലേപ്പറമ്പിൽ ക്ലാസ്സുകൾ നയിച്ചു. സംഗമത്തിന് നേതൃത്വം നൽകിയ ഫൊറോന ഡയറക്ടർമാർ ബഹുമാനപ്പെട്ട അഗസ്റ്റ്യൻ ചേമ്പാലയിലച്ചനും ബഹുമാനപ്പെട്ട അനിൽ മുഞ്ഞനാട്ടച്ചനും സെക്രട്ടറിമാരായ നിഷാന്ത് ആലുങ്കൽ, ജോഷി കളരിക്കൽ എന്നിവർക്കും സിഞ്ചലൂസ് ബഹുമാനപ്പെട്ട ജോസ് മേച്ചേരിൽ അച്ചനും, ഫൊറോന വികാരി ബഹുമാനപ്പെട്ട കുര്യാക്കോസ് കുന്നത്തച്ചനും, അസി. വികാരി ബഹുമാനപ്പെട്ട റ്റിബിൻ ചക്കുളത്തിലച്ചനും വിദ്യാർത്ഥികളെ പറഞ്ഞയച്ച വികാരിയച്ചൻമാർ അദ്ധ്യാപകർ പങ്കെടുത്ത വിദ്യാർത്ഥി വിദ്യാർത്ഥിനികൾ എന്നിവർക്ക് നന്ദിയും അഭിനന്ദനങ്ങളും.

### HDC കോൺടാക്റ്റ് ക്ലാസ്

HDC ഒന്നാം വർഷക്കാരുടെ മൂന്നാമത്തെ കോൺടാക്റ്റ് ക്ലാസ് ജനുവരി 5-ന് ദ്വാരകയിലും ജനുവരി 12 -ന് ബത്തേരിയിലും ജനുവരി 26 ന് മണിമൂളിയിലും വച്ച് നടത്തപ്പെടുന്നു.

### DDC II ക്ലാസ്

രണ്ടാംവർഷ DDC ക്ലാസ് ഡിസംബർ 30-ന് ഞായറാഴ്ച പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെടുന്നതാണ്.

### പരീക്ഷകൾ

ജനുവരി 27 ഞായറാഴ്ച ഇടവകയിൽ ക്ലാസ്സ് പരീക്ഷ നടത്തേണ്ട ദിവസമാണെന്ന് ഓർമ്മിപ്പിക്കുന്നു. ശ്രദ്ധിക്കുമല്ലോ.

മാർച്ച് 23 ശനിയാഴ്ചയായിരിക്കും XI, XII ക്ലാസുകളിലെ വിദ്യാർത്ഥികൾക്കായുള്ള say പരീക്ഷ. ഫെബ്രുവരി 3-നുള്ള പരീക്ഷയിൽ പങ്കെടുത്തവരെ മാത്രമേ say പരീക്ഷ എഴുതാൻ അനുവദിക്കുകയുള്ളു.

**HCC (XI, XII) യൂണിവേഴ്സിറ്റി പരീക്ഷ ഫെബ്രുവരി 3 ന്**

കാലിക്കറ്റ് യൂണിവേഴ്സിറ്റി ചെയർ ഫോർ ക്രിസ്റ്റ്യൻ സ്റ്റഡീസ് നടത്തുന്ന HCC (Plus One, Plus Two) പരീക്ഷകൾ ഫെബ്രുവരി 3-ന് ഞായറാഴ്ച രാവിലെ 11.00 മണി മുതൽ 1.00 മണിവരെ നടത്തുന്നതാണ്. പരീക്ഷയ്ക്കുവേണ്ട സഹായവും ക്രമീകരണങ്ങളും പരീക്ഷാകേന്ദ്രത്തിലെ ബഹു. വികാരിയച്ചനും, മേഖലാ ഡയറക്ടറും, മേഖലാ ടീം അംഗങ്ങളുമാണ് ഒരുക്കുന്നത്.

**പരീക്ഷാ സെന്ററുകൾ**

| | |
|---|---|
| 1. ബത്തേരി ഫൊറോന | - ബത്തേരി |
| 2. ചുങ്കക്കുന്ന് ഫൊറോന | - ചുങ്കക്കുന്ന് |
| 3. ദ്വാരക ഫൊറോന | - ദ്വാരക |
| 4. കല്ലോടി ഫൊറോന | - കല്ലോടി, മക്കിയാട് |
| 5. കൽപ്പറ്റ ഫൊറോന | - കൽപ്പറ്റ |
| 6. മാനന്തവാടി ഫൊറോന | - മാനന്തവാടി കത്തീഡ്രൽ |
| 7. മണിമൂളി ഫൊറോന | - മണിമൂളി |
| 8. മുള്ളൻകൊല്ലി ഫൊറോന | - മുള്ളൻകൊല്ലി |
| 9. നടവയൽ ഫൊറോന | - നടവയൽ, ചുണ്ടക്കര, ചെറുകാട്ടൂർ |
| 10. നിലമ്പൂർ ഫൊറോന | - നിലമ്പൂർ |
| 11. നീലഗിരി റീജിയൺ | - അരുൾനിലയം, കയ്യൂന്നി, ഊട്ടി |
| 12. പയ്യമ്പള്ളി ഫൊറോന | - പയ്യമ്പള്ളി, മാർട്ടിൻ നഗർ |
| 13. തരിയോട് ഫൊറോന | - തരിയോട് |

**പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച്**

1. പരീക്ഷാ നടത്തിപ്പിന്റെ പൂർണ്ണ ഉത്തരവാദിത്വം മേഖലാ ഡയറക്ടർമാരുടെ നേതൃത്വത്തിൽ മേഖലാ ടീം അംഗങ്ങൾക്കായിരിക്കും. പരീക്ഷാ സെന്ററിലെ ബഹു. വികാരിയച്ചനുമായി ആലോചിച്ച് ആവശ്യമായ ഒരുക്കങ്ങൾ ചെയ്യേണ്ടതാണ്.
2. പരീക്ഷാസമയത്തിന് മുമ്പ് കുട്ടികളുടെ രജിസ്റ്റർ നമ്പർ എഴുതി പരീക്ഷാഹാൾ ക്രമീകരിക്കേണ്ടതാണ്.
3. പരീക്ഷയ്ക്ക് 30 മിനിറ്റ് മുമ്പ് (10.30 ന്) കുട്ടികളെ പരീക്ഷാ ഹാളിൽ പ്രവേശിപ്പിക്കുക. 10.45 ന് ചോദ്യപേപ്പറുകൾ നൽകുക. 15 മിനിറ്റ്

സമയം കൂൾ ഓഫ് ടൈം ആണ്. 11 മണിക്ക് ഉത്തരക്കടലാസുകൾ നൽകുക. 1.00 മണിവരെയാണ് പരീക്ഷ സമയം.

4. പരീക്ഷാസമയം കൃത്യമായി പാലിക്കേണ്ടതാണ്. പരീക്ഷ തുടങ്ങി അരമണിക്കൂർ കഴിഞ്ഞുവരുന്ന പരീക്ഷാർത്ഥികളെ പരീക്ഷ എഴുതുവാൻ അനുവദിക്കേണ്ടതില്ല.
5. പരീക്ഷകഴിഞ്ഞ് മേഖലാ ഡയറക്ടറുടെ സാന്നിധ്യത്തിൽ ഉത്തരക്കടലാസുകൾ എണ്ണി തിട്ടപ്പെടുത്തി, രജിസ്റ്റർ നമ്പറിന്റെ ക്രമപ്രകാരം അടുക്കി പായ്ക്ക് ചെയ്ത് മതബോധന കേന്ദ്രത്തിൽ എത്തിക്കണം.
6. പരീക്ഷാർത്ഥിയുടെ കൈവശം ഹാൾടിക്കറ്റ് ഉണ്ടായിരിക്കണം. ഹാൾടിക്കറ്റ് ഇല്ലാത്തവരെ പരീക്ഷ എഴുതാൻ അനുവദിക്കേണ്ടതില്ല.
7. പരീക്ഷ എഴുതുവാനുള്ള ആൻസർ ബുക്ക്, അഡീഷണൽ ഷീറ്റ് തുടങ്ങിയവ യൂണിവേഴ്സിറ്റി സീലോടുകൂടി നൽകുന്നതാണ്. സീലില്ലാത്ത പേപ്പറുകൾ മൂല്യനിർണ്ണയം ചെയ്യുന്നതല്ല.

## HDC പരീക്ഷ

HDC എഴുത്തു പരീക്ഷ ഫെബ്രുവരി 2-ാം തീയതി ശനിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 1.00 മണിവരെ രൂപതാ മതബോധന കേന്ദ്രത്തിലും മണിമൂളി പാസ്റ്ററൽ സെന്ററിലും വച്ച് നടത്തപ്പെടുന്നു. HDC വാചാപരീക്ഷ ഫെബ്രുവരി 16, 17 തീയതികളിൽ ദ്വാരകയിൽ വച്ച് നടത്തപ്പെടുന്നു. HDC യുടെ പ്രൊജക്ട് ജനുവരി 30-ന് മുമ്പ് മതബോധന ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

**നന്ദിയോടെ**

മതബോധന ഓഫീസിൽകഴിഞ്ഞ 6 മാസക്കാലം സെക്രട്ടറിയായി സേവനം ചെയ്ത സി. എയ്ഞ്ചൽ എഫ്.സി.സി.യ്ക്ക് രൂപത മതബോധന ടീമിന്റെ നന്ദി അറിയിക്കുന്നു. പുതിയ പ്രേഷിതരംഗത്ത് എല്ലാവിധ നന്മകളും ദൈവാനുഗ്രഹവും നേരുന്നു.

**സ്വാഗതം**

പുതിയ ഓഫീസ് സെക്രട്ടറിയായി കടന്നുവന്നിരിക്കുന്ന സി.സൗമ്യ റോസ് എഫ്.സി.സി.യ്ക്ക് രൂപതാ കുടുംബത്തിലേയ്ക്ക് ഹൃദ്യമായ സ്വാഗതം.

**ഫാ. തോമസ് കാട്ടുതുരുത്തിയിൽ**
ഡയറക്ടർ, മതബോധനകേന്ദ്രം

# ചെറുപുഷ്പ മിഷൻലീഗ്

2018 എന്ന വർഷം കടന്നു പോയിരിക്കുന്നു. 2019 ലേയ്ക്ക് അത്യാഹ്ലാദത്തോടെ നാം പ്രവേശിക്കുകയും ചെയ്യുന്നു. കലണ്ടറുകൾ മാറ്റിയും, പുതുവത്സര പ്രതിജ്ഞകളെടുത്തും, ആശംസാ കാർഡുകൾ അയച്ചും പുതുവത്സരത്തിന്റെ ആഘോഷത്തിൽ നാം പങ്കാളികളാകും. പുതുവർഷത്തിലേക്ക് പ്രവേശിക്കുമ്പോൾ മറ്റൊരു കാര്യമാണ് പറയാനുള്ളത്. ആദ്യ ക്രിസ്മസിനുശേഷം 2018 വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. ദൈവം നാമെല്ലാമടങ്ങുന്ന മാനവ സമൂഹത്തെ ഇത്രയധികം സ്നേഹിച്ചതിനെക്കുറിച്ച് പലവട്ടം നാം പരസ്പരം പറഞ്ഞു കഴിഞ്ഞു. എന്നിട്ടും ക്രിസ്തുവിനെ അറിഞ്ഞവർ എഴുന്നൂറു കോടിയ്ക്കടുത്തുള്ള നമ്മുടെ നാട്ടിലെ ജനങ്ങളിൽ വെറും 3 ശതമാനം പേർ മാത്രമാണ്. അപ്പോൾ ക്രിസ്തുവിനെ അറിയാത്തവരെ സംബന്ധിച്ചിടത്തോളം വളരെയധികം വർഷങ്ങൾ മാറ്റമില്ലാതെ കടന്നുപോയി. അപ്പോൾ ക്രിസ്തുവിനെ അറിയുംവിധം ഇടപെടാൻ, മിഷണറിയാവാൻ നമുക്കു സാധിക്കേണ്ടേ? ഈ ചിന്ത എല്ലാ മിഷൻലീഗ് പ്രവർത്തകരിലേക്കും പങ്കുവച്ചുകൊണ്ട് ഹൃദയം നിറഞ്ഞ പ്രാർത്ഥനാശംസകളേകുന്നു.

സ്നേഹപൂർവ്വം,
**ഷിജു അച്ചൻ**

**ജനുവരി മാസത്തിലെ പ്രവർത്തനങ്ങൾ**

**രൂപതാ വാർഷികവും പ്രേഷിതറാലിയും പുൽപ്പള്ളിയിൽ**

CML രൂപതാ വാർഷികവും പ്രേഷിതറാലിയും 2019 ഫെബ്രുവരി 17 ഞായറാഴ്ച മുള്ളൻകൊല്ലി മേഖലയിലെ പുൽപ്പള്ളി ശാഖയിൽ. പ്രേഷിതറാലി പുൽപ്പള്ളി പഴശ്ശിരാജാ കോളേജ് ഗ്രൗണ്ടിൽ നിന്നും ആരംഭിച്ച് ടൗൺ പള്ളിയിൽ അവസാനിക്കുന്ന രീതിയിൽ ആണ് ക്രമീകരിച്ചിരിക്കുന്നത്. (2.30 pm പ്രേഷിതറാലി - 5 pm സമാപനം) വിശദ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**'LIFE NEW YEAR' രക്തദാനദിനം**

പുതുവത്സരത്തിലേയ്ക്ക് നാം പ്രവേശിക്കുമ്പോൾ 2019 ജനുവരി 2 ബുധനാഴ്ച രക്തദാന ക്യാമ്പ് ക്രമീകരിക്കുന്നു. രൂപത - മേഖല എക്സിക്യൂട്ടീവുകൾ സംയുക്തമായി 4 കേന്ദ്രങ്ങളിൽ ആണ് ക്യാമ്പ് നടത്തുന്നത്. മുള്ളൻകൊല്ലി, നീലഗിരി, നടവയൽ, ബത്തേരി മേഖലകൾക്കായി **ബത്തേരിയിലും,** കൽപ്പറ്റ, തരിയോട് മേഖലകൾക്കായി **കൽപ്പറ്റയിലും**, മാനന്തവാടി, കല്ലോടി, ദ്വാരക, പയ്യമ്പള്ളി, കൊട്ടിയൂർ മേഖലകൾക്കായി **മാനന്തവാടിയിലും,** നിലമ്പൂർ, മണിമൂളി മേഖലകൾ സംയുക്തമായും ഈ പുതുവത്സര പ്രവർത്തനങ്ങൾ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ.

**THINK 4 CML**

നമ്മുടെ സംഘടനയുടെ ഭാവികാലത്തെക്കുറിച്ചുള്ള അഭിപ്രായങ്ങളും, ആശയങ്ങളും ശേഖരിക്കുന്നതിന്റെ ഭാഗമായി നമ്മൾ THINK FOUR CML –എന്ന പേരിൽ ഉപന്യാസം, പ്രസംഗം എന്നീ മത്സരങ്ങൾ നടത്തുന്നു. തമിഴ്, ഇംഗ്ലീഷ്, മലയാളം ഭാഷകളിൽ പ്രസംഗ മത്സരം ഉണ്ടായിരിക്കും. ഒരു കുട്ടിക്ക് ഒരു ഭാഷയിൽ പ്രസംഗ മത്സരത്തിൽ പങ്കെടുക്കാം. ഇംഗ്ലീഷ്, മലയാളം പ്രസംഗ മത്സരം 2019 ജനുവരി 26 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കുന്നതാണ്. തമിഴ് പ്രസംഗ മത്സരം അന്നേദിവസം കയ്യൂന്നിയിൽ വെച്ച് നടക്കുന്നതാണ്. ഒരു ശാഖയിൽ നിന്ന് 9 മുതൽ 12 വരെ ക്ലാസുകളിൽ (സ്കൂളിൽ) പഠിക്കുന്ന 2 അംഗങ്ങളെ വീതം ഓരോ ഭാഷയിലും പങ്കെടുപ്പിക്കാം. സമയം 5 മിനിട്ട്. പങ്കെടുക്കുന്നവർ തങ്ങളുടെ പ്രസംഗത്തിന്റെ സ്ക്രിപ്റ്റ് മത്സരവേദിയിൽ സമർപ്പിക്കണം. ഇത് വരുംവർഷങ്ങളിലെ മാർഗ്ഗരേഖ തയ്യാറാക്കുന്ന ചർച്ചകളിൽ നാം ഉപയോഗപ്പെടുത്തും. പങ്കെടുക്കുന്നവരുടെ പേര് വിവരം ജനുവരി 15 ന് മുമ്പ് 04935-241017/9188241017 എന്ന നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യണം. മത്സരങ്ങൾക്ക് ആൺ, പെൺ വ്യത്യാസം ഇല്ല. വിഷയം:- "CML - നാളെ"

**'ചെറുപുഷ്പ മിഷൻലീഗ്-നാളെ'** എന്ന വിഷയത്തിൽ ഉപന്യാസ മത്സരം മേഖലാ തലത്തിൽ സംഘടിപ്പിക്കുന്നു. '8' പേജാണ് ദൈർഘ്യം. മലയാളത്തിലെഴുതിയ രചനകൾ മേഖലാ ഭാരവാഹികൾക്ക് ജനുവരി 31 ന് മുമ്പ് സമർപ്പിക്കണം. 18 വയസ്സിനു മുകളിലുള്ള 2 പേർക്കു വീതം മത്സരത്തിൽ പങ്കെടുക്കാം.

**രൂപതാതല തിരുബാലസഖ്യ മത്സരം - 2019 ഫെബ്രുവരി 9 ശനി**

രൂപതാതല തിരുബാലസഖ്യ മത്സരം ഫെബ്രുവരി 9 ന് ദ്വാരകയിൽ വച്ച് രാവിലെ 9.30 ന് ആരംഭിക്കുന്നു. മത്സര നിബന്ധനകളും

ഇനങ്ങളും മാർഗരേഖ പേജ് 43 കാണുക. മത്സരം പ്രായപരിധി അനുസരിച്ചാണ്. മേഖലയിൽ ഒന്നാം സ്ഥാനം നേടുന്നവർക്ക് മാത്രമേ രൂപതാതല മത്സരത്തിൽ പങ്കെടുക്കുവാൻ സാധിക്കൂ. ആദ്യകുർബാന സ്വീകരണം നടത്താത്തവരാണ് തിരുബാലസഖ്യ അംഗങ്ങൾ.

**പ്രാർത്ഥനാ മലരുകൾ** – 71 കർത്താവിന്റെ മാലാഖ.

**പ്രവർത്തന റിപ്പോർട്ടുകൾ**

**ജൂണിയർ ടീം ട്രെയിനിംഗ്**

ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെട്ട ജൂണിയർ ടീം ട്രെയിനിംഗിൽ വിവിധ ശാഖകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 40–ഓളം അംഗങ്ങൾ പങ്കെടുത്തു. രൂപതാ ഡയറക്ടർ റവ. ഫാ.ഷിജു ഐക്കര ക്കാനായിൽ, രൂപതാ പ്രസിഡണ്ട് ശ്രീ. ഷാജി ചന്ദനപറമ്പിൽ ജനറൽ ഓർഗനൈസർ ശ്രീ.രഞ്ജിത്ത് മുതുപ്ലാക്കൽ, സെക്രട്ടറി ശ്രീ. ബിനീഷ് തുമ്പിയാംകുഴി, എക്സികൂട്ടീവ് അംഗം ശ്രീ. തോമസ് കല്ലറയ്ക്കൽ എന്നിവർ ക്ലാസുകൾ നയിച്ചു. നേതൃത്വം നൽകിയവർക്കും, പങ്കെടു ത്തവർക്കും അഭിനന്ദനങ്ങളും ആശംസകളും

**"ആത്മ 2018"**

മേഖല മാനേജിംഗ് കമ്മിറ്റികൾ:– കല്ലോടി മേഖലയിലെ കല്ലോടി ശാഖയിൽ വെച്ചും, പയ്യമ്പള്ളി മേഖലയിലെ മാർട്ടിൻ നഗർ ശാഖയിൽ വെച്ചും നടത്തപ്പെട്ട മേഖലാ മാനേജിംഗ് കമ്മിറ്റികളിൽ രൂപതാ ഭാരവാഹികൾ പങ്കെടുത്തു.

**"INSIGHT"– 2018 അൾത്താര ബാലികാ ബാലന്മാരുടെ സംഗമം**

തരിയോട് മേഖലയിലെ കാവുംമന്ദം ശാഖയിൽ വെച്ചും, കല്ലോടി മേഖലയിലെ കല്ലോടി ശാഖയിൽ വെച്ചും അൾത്താര ബാലികാ ബാലന്മാരുടെ സംഗമം നടത്തപ്പെട്ടു. രൂപതാ ടീം അംഗങ്ങൾ ശ്രീ. ഷാജി പനച്ചിക്കൽ, സി. ആഷ്ലി സി.എം.സി, സി. കൊച്ചുറാണി എം.എസ്. എം.ഐ, സി. റെയ്നി എം.എസ്.എം. ഐ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

**മഴവില്ല്**

2018–2019 പ്രവർത്തനവർഷത്തെ അർദ്ധവാർഷിക മാനേജിംഗ് കമ്മിറ്റിയും നേതൃസംഗമവും ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്ത പ്പെട്ടു. സഹകരിച്ച എല്ലാ മേഖലാ ഡയറക്ടർ അച്ചന്മാർക്കും, മേഖലാ ജോയിന്റ് ഡയറക്ടർ സിസ്റ്റേഴ്സിനും, എല്ലാ മേഖലാ ഭാരവാഹി കൾക്കും ഹൃദയം നിറഞ്ഞ നന്ദി.

**ജീവകാരുണ്യനിധി :- (സമ്മാനകൂപ്പൺ)**

രൂപതാകേന്ദ്രത്തിൽ നിന്നും മേഖലകളുടെ ജീവകാരുണ്യ പ്രവർത്തനത്തിനായി 5,000 രൂപയുടെ ചെക്ക് വിതരണം ചെയ്തു. ഈ തുക സ്നേഹവീട് , അന്നം - ഭക്ഷണവിതരണം, ഭിന്നശേഷി വിദ്യാർത്ഥി സഹായം എന്നിവയ്ക്കായി ഉചിതംപോലെ ചിലവഴിക്കുമല്ലോ?

**CHRIS-7**

മാനന്തവാടി രൂപത വിശ്വാസപരിശീലന കേന്ദ്രവും, ചെറുപുഷ്പ മിഷൻലീഗും സംയുക്തമായി ബത്തേരി മേഖലയിലെ അസംപ്ഷൻ ശാഖ, നടവയൽ മേഖലയിലെ നടവയൽ ശാഖ, മാനന്തവാടി മേഖലയിലെ കണിയാരം ശാഖ എന്നിവിടങ്ങളിൽ വെച്ച് സൺഡേസ്കൂൾ 7-ാം ക്ലാസ്സ് വിദ്യാർത്ഥികൾക്കായി മേഖലാതല സംഗമം നടത്തി. രൂപതാ ജനറൽ ഓർഗനൈസർ ശ്രീ. രഞ്ജിത്ത് മുതുപ്ലാക്കൽ, എക്സിക്യൂട്ടീവ് അംഗങ്ങളായ ശ്രീ. ജിജിൽ കിഴക്കരക്കാട്ട്, ശ്രീ. സിനീഷ് ആപ്പുഴയിൽ, ശ്രീ. അരുൺ പേഴേക്കാട്ടിൽ, ടീം അംഗമായ ബിജോയ് കേളങ്ങാട്ടിൽ എന്നിവർ ക്ലാസുകൾ നയിച്ചു. ജൂണിയർ ടീം അംഗങ്ങൾ അമൽജിത്ത് കുളത്തുംപാട്ട്, ജോബിൻ തേങ്ങാപാറയിൽ, അഖില ആരംപുളിക്കൽ, നിമിത മൂലനിരപ്പേൽ തുടങ്ങിയവർ നേതൃത്വം നൽകി.

**നവജ്യോതി ഫണ്ട്**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ ഭവന പുനരുദ്ധാരണ പദ്ധതിയായ 'നവജ്യോതി' ഫണ്ടിലേയ്ക്ക് ചുങ്കക്കുന്ന് മേഖല പതിനേഴായിരത്തി അഞ്ഞൂറ് രൂപ (17,500) രൂപതാ ഡയറക്ടർ ഷിജു ഐക്കരക്കാനായിൽ അച്ചന് കൈമാറി. സഹകരിച്ച മേഖലാ ഡയറക്ടർ ബഹു.സുനിൽ മഠത്തിൽ അച്ചനും, ശാഖാ ഡയറക്ടർമാർക്കും, ജോയിന്റ് ഡയറക്ടർമാർക്കും ഭാരവാഹികൾക്കും അഭിനന്ദനങ്ങളും നന്ദിയും.

**മേഖല വാർത്തകൾ**

**കൽപ്പറ്റ മേഖല**

ബഹുമാനപ്പെട്ട ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ നെടുംമ്പാല ശാഖയിൽ വെച്ച് എക്സിക്യൂട്ടീവ് കൂടുകയും തനതുവിധി, അന്ത്യവിധി, ശുദ്ധീകരണസ്ഥലം എന്നിവയെകുറിച്ച് അച്ചൻ വിശദീകരിക്കുകയും ചെയ്തു. സിമിത്തേരി സന്ദർശിച്ച് പ്രാർത്ഥിച്ചു.

**ബത്തേരി മേഖല**

ശാഖാ സന്ദർശനം, ദൈവവിളി നിയോഗാർത്ഥം ആരാധന, അൽത്താര കുട്ടികൾക്കായുള്ള 'INSIGHT' പ്രോഗ്രാം, കൊളാഷ് മത്സരം, പ്രേഷിത സൗഹൃദം എന്നിവ നടത്തി.

**തരിയോട് മേഖല**

ദൈവവിളി സെമിനാർ, വില്ലേജ് സന്ദർശനം, അൾത്താരബാല സംഗമം എന്നിവ നടത്തി.

**ശാഖ വാർത്തകൾ**

*പന്തിപൊയിൽ*:- കാവുംമന്ദം പീസ്‌വില്ല സന്ദർശനവും സിമിത്തേരി സന്ദർശനവും നടത്തി.

*കുഞ്ഞോം*:- കോളയാട് അരങ്ങത്ത് സ്നേഹഭവൻ സന്ദർശിച്ച് ശുശ്രൂഷ ചെയ്തു.

*കോട്ടത്തറ*:- 'സൗഹൃദം' അയൽ ഇടവക ദേവാലയം, മഠം, സിമിത്തേരി എന്നിവ സന്ദർശിച്ച് പ്രാർത്ഥിച്ചു.

*മൺവയൽ*:- സിമിത്തേരി വൃത്തിയാക്കി സന്ദർശനം നടത്തി പ്രാർത്ഥിച്ചു.

*പാറത്തോട്ടം*:- മാധ്യമങ്ങളുടെ ലോകം എന്ന വിഷയത്തിൽ ഗ്രൂപ്പ് അടിസ്ഥാനത്തിൽ സെമിനാർ അവതരണവും കൊളാഷ് നിർമ്മാണവും നടത്തി.

*എടപ്പെട്ടി*:- ക്രിസ്തുരാജ തിരുനാളിനോടനുബന്ധിച്ച് ക്രിസ്തുരാജ മുദ്രാവാക്യ മത്സരം നടത്തി.

*കുന്നൂർ*:- രോഗീസന്ദർശനവും സിമിത്തേരി സന്ദർശനവും നടത്തി.

*പടമല*:- ഏകദിന സെമിനാർ നടത്തി - വിഷയം Yes, We Can.

*മഞ്ഞൂറ*:- രോഗീസഹായം 1,000 രൂപ കൊടുത്തു.

*അമ്പായത്തോട്*:- ക്രിസ്തുരാജ കുടുംബകൂട്ടായ്മയുടെ തിരുനാളാഘോഷത്തിൽ സി.എം.എൽ അംഗങ്ങൾ കലാപരിപാടികൾ അവതരിപ്പിച്ചു.

*വാഴവറ്റ*:- രാജത്വതിരുനാളിനോടനുബന്ധിച്ച് പ്രേഷിതറാലി നടത്തുകയും കുട്ടികൾ കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു.

*ബത്തേരി*:- ക്യാൻസർ രോഗിയായ മേരി ടീച്ചറിനെ സന്ദർശിച്ച് പ്രാർത്ഥിച്ചു. സഹായമായി 5,000 രൂപ നൽകി.

*കുറുമണി*:- വാർഡുതലത്തിൽ ക്രിസ്തുമസ്സ് ആഘോഷം നടത്തി.

*കത്തീഡ്രൽ*:- പ്രളയകെടുതിമൂലം വീട് നഷ്ടമായവർക്ക് പുതിയ ഭവനം നിർമ്മിക്കുന്നതിനായി 51500 രൂപ സഹായമായി നൽകി.

*അപ്പപ്പാറ*:- കരുണാഭവൻ സന്ദർശിച്ച് ഉപയോഗ സാധനങ്ങൾ നൽകി.

*പഴൂർ*:- മുൻ മിഷൻലീഗ് അംഗമായിരുന്ന ഡീക്കൻ വിപിൻ വലിയനിരപ്പേലിന്റെ തിരുപ്പട്ട ശുശ്രൂഷകൾ ഭംഗിയാക്കുവാൻ സഹായിച്ചു.

*കൊട്ടിയൂർ*:- മരിയഭവൻ സന്ദർശിച്ച് ആവശ്യസാധനങ്ങൾ കൊടുത്തു.

*പുൽപ്പള്ളി*:- ഇടവകയിലെ വൃദ്ധമാതാപിതാക്കളെ സന്ദർശിച്ച് പ്രാർത്ഥിച്ചു.

*ചിത്രഗിരി*:- ധ്യാനവിജയത്തിനായി അഖണ്ഡ ജപമാല ചൊല്ലി പ്രാർത്ഥിച്ചു.
*നെടുമ്പാല*:- നോട്ടീസ് ബോർഡിൽ സകല വിശുദ്ധരുടെയും ചിത്രം പ്രദർശിപ്പിച്ചു.
*കാട്ടിക്കുളം*:- പൂർവ്വികരെ അനുസ്മരിക്കുകയും സിമിത്തേരി സന്ദർശിച്ച് പ്രർത്ഥിക്കുകയും ചെയ്തു.
*വെള്ളൂന്നി*:- വൈത്തിരി സെൻട്രൽ ജയിൽ സന്ദർശിച്ച് കലാപരിപാടി കൾ അവതരിപ്പിച്ചു.
*ആടിക്കൊല്ലി*:- കുട്ടികൾക്കായ് 'അൾത്താരയും വിശ്വാസവും' എന്ന പേരിൽ സെമിനാർ നടത്തി.
*പനംചിറ*:- സി.എം.എൽ ന്റെ ആഭിമുഖ്യത്തിൽ വിവിധ കലാമത്സര ങ്ങൾ നടത്തി.
*കയ്യൂന്നി*:- സ്നേഹത്തണൽ ചാരിറ്റബിൾ ട്രസ്റ്റിന് ഭക്ഷണം നൽകി. മാധ്യമങ്ങൾ നവയുഗസൃഷ്ടിക്ക് പ്രസംഗപരമ്പര നടത്തി.
*കുറുമ്പാല*:- സിമിത്തേരി സന്ദർശിച്ച് പ്രാർത്ഥിച്ചു. മതാദ്ധ്യാപകരെ ആദരിച്ചു.
*ഇടിവണ്ണ*:- 11 ഇടവകകളിൽ നിന്നും വന്ന അദ്ധ്യാപകരെ മിഷൻലീഗ് അംഗങ്ങൾ ആശംസാകാർഡ് നിർമ്മിച്ച് നൽകി സ്വാഗതം ചെയ്തു.
*കൊളവയൽ*:- ദൈവവിളി സ്വീകരിച്ചവരുടെ ഭവനം സന്ദർശിച്ചു. സെമി നാർ സംഘടിപ്പിച്ചു.
*കല്ലുവയൽ*:- അൾത്താരബാല സംഘത്തിന്റെ മീറ്റിംഗ് നടത്തുകയും അവരെ ടൂർ കൊണ്ടുപോവുകയും ചെയ്തു.
*പുതുശ്ശേരിക്കടവ്*:- ക്രിസ്തുരാജന്റെ തിരുനാൾ ആഘോഷിച്ചു പ്രേഷിത റാലി നടത്തി.
*ഒറ്റപ്ലാവ്*:- സാഹിത്യമത്സരത്തിൽ രൂപതയിലും, മേഖലയിലും ഒന്നാം സ്ഥാനം ലഭിച്ചു.

മനസ്സിലും ഹൃദയത്തിലും കാരുണ്യത്തിന്റെ ചിന്തകൾ നിറച്ചു കൊണ്ട് നമുക്ക് ചെമ്മഞ്ഞക്കൊടിയുടെ കീഴിൽ അണിനിരക്കാം.

മിഷൻ അഭിവാദ്യങ്ങളോടെ,

**ബിനീഷ് തുമ്പിയാംകുഴി**
സെക്രട്ടറി, സി.എം.എൽ.

## Department of Youth Ministry

**സ്പിരിച്വൽ ആനിമേഷൻ പ്രോഗ്രാം**
**വിനായിക കോളേജ് ബത്തേരി**

ഡിസംബർ പതിനൊന്ന് ചൊവ്വാഴ്ച്ച രാവിലെ 9.30 മുതൽ വൈകുന്നേരം 4 മണിവരെ 250 വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള സ്പിരിച്വൽ ആനിമേഷൻ പ്രോഗ്രാം യൂത്ത് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ ബത്തേരി വിനായിക നേഴ്സിങ്ങ് കോളേജിൽ വെച്ച് നടന്നു. സ്കൂൾ പ്രിൻസിപ്പൽ ലീലാമ്മ ടീച്ചർ സ്വാഗതം ആശംസിച്ചു. തുടർന്ന് ഫാ.ലാൽ ജേക്കബ് പൈനുങ്കലിന്റെ നേതൃത്വത്തിൽ ക്ലാസ്സുകളും കുമ്പസാരവും സ്പിരിച്വൽ ഷെയറിംഗും നടന്നു. ഫാ.വിനോദ് പാക്കാനിക്കുഴിയിൽ, സി.നോയേൽ മരിയ SABS എന്നിവർ വിദ്യാർത്ഥികൾക്ക് ക്ലാസ്സുകൾ നല്കി. കുമ്പസാരത്തിന് സഹായിച്ച ഫാ.ജോബി മുക്കാട്ടുകാവുങ്കൽ, ഫാ.ജോസ് ഇടശ്ശേരി MSFS, ഫാ.റോണി മാന്തോട്ടം TOR, ഫാ.വിമൽ റോഗേഷനിസ്റ്റ് എന്നീ ബഹുമാനപ്പെട്ട വൈദികരേയും സ്പിരിച്വൽ ഷെയറിംഗിന് സഹായിച്ച സിയോൻ ടീം അംഗങ്ങളേയും സി.തെരേസ് CMC യേയും നന്ദിയോടെ ഓർക്കുന്നു. ഫാ.ലാൽ ജേക്കബ് പൈനുങ്കൽ വിദ്യാർത്ഥികൾക്കായി ദിവ്യബലി അർപ്പിച്ച് പ്രാർത്ഥിച്ചു. അനിൽ ഗാനശുശ്രുഷക്ക് നേതൃത്വം നല്കി. വി.കുർബാനക്ക് ശേഷം ടെസ്‌ലിൻ ടീച്ചർ എല്ലാവർക്കും നന്ദി പ്രകാശിപ്പിച്ചു. സ്പിരിച്വൽ ആനിമേഷൻ പ്രോഗ്രാം നടത്താൻ എല്ലാവിധ സംവിധാനങ്ങളും ഒരുക്കി തന്ന പ്രിൻസിപ്പൽ ലീലാമ്മ ടീച്ചറിനേയും സ്റ്റാഫ് അംഗങ്ങളേയും നന്ദിയോടെ ഓർക്കുന്നു.

**തിരുസന്നിധിയിൽ**

യൂത്ത് മിനിസ്ട്രി ടീം പ്രാർത്ഥന ഡിസംബർ 14 വെള്ളിയാഴ്ച്ച വൈകുന്നേരം അപ്പപാറ SABS കോൺവെന്റിൽ വെച്ച് ഫാ.ലാൽ ജേക്കബ് പൈനുങ്കലിന്റെ നേതൃത്വത്തിൽ നടന്നു. പ്രാർത്ഥനയ്ക്ക് എല്ലാവിധ സംവിധാനങ്ങളും ഒരുക്കി തന്ന് ഞങ്ങളോടൊപ്പം പ്രാർത്ഥനയിൽ പങ്കുചേർന്ന സുപ്പീരിയർ സി.ബെറ്റിയേയും സമൂഹാംഗങ്ങളേയും നന്ദിയോടെ ഓർക്കുന്നു.

**സി. ലിൻസി എസ്.സി.വി**
സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

# കെ. സി. വൈ. എം.

**ജൂബിലിവർഷ കമ്മിറ്റി രൂപീകരണം**

കെ.സി.വൈ.എമ്മിന്റെ രജതജൂബിലി വർഷ കമ്മിറ്റി രൂപീകരണം ഡിസംബർ 2 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. സെക്രട്ടറി ജിജോ താന്നിവേലിയുടെ സ്വാഗതത്തോടെ സമ്മേളനം ആരംഭിച്ചു. ഡയറക്ടർ ഫാ. റോബിൻ പടിഞ്ഞാറയിൽ ആമുഖ പ്രഭാഷണം നടത്തി. പ്രസിഡണ്ട് അദ്ധ്യക്ഷത വഹിച്ച് വിഷയാവതരണം നടത്തി. തുടർന്ന് പരസ്പരം പരിചയപ്പെടുത്തലോടെ ചർച്ചകൾ ആരംഭിച്ചു. മുൻ പ്രസിഡണ്ടുമാരായ ജോൺസൺ തൊഴുത്തുങ്കൽ, ഷാജു പി ജെയിംസ്, ജോസ് പള്ളത്ത്, ബിജു മാത്യു അരീക്കാട്ട്, റെജിമോൻ പുന്നോലിൽ, സണ്ണി ജോസ് ചാലിൽ, ഷിബു ചെങ്ങാലിക്കാവിൽ, മാത്യു തറയിൽ, സജിൻ ജോസ് ചാലിൽ, ആന്റണി മങ്കടപ്ര, എന്നിവരും, മേഖലാ ഡയറക്ടേഴ്സായ ഫാ. സിബി ചെറുത്തോട്ടിൽ, ഫാ. അനീഷ് ആലുങ്കൽ, മുൻ ആനിമേറ്റർ സി. ലിൻസി SABS, മേഖലാ ആനിമേറ്റേഴ്സായ സി. റോസ്ന SCV, സി. വിജയ SABS, സി. ആനീസ് SH, സി. റോസ്മിൻ SH, എന്നിവരും ജസ്റ്റിൻ ചെഞ്ചട്ടയിൽ, ഡിറ്റോ മുണ്ടുപ്ലാക്കൽ എന്നിവരും പങ്കെടുത്തു. സെക്രട്ടറി അലീന ജോയി, സിൻഡിക്കേറ്റംഗങ്ങളായ ജീന, റ്റോബി, അൽജോസ് എന്നിവർ നേതൃത്വം നല്കി.

**കമ്മിറ്റി മുന്നോട്ടുവച്ച വീക്ഷണങ്ങൾ**

1. ജൂബിലി വർഷത്തിൽ കെ.സി.വൈ.എം. ചൈതന്യം 15-35 വയസു വരെയുള്ള എല്ലാ യൂത്തും അടുത്തറിയാനുതകുന്ന വിധത്തിൽ യൂണിറ്റുകളിൽ കെ.സി.വൈ.എം. ശക്തമാകണം. അർദ്ധദിന സെമിനാറുകൾ നടത്തുകയും കെ.സി.വൈ.എമ്മിന്റെ ചരിത്രം slide show ആയി പ്രദർശിപ്പിക്കുകയും വേണം. കഴിഞ്ഞ 25 വർഷം പ്രസ്ഥാനം ഏറ്റെടുത്ത പ്രവർത്തന മുദ്രാവാക്യങ്ങൾ യൂണിറ്റുകളിൽ പ്രദർശിപ്പിക്കുകയും ചെയ്യുക.

2. സാമൂഹിക ഇടപ്പെടലുകൾ നടത്തി സാമൂഹ്യ പ്രതിബദ്ധതയുള്ള ജനനേതാക്കൾ വളർന്നുവരുവാൻ കെ.സി.വൈ.എം. വേദിയായി മാറണം.
3. ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് യുവജനങ്ങളുടെ പങ്കാളിത്തം സംഭാവനയായും, അദ്ധ്വാനമായും ലഭ്യമാക്കണം. ഏറ്റെടുക്കാൻ താൽപര്യമുള്ള മേഖലകളെ ഏൽപ്പിക്കണം.
4. വരാൻ പോകുന്ന പാർലമെന്റ് ഇലക്ഷനു മുന്നോടിയായി കെ.സി.വൈ.എം. മുന്നോട്ടു വയ്ക്കേണ്ട വികസന മാർഗ്ഗരേഖ തയ്യാറാക്കുക. തദ്ദേശീയ പ്രതിനിധി എന്ന ആവശ്യം ഉന്നയിക്കുക.
5. ട്രെയിനേഴ്സിനുവേണ്ടിയുള്ള ട്രെയിനിംഗ് സംഘടിപ്പിക്കുകയും സ്ക്കൂളുകൾ കോളേജുകൾ എന്നിവിടങ്ങളിൽ പ്രോഗ്രാമുകൾ ഏറ്റെടുത്ത് നടത്തുകയും ചെയ്യുക. നിലവിലുള്ള നമ്മുടെ സാധ്യതകളെ പരമാവധി ഉപയോഗിക്കുക.
6. കെ.സി.വൈ.എം. യുവജനങ്ങളെ നയിക്കുന്ന രക്തത്തിലലിഞ്ഞ വികാരമാകയാൽ അതിന്റെ പേരുമാറ്റം സംഭവിക്കുമ്പോൾ വ്രണപ്പെടുന്നത് യുവജന സമൂഹമാണ്. മാറ്റമുണ്ടാകുന്നുണ്ടെങ്കിൽ അതിന്റെ നിയമാവലിയിൽ സെനറ്റ് തീരുമാന പ്രകാരം മാത്രമെ മാറ്റങ്ങളുണ്ടാക്കാവൂ.

തുടർന്ന് കോർകമ്മിറ്റി, ആസൂത്രണകമ്മിറ്റി, പബ്ലിസിറ്റി, റിസോഴ്സ് ടീം, ഫൈനാൻസ്, ചരിത്ര കമ്മിറ്റി എന്നീ ജൂബിലി വർഷ കമ്മിറ്റിരൂപീകരണം നടത്തി. ആനിമേറ്റർ സി. സ്മിത നന്ദിപറഞ്ഞു. കെ.സി.വൈ.എം. ആന്താലാപനത്തോടെ യോഗം അവസാനിച്ചു.

**ജൂബിലിവർഷ ലോഗോ പ്രകാശനം**

1994 ഡിസംബർ 10 ന് മാനന്തവാടി രൂപതയിൽ ഉദ്ഘാടനം ചെയ്ത കെ.സി.വൈ.എം. പ്രസ്ഥാനത്തിന്റെ രജതജൂബിലിവർഷ ലോഗോ ഡിസംബർ 10 ന് തന്നെ ബിഷപ്സ് ഹൗസിൽ വച്ച് അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് പ്രകാശനം ചെയ്തു.

**ഷൈൻ 2019**

ജനുവരി 2 ന് രൂപതാ, മേഖലാ സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ് അംഗങ്ങളുടെ പ്രാർത്ഥനാദിനം (ഷൈൻ 2019 ) ദ്വാരക പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ചിരിക്കുന്നു. സംഘടനയുടെ രൂപതാ, മേഖലാതല ഭാരവാഹികളെല്ലാവരും നിർബന്ധമായും സംബന്ധിക്കേണ്ടതാണ്.

**ഓഗസ്റ്റ് മാസാചരണ വിജയികൾ**

കെ.സി.വൈ.എം. മാസാചരണത്തിന്റെ റിപ്പോർട്ടിന്റെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ സമ്മാനർഹരായ യൂണിറ്റുകൾ:

1. നരിവാലമുണ്ട യൂണിറ്റ്, 2. ചുങ്കക്കുന്ന് യൂണിറ്റ്, കയ്യൂന്നി യൂണിറ്റ്, 3. പാലേമാട്, തരിയോട്

**പ്രോത്സാഹന സമ്മാനം**

കല്ലോടി, തവിഞ്ഞാൽ, പാതിരിപ്പാടം, കാട്ടിക്കുളം, പാറത്തോട്ടം.

**നന്ദിയോടെ**

കഴിഞ്ഞരണ്ട് വർഷക്കാലം മാനന്തവാടി മേഖലയുടെ ഡയറക്ടറായി സേവനമനുഷ്ഠിച്ച ഫാ. സിബി ചെറുത്തോട്ടിലിന് ഹൃദ്യമായ നന്ദി. പുതിയതായി മാനന്തവാടി മേഖലയുടെ ആത്മീയാചാര്യനായി കടന്നു വന്നിരിക്കുന്ന ഫാ. മാത്യു മലയിലിനും, തരിയോട് മേഖലയുടെ ആനിമേറ്റർ സി. ജീന SH നും കെ.സി.വൈ.എം. കുടുംബത്തിലേയ്ക്ക് സ്വാഗതം.

**മേഖലാ ഭാരവാഹികൾ**

**ഭാരവാഹികളുടെ ലിസ്റ്റ് ഓഫീസിൽ ഏൽപ്പിച്ച യൂണിറ്റുകൾ**

കേളകം,ശാന്തിഗിരി, കൊമ്മയാട്, കല്ലോടി, പുതിയിടംക്കുന്ന്, വഞ്ഞോട്, കരിമ്പിൽ, ജൂഡ്സ് മൗണ്ട്, പുതിയിടം, തലപ്പുഴ, പാലാങ്കര, പടമല, കാട്ടിക്കുളം, ഒണ്ടയങ്ങാടി, ആറാട്ടുത്തറ, കമ്മന, തരിയോട്, പുതുശ്ശേരിക്കടവ്, കുറുമണി, നെടുംമ്പാല, ഒലിവുമല, ചോക്കാട്, ബത്തേരി.

**ചുങ്കക്കുന്ന്**

ഡയറക്ടർ - ഫാ. ബിജു ഉറുമ്പിൽ, ആനിമേറ്റർ - സി. റോസ്മിൻ കറുത്തേടത്ത് SH, പ്രസിഡണ്ട് - ഷിനോജ് എം സെബാസ്റ്റ്യൻ, വൈസ് പ്രസിഡണ്ട് - ക്രിസ്റ്റി, സെക്രട്ടറി - ജിജോ താന്നിവേലിൽ, ജോയിന്റ് സെക്രട്ടറി -അനുഷ, ട്രഷറർ - ഡെറിൻ കൊട്ടാരത്തിൽ, കോഡിനേറ്റർ -കമ്മില്ലോ കണ്ണന്താനം, നിഖിൽ പത്തുപ്പറമ്പിൽ, സെനറ്റ് - അലീന കുന്നുപുറത്ത്, ജോയൽ കണിപ്പറമ്പിൽ, ബ്ലെസൺ കാട്ടിക്കുന്നേൽ.

**ദ്വാരക**

ഡയറക്ടർ - ഫാ. ബിജോ കറുകപ്പള്ളി, ആനിമേറ്റർ - സി.ആനി SH, പ്രസിഡണ്ട് - ജോബിൻ ഇല്ലിക്കൽ, വൈസ് പ്രസിഡണ്ട് - മേബിൾ, സെക്രട്ടറി - അമൽജിത്ത്, ജോയിന്റ് സെക്രട്ടറി - സാന്ദ്ര പുഞ്ചയിൽ, ട്രഷറർ - ലെറിൻ, കോഡിനേറ്റർ - അമൽ മുണ്ടാടൻ, സെനറ്റ് - ഷിധിൻ, ജീന ജേക്കബ് വരിക്കപ്പള്ളി.

**കല്ലോടി**

ഡയറക്ടർ - ഫാ. ജെയ്സ് പൂതക്കുഴി, ആനിമേറ്റർ - സി. റോസ്മിൻ, പ്രസിഡണ്ട് - ജിജോ പുതിയേടത്ത്, വൈസ് പ്രസിഡണ്ട് -

ഷിൽന കുരീക്കാട്ടിൽ, സെക്രട്ടറി – ആദർശ് പുതിയപറമ്പിൽ, ജോയിന്റ് സെക്രട്ടറി – ബിനി വെട്ടുകല്ലിൽ, ട്രഷറർ – ജോസ്‌ലിൻ കുഴുപ്പിൽ, കോഡിനേറ്റർ – സോബിൻ വെട്ടുകല്ലിങ്കൽ, സെനറ്റ് – ജിയോ മച്ചു കുഴിയിൽ, അലീന മണൽവിള.

**മാനന്തവാടി**

ഡയറക്ടർ – ഫാ. മാത്യു മലയിൽ, ആനിമേറ്റർ – സി. വിജയ SABS, പ്രസിഡണ്ട് – ജോബി അറയ്ക്കൽ, വൈസ്പ്രസിഡണ്ട് –ജോസ്ന, സെക്രട്ടറി – പ്രിൻസ്, ജോയിന്റ് സെക്രട്ടറി – നയന, ട്രഷറർ – നിഖിൽ, കോഡിനേറ്റർ – ജോബിഷ്, സെനറ്റ് – ലിന്റോ, ആഷ്ന പാറയിൽ, ബെസ്റ്റിൻ.

**മണിമൂളി**

ഡയറക്ടർ – ഫാ. മനോജ് കറുത്തേടത്ത്, ആനിമേറ്റർ – സി. സിസിലി SH, പ്രസിഡണ്ട് – റോബിൻ, വൈസ് പ്രസിഡണ്ട് – റ്റിൻസി, സെക്രട്ടറി – സനിൽ ഒറവാന്തറ, ജോയിന്റ് സെക്രട്ടറി – ഗ്രാലിയ വെട്ടു കാട്ടിൽ, ട്രഷറർ – സിജോ, കോഡിനേറ്റർ – ജോഷി, സെനറ്റ് – നിധിൻ, ശിൽപ്പ വെട്ടുകാട്ടിൽ.

**മുള്ളൻക്കൊല്ലി**

ഡയറക്ടർ – ഫാ. ഷാജു മുളവേലിക്കുന്നേൽ, ആനിമേറ്റർ – സി. ടെസിൻ SABS, പ്രസിഡണ്ട് – ആന്റണി മങ്കടപ്ര, വൈസ് പ്രസിഡണ്ട് – ലിൻഷ പാറയ്ക്കൽ, സെക്രട്ടറി – അഗസ്റ്റ്യൻ മേമാട്ട്, ജോയിന്റ് സെക്രട്ടറി – അനിറ്റ പൂതക്കാട്ടിൽ, ട്രഷറർ – ഷിന്റോ തുരുത്തിൽ, കോഡിനേറ്റർ – അലക്സ് മണ്ടാനത്ത്, സെനറ്റ് – ജോസ്ന കോട്ടവാതുക്കൽ, അരുൺ എടത്തൂപ്പറമ്പിൽ.

**നടവയൽ**

ഡയറക്ടർ – ഫാ. ഷൈജു മുതിരക്കാലായിൽ, ആനിമേറ്റർ – സി. ആഷ്‌ലി CMC, പ്രസിഡണ്ട് – അബിൽ ജോസ് പയ്യനാട്ട്, വൈസ് പ്രസിഡണ്ട് – ലിൻസ പരുവുമ്മേൽ, സെക്രട്ടറി – ദീപക് ജോഷി, ജോയിന്റ് സെക്രട്ടറി – ലിഡിയ ചെമ്പകതറപ്പേൽ, ട്രഷറർ – റിജോ കുഴുവേലിൽ, കോഡിനേറ്റർ – ജസ്റ്റിൻ പുതിയിടത്ത്, സെനറ്റ് – അതുൽ കൊച്ചുപറമ്പിൽ, ശാന്തി ഡാർലി, ടെസ്സിൻ വയലിൽ.

**പയ്യംപ്പള്ളി**

ഡയറക്ടർ – ഫാ. ജോണി കല്ലുപുര, ആനിമേറ്റർ – സി. റോസ്ന SCV, പ്രസിഡണ്ട് – ജോയ്സ് പുൽപ്പറമ്പിൽ, വൈസ് പ്രസിഡണ്ട് – ജെസ്ന ഇല്ലിക്കൽ, സെക്രട്ടറി – റ്റോബി കൂട്ടുങ്കൽ, ജോയിന്റ് സെക്രട്ടറി

– ഷിൻഗ വർഗ്ഗീസ്, ട്രഷറർ – സന്ദീപ് ജെയിംസ്, കോഡിനേറ്റർ – മാർട്ടിൻ സ്രാത്താഴത്ത്, സെനറ്റ് – അമൽ തൂപ്പുംകര, ചിപ്പി എബ്രാഹം.

**തരിയോട്**

ഡയറക്ടർ – ഫാ. ജെയിംസ് കുന്നത്തേട്ട്, ആനിമേറ്റർ – സി. ജീന SH, പ്രസിഡണ്ട് – അഭിനന്ദ് കൊച്ചുമല, വൈസ് പ്രസിഡണ്ട് – ജെസ്‌ലിൻ എ.എസ്, സെക്രട്ടറി – ക്ലമന്റ് ചാക്കോ, ജോയിന്റ് സെക്രട്ടറി – നിത്യ ഓലിക്കൽ, ട്രഷറർ–റിൻസ കാരക്കൽ, കോഡിനേറ്റർ – നെൽസ, സെനറ്റ് – ആദർശ് പായിക്കാട്ട്, സോന നമ്പുശ്ശേരി.

**കൽപ്പറ്റ**

ഡയറക്ടർ – ഫാ. ജിജോ വാത്തേലിൽ, ആനിമേറ്റർ – സി. അനി ലിറ്റ് SH, പ്രസിഡണ്ട് – റ്റിബിൻ വർഗ്ഗീസ് പാറക്കൽ, വൈസ് പ്രസി ഡണ്ട് – പ്രിയങ്ക പുന്നക്കാപ്പടവിൽ, സെക്രട്ടറി – ലിബിൻ എടശ്ശേരി തോട്ടത്തിൽ, ജോയിന്റ് സെക്രട്ടറി – ടാനിയ അഴകനാൽ, ട്രഷറർ – റ്റോബി വാഴയിൽ, കോഡിനേറ്റർ – അഖിൽ ആഡ്രൂസ്, സെനറ്റ് – അലീന അല്ലക്കുഴ, ജിത്തു കലമറ്റത്തിൽ.

**നിലമ്പൂർ മേഖല**

ഡയറക്ടർ – ഫാ. പ്രതീഷ് കിഴക്കൻപുതുപ്പള്ളി, ആനിമേറ്റർ – സി. വിൻസി FCC, പ്രസിഡണ്ട് – ജസ്റ്റിൻ നീലംപ്പറമ്പിൽ, വൈസ് പ്രസിഡണ്ട് – മെറിൻ കട്ടക്കയം, സെക്രട്ടറി – അരുൺ തടത്തിൽ, ജോയിന്റ് സെക്രട്ടറി – റ്റെസി വെട്ടിക്കാട്ടിൽ, ട്രഷറർ – ഫെബിൻ ഓടക്കൽ, കോഡിനേറ്റർ – റിറ്റോ ബാബു ചേറാടിയിൽ, സെനറ്റ് – ഷെഫിൻ മൂഴിച്ചാലിൽ, ആൻമേരി മങ്കമടത്തിൽ.

**ബത്തേരി**

ഡയറക്ടർ – ഫാ. ഡെന്നീസ് പൂവത്തിങ്കൽ, ആനിമേറ്റർ – സി. ഷെറിൻ CMC, പ്രസിഡണ്ട് – ചാൾസ് വി. മാർട്ടിൻ, വൈസ് പ്രസിഡണ്ട് – അഖില ജോൺ, സെക്രട്ടറി – അൽജോസ് ചൂരപ്പുഴയിൽ, ജോയിന്റ് സെക്രട്ടറി – മേഘ മാത്യു, ട്രഷറർ – അമൽ ജോസഫ്, കോഡിനേറ്റർ – സിബിൻ സാജു, സെനറ്റ് – ജോസ്ന സജി, റ്റിജോ.

**സുബിൻ ജോസ് കൊഴുപ്പത്തടത്തിൽ**
ജനറൽ സെക്രട്ടറി, കെ.സി.വൈ.എം.

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്**

നവംബർ 26 മുതൽ മണിമൂളിയിൽ നടത്തിയ MPC യിൽ 106 പേരും, ഡിസംബർ 2 മുതൽ നടത്തിയ MPC യിൽ 93 പേരും പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി സഹകരിച്ച എല്ലാവർക്കും നന്ദി.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

| | | | |
|---|---|---|---|
| ജനുവരി | 06–09 | – | പാസ്റ്ററൽ സെന്റർ ദ്വാരക |
| ജനുവരി | 25–28 | – | പാസ്റ്ററൽ സെന്റർ ദ്വാരക |
| ഫെബ്രുവരി | 10–13 | – | പാസ്റ്ററൽ സെന്റർ ദ്വാരക |

**മരിയൻ സിംഗിൾസ്**

ഡിസംബർ 11 ന് രൂപതാ മീറ്റിംഗ് കൂടി. 16 പേർ പങ്കെടുത്തു. അടുത്ത മീറ്റിംഗ് ജനുവരി 8–ന്.

**മാതൃവേദി – രൂപതാ വാർത്തകൾ**

ഡിസംബർ 15 ന് രൂപതാ വാർഷികം നടത്തി. ഗ്ലോബൽ മാതൃവേദി ഡയറക്ടർ ഫാ. വിൽസൺ എലവുത്തിങ്കൽകൂനൻ ക്ലാസെടുത്തു. രൂപതാ പ്രസിഡണ്ട് ശ്രീമതി ഗ്രേസി ചിറ്റിനപ്പള്ളിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം വിൽസൺ അച്ചൻ ഉദ്ഘാടനം ചെയ്തു. രൂപതാ ആനിമേറ്റർ സിസ്റ്റർ കൃപ സ്വാഗതവും, റവ. ഫാ. ജോസ് തേക്കനാടിയും ശ്രീമതി മേരി കൊച്ചുകാട്ടിത്തറയും ആശംസകളും ജോ. സെക്രട്ടറി ശ്രീമതി ലാലി വടക്കൻ നന്ദിയും പറഞ്ഞു. വലിയകൊല്ലി മാതൃവേദിയിലെ അമ്മമാർ ശ്രുതിമധുരമായ ഗാനം ആലപിച്ചു. ലോഗോസ് രൂപതാ വിജയികൾക്കുള്ള സമ്മാനങ്ങളും തദവസരത്തിൽ വിതരണം ചെയ്തു.

**സമ്മാനാർഹർ**

2017–2018 വർഷത്തെ മികച്ച ശാഖകൾ 1) കയ്യൂന്നി, 2) തോമാട്ടുചാൽ, 3) പയ്യംപള്ളി.

**മികച്ച മേഖലകൾ**

1) ബത്തേരി, 2) മാനന്തവാടി, 3) തരിയോട്.

**കൈയ്യെഴുത്തു മാസിക**

1) പോരൂർ, 2) വാളവയൽ, 3) പാതിരിപ്പാടം. പൂക്കോട്ടുംപാടം, പനംചിറ, മീനങ്ങാടി, മുള്ളൻകൊല്ലി, പയ്യംപള്ളി, പുതുശ്ശേരി, ശാന്തിഗിരി, കാവുംമന്ദം, കളത്തുവയൽ എന്നീ ഇടവകകൾക്ക് പ്രോത്സാഹന സമ്മാനങ്ങൾ നൽകി. സമ്മാനങ്ങൾ വിൽസൺ അച്ചനും ജോസ് തേക്കനാടിയച്ചനും വിതരണം ചെയ്തു.

**നന്ദിയോടെ**

രൂപതാ വാർഷികത്തിന്റെ വിജയത്തിനായി സഹകരിച്ച ശാഖാ മേഖലാ ഡയറക്ടർ അച്ചന്മാർ, ആനിമേറ്റർമാർ, ഭാരവാഹികൾ, പങ്കെടുത്ത അമ്മമാർ, രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ, പാസ്റ്ററൽ സെന്ററിലെ അച്ചന്മാർ സിസ്റ്റേഴ്സ്, സ്റ്റാഫ്, മറ്റെല്ലാവർക്കും സ്നേഹത്തോടെ നന്ദി.

കഴിഞ്ഞ മൂന്നു വർഷങ്ങൾ രൂപതാ മാതൃവേദിക്ക് നേതൃത്വം നൽകിയ രൂപതാ എക്സിക്യൂട്ടീവിന് പ്രത്യേകമായി രൂപതാ പ്രസിഡണ്ട് ഗ്രേസി ചിറ്റിനപ്പിള്ളി, വൈസ് പ്രസിഡണ്ട് സിബിയ കറുകപ്പിള്ളിൽ, സെക്രട്ടറി മോളി കരിമ്പനാക്കുഴി, ജോ. സെക്രട്ടറി ലാലി വടക്കൻ, ട്രഷറർ സെൽമ കാഞ്ഞിരത്തിങ്കൽ, ഓരോ മേഖലയിലെയും പ്രതിനിധികളായിരുന്നവർ എന്നിവർക്കും ഹൃദ്യമായ നന്ദി.

**സ്വാഗതം അഭിനന്ദനങ്ങൾ**

രൂപത അടുത്ത മൂന്നു വർഷത്തേക്ക് നേതൃത്വം നൽകാൻ ജനറൽ ബോഡിയിൽ തിരഞ്ഞെടുക്കപ്പെട്ട പ്രസിഡണ്ട് വിജി നെല്ലിക്കുന്നേൽ കൽപറ്റ, വൈസ് പ്രസിഡണ്ട് റീന വെള്ളിലാംതടത്തിൽ മരകാവ്, സെക്രട്ടറി തങ്കമ്മ കല്ലുങ്കൽ കൊട്ടിയൂർ, ജോ. സെക്രട്ടറി ജെസ്സി ആര്യപ്പള്ളി തോണിച്ചാൽ, ട്രഷറർ മിനി ആക്കപ്പടി യവനാർകുളം എന്നിവർക്ക് ഹൃദ്യമായ സ്വാഗതവും ആശംസകളും.

**മേഖലാ വാർത്തകൾ**

**ചുങ്കക്കുന്ന്**

യൂണിറ്റടിസ്ഥാനത്തിൽ അമ്മമാർ ജപമാലക്കും വി.യൂദാശ്ലീഹായുടെ നൊവേനയ്ക്കും നേതൃത്വം നൽകി. കൈയ്യെഴുത്ത് മാസിക തയ്യാറാക്കി. മേഖലാ സന്ദർശനം നടത്തി പ്രവർത്തനങ്ങൾ

വിലയിരുത്തി. മരണമടഞ്ഞവരുടെ ഭവനങ്ങൾ സന്ദർശിച്ചു. അഖണ്ഡ ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

**മാനന്തവാടി**

ബഹു. സണ്ണി കൊല്ലാർതോട്ടം അച്ചന്റെ നേതൃത്വത്തിൽ മാതൃവേദിയുടെ വാർഷികം സെന്റ് മേരീസ് ചർച്ച് പാറത്തോട്ടത്തു വെച്ച് നടത്തി. ബെസ്റ്റ് ശാഖകളായി തെരഞ്ഞെടുക്കപ്പെട്ട പോരൂർ, കരിമാനി, പേരിയ എന്നീ ഇടവകകൾക്ക് യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാനവും കൈയ്യെഴുത്ത് മാസിക മത്സരത്തിൽ പോരൂർ ഒന്നാം സ്ഥാനവും ആലാറ്റിൽ രണ്ടാം സ്ഥാനവും, വലിയകൊല്ലി മൂന്നാം സ്ഥാനവും കരസ്ഥമാക്കി. സമ്മാനത്തിനർഹരായ ഇടവകകൾക്ക് അഭിനന്ദനങ്ങൾ.

**പൂളപ്പാടം**

ഇടവകയിലെ ഒരുരോഗിക്ക് 2000 രൂപ ചികിത്സാ സഹായം നൽകി. അഖണ്ഡ ജപമാല ചൊല്ലി പ്രാത്ഥിച്ചു. അമ്മമാർ ഭവന സന്ദർശനം നടത്തി.

**കയ്യൂന്നി**

മാതൃവേദിയംഗങ്ങൾ ഇടവകയിലെ 420 കുടുംബങ്ങൾ സന്ദർശിച്ച് പ്രാർത്ഥിക്കുകയും ലഹരിവിരുദ്ധ നോട്ടീസ് നൽകുകയും ചെയ്തു. വി. കുരിശിന്റെ പ്രയാണത്തിൽ അമ്മമാർ മുത്തുക്കുടപിടിച്ച് സ്വീക രണം നൽകി പ്രാർത്ഥനാദിനമായി ആചരിച്ചു. ലോഗോസ് പരീക്ഷ യുടെ ഒരുക്കങ്ങൾ നടത്തി മാതൃവേദിയംഗങ്ങൾ ഉൾപ്പെടെ 650 പേർ പരീക്ഷയിൽ പങ്കെടുത്തു. ഇടവകയിലെ 27 യൂണിറ്റുകളിലും യൂണിറ്റു മദ്ധ്യസ്ഥരുടെ തിരുനാളും ക്രിസ്തുമസ് ആഘോഷവും സംയുക്തമായി നടത്തി. മാതൃവേദിയുടെ യൂണിറ്റ് വാർഷികത്തോടൊപ്പം പ്രസംഗം, ആന്തമത്സരം എന്നിവ നടത്തി. അമ്മമാർ ഭവനങ്ങളിൽ നിന്ന് അരി, ഭക്ഷ്യവസ്തുക്കൾ, പണം എന്നിവ സമാഹരിച്ച് ബെക്കിയിലെ മാനസിക രോഗികൾക്ക് നൽകി അവരോടൊപ്പം ഒരു ദിവസം ചെലവഴിച്ചു. ഭക്ഷ്യ വിഭവങ്ങൾ ഉൾപ്പെടെ 29,930 രൂപ സമാഹരിച്ച് നൽകി.

**നെല്ലിയോടി**

എല്ലാ വെള്ളിയാഴ്ചകളിലും അമ്മമാർ യുവജനങ്ങൾക്കുവേണ്ടി കരുണകൊന്തചൊല്ലി പ്രാർത്ഥിച്ചു. 70 ഓളം വരുന്ന യുവജനങ്ങൾക്ക് അമ്മമാരുടെ നേതൃത്വത്തിൽ ക്ലാസുകൾ സംഘടിപ്പിച്ചു.

**അമ്പായത്തോട്**

ഇടവകയിലെ കിടപ്പു രോഗികളേയും പാവപ്പെട്ടവരേയും സന്ദർശിച്ച് ധനസഹായം നൽകി. മാനന്തവാടി ഗവ. ആശുപത്രിയിൽ ഭക്ഷണവും അനാഥാലങ്ങളിൽ നിത്യോപയോഗ സാധനങ്ങളും നൽകി. ആലഞ്ചേരി വൃദ്ധസദനം സന്ദർശിച്ച് വസ്ത്രങ്ങൾ കഴുകാൻ സഹായിച്ചു.

**ഇടിവണ്ണ**

സെമിത്തേരി വൃത്തിയാക്കി, പൂർവ്വികരെ അനുസ്മരിച്ചു. ഇടവകയിലെ എല്ലാ പ്രവർത്തനങ്ങൾക്കും അമ്മമാർ ഭക്ഷണം പാകം ചെയ്യാൻ സഹായിക്കുന്നു.

**പൂക്കോട്ടുംപാടം**

ജപമാലറാലി നടത്തി മാതൃദിനം ആചരിച്ചു. യുവജനങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചു. ആലപ്പുഴ ദുരിതാശ്വാസ നിധിയിലേക്ക് 7500 –രൂപ നൽകി. 150 കിലോ അരി വിതരണം ചെയ്തു. മേഖലയിൽ കൈയ്യെഴുത്ത് മാസികയിൽ ഒന്നാം സ്ഥാനം നേടി. യുവജനങ്ങൾക്കായി ജപമാല റാലിയും നവോമി സംഗമവും നടത്തി. ഡോ. ഷാജി അമ്മമാർക്ക് ക്ലാസ് എടുത്തു. കൊച്ചുത്രേസ്യ നാമധാരികൾക്ക് ജപമാല നൽകി ആദരിച്ചു. കുടുംബ ബന്ധങ്ങളെക്കുറിച്ച് ഡോ.രാജു ക്ലാസ് നയിച്ചു. മരിച്ചുപോയ മാതൃവേദി അംഗങ്ങൾക്കുവേണ്ടി വി. കുർബാനയർപ്പിച്ച് പ്രാർത്ഥിച്ചു. സി. വിമല 'കുടുംബ നാഥന്മാരും പ്രാർത്ഥനയും' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ് എടുത്തു.

**ബത്തേരി**

ചെയിൻ റോസറി നടത്തി. മൂന്നുമണിക്ക് ആഗോള മാതൃവേദിക്കായി നന്മ നിറഞ്ഞമറിയം ചൊല്ലി. പൂർവ്വികരെ സ്മരിച്ചു. ആദ്യ വെള്ളിയാഴ്ച ആരാധനയിൽ ശുദ്ധീകരണ ആത്മാക്കൾക്കുവേണ്ടി പ്രത്യേക പ്രാർത്ഥന നടത്തി. ഒരു നിർദ്ധന കുടുംബത്തിന് പഠന സഹായം നൽകി. പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സന്ദർശിച്ച് സഹായം നൽകി. തട്ടുകട തുടങ്ങി ഇടവക ജനത്തിന്റ സഹകരണത്തോടെ വീടുകളിൽ നിന്ന് ഉണ്ടാക്കുന്ന പലഹാരങ്ങൾ തട്ടുകടയിൽ വിറ്റുപോരുന്നു.

**വലിയകൊല്ലി**

ആലാറ്റിൽ ദേവാലയത്തിൽ നടന്ന ജപമാല റാലിയിൽ 18 അമ്മമാർ പങ്കെടുത്തു. ദേവാലയവും ദേവാലയ പരിസരവും

വൃത്തിയാക്കി. പുതിയ വർഷത്തേക്ക് ഭാരവാഹികളെ തെരഞ്ഞെടുത്തു. ബഹു.വികാരിയച്ചന്റെ നാമഹേതുക തിരുനാൾ ആഘോഷിച്ചു. കൈയ്യെഴുത്ത് മാസികയിൽ ശാഖയ്ക്ക് മൂന്നാം സ്ഥാനം ലഭിച്ചു. ആനിമേറ്റർ സിസ്റ്റർ റീത്തയ്ക്ക് ജൂബിലി മംഗളങ്ങൾ നേർന്ന് പൊന്നാട നൽകി ആദരിച്ചു.

**പാറത്തോട്ടം**

പൂർവ്വികർക്കുവേണ്ടി പ്രാർത്ഥിച്ചു. പരേതയായ മാതൃവേദി അംഗം ചക്കിട്ടക്കുടി പെണ്ണമ്മയുടെ മൃതസംസ്കാര ചടങ്ങിൽ പങ്കെടുത്ത് റീത്ത് സമർപ്പിച്ച് അനുശോചനം അറിയിച്ച് പ്രാർത്ഥിച്ചു.

**തരിയോട്**

നേതൃത്വത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് അമ്മമാർക്ക് ഫാ.സെബാസ്റ്റ്യൻ പുത്തേൻ ക്ലാസ് നൽകി. അടുത്ത മൂന്നു വർഷത്തെ ഭാരവാഹികളെ തെരഞ്ഞെടുത്തു.

**കുന്നൂർ**

ബഹു.വികാരി മാർട്ടിൻ പുതുശ്ശേരിയച്ചന്റെ നാമഹേതുക തിരുനാൾ ആഘോഷിച്ചു. രൂപതാ ലോഗോസ് പരീക്ഷയിൽ ഒന്നാം സ്ഥാനത്തിന് അർഹയായ ഓമന സൈമണിന് സമ്മാനം നൽകി ആദരിച്ചു. ലോഗോസ് ക്വിസ്സിൽ പങ്കടുത്ത എല്ലവർക്കും അമ്മമാർ പ്രോത്സാഹന സമ്മാനം നൽകി. പൂർവ്വികരെ അനുസ്മരിച്ചുകൊണ്ട് വി.കുർബാനയും ഒപ്പീസും ചൊല്ലിച്ചു.

**കോട്ടത്തറ**

സഭാവസ്ത്രം സ്വീകരിച്ച് വ്രതവാഗ്ദാനം നടത്തിയ സി. ഷിന്റു ഞാറക്കലിനെ ആദരിച്ചു. ഏലീശ്വ സന്ദർശനം നടത്തി പ്രാർത്ഥിച്ചു. അമ്മമാർ വിവിധ ഗ്രൂപ്പുകളായി ഭവനസന്ദർശനം നടത്തി.

**കല്ലുവയൽ**

ഫാ. തോമസ് തെക്കേപ്പുറം അമ്മമാർക്ക് ദേവാലയശുശ്രൂഷകളേയും, മാമ്മോദീസ, വിവാഹം എന്നീ കൂദാശകളുടെ സ്വീകരണത്തെയും കുറിച്ച് ബോധവത്കരണ ക്ലാസ് നൽകി. രോഗീസന്ദർശനവും, വൃദ്ധസന്ദർശനവും നടത്തി. എല്ലാ നാലാം ഞായറാ ഴ്ചയും ഫണ്ട് സ്വരൂപിക്കാൻ അമ്മമാർ കാഴ്ച സമർപ്പണം നടത്തി. മികച്ച ശാഖാ പ്രവർത്തനങ്ങൾക്ക് രണ്ടാം സ്ഥാനം കരസ്ഥമാക്കി.

**മൺവയൽ**

എല്ലാ തിങ്കളാഴ്ചയും ഇടവകയുടെ നിയോഗത്തിനുവേണ്ടി മദ്ധ്യസ്ഥ പ്രാർത്ഥന നടത്തുന്നു. മദ്യപാനികൾക്കായി ഉപവസിച്ചു

പ്രാർത്ഥിച്ചു. സെമിത്തേരി സന്ദർശനം നടത്തി പൂർവ്വികരെ സ്മരിച്ചു.

**പുതിയിടംകുന്ന്**

പരേതരായ മാതൃവേദി അമ്മമാരുടെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിച്ചു. ഏറ്റവും മികച്ച ശാഖയായി മേഖലയിൽ തെരഞ്ഞെടുക്കപ്പെട്ടു. കൈയ്യെഴുത്ത് മാസികയിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി. കോളയാടുള്ള അഗതി മന്ദിരം സന്ദർശിച്ച് മാതാവിന് നേർച്ച സാരികളും, പച്ചക്കറികളും, സംഭാവനയും നൽകി.

**വാഴവറ്റ**

അഖണ്ഡ ജപമാല, സെമിത്തേരി സന്ദർശനം, ഭവനസന്ദർശനം എലീശ്വാ സന്ദർശനം എന്നിവ നടത്തി. ജറീക്കോ കുരിശ് പ്രയാണം നടത്തി. ക്രിസ്തുരാജന്റെ തിരുനാളിന് അമ്മമാർ കൊടിയുണ്ടാക്കി പ്രദിക്ഷണത്തിൽ പങ്കെടുത്തു. ജാഗരണ പ്രാർത്ഥന നടത്തി.

**ചുങ്കക്കുന്ന്**

യുവജനങ്ങൾക്കുവേണ്ടി അഖണ്ഡ ജപമാലചൊല്ലി. യൂണിറ്റിലും ഭവനങ്ങളിലുമുള്ള പ്രാർത്ഥനകൾക്ക് അമ്മമാർ നേതൃത്വം നൽകി. കൈയ്യെഴുത്ത് മാസിക തയ്യാറാക്കി മേഖലയ്ക്ക് നൽകി. മേഖലാ വിസിറ്റ് നടത്തി പ്രവർത്തനങ്ങൾ വിലയിരുത്തി. വി.യൂദാശ്ലീഹായുടെ തിരുനാൾ ആഘോഷപൂർവ്വം കൊണ്ടാടി. സെമിത്തേരി വൃത്തിയാക്കി. സഭ നേരിടുന്ന പ്രതിസന്ധികൾ തരണം ചെയ്യാൻ അമ്മമാർ അഖണ്ഡ ജപമാല നടത്തി. ഭവനസന്ദർശനം നടത്തി. ജീവകാരുണ്യ പ്രവർത്തനത്തിന്റെ ഭാഗമായി ഒരു നിർദ്ദനകുടുംബത്തിന് 1000 രൂപ നൽകി

**ഫാ. ജോഷി മഞ്ഞക്കുന്നേൽ**

ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

**ആദ്യവെള്ളി (30-11-18)**

രാവിലെ 10 മണിക്ക് എൽഡറിംഗ് ആരംഭിച്ചു. തുടർന്ന് 12 മണിക്ക് കുരിശിന്റെ വഴിയും സഹനജപമാലയും സ്തുതി ആരാധനയും നടത്തി. 2 മണിക്ക് ടിം മീറ്റിംഗ് ആരംഭിച്ചു. ഒരുമാസത്തെ ശുശ്രൂഷ കളെ വിലയിരുത്തി. ആദ്യശനി കൺവെൻഷനുള്ള ഒരുക്കശുശ്രൂഷ കൾ നടത്തി. 5 ന് ജാഗരണ പ്രാർത്ഥന ആരംഭിച്ചു. 10 മണിയോടെ ശുശ്രൂഷകൾ സമാപിച്ചു.

**ആദ്യശനി കൺവെൻഷൻ (1-12-18)**

രാവിലെ 6 മണി മുതൽ (ബ്രദർ ജോസ് മാളോല) ആമുഖ ശുശ്രൂ ഷകൾക്ക് നേതൃത്വം നൽകി. പരിശുദ്ധ അമ്മയുടെ തിരുസന്നിധിയിൽ സഹനജപമാല ചൊല്ലി പ്രാർത്ഥിച്ചു. 8.45 ന് പൊതു ശുശ്രൂഷകൾ ആരംഭിച്ചു. സ്തുതി ആരാധനയ്ക്കുശേഷം ആലപ്പുഴ പാരക്ലീത്ത മിനിസ്ട്രി ഡയറക്ടർ ബ്രദർ ഷാജൻ അറയ്ക്കൽ വചനപ്രഘോഷണം നടത്തി. റവ. ഫാ. ജിന്റോ തട്ടുപറമ്പിൽ വി. ബലി അർപ്പിച്ച് വചന സന്ദേശം നൽകി. കുമ്പസാരത്തിനും സ്പിരിച്വൽ ഷെയറിംഗിനും ധാരാളം പേർ പങ്കെടുത്തു. ലഘുഭക്ഷണത്തിനു ശേഷം ബഹു. ഫാ. ബാബു മൂത്തേടത്ത് ദിവ്യകാരുണ്യ ആരാധനയ്ക്ക് നേതൃത്വം നൽകി. കുഞ്ഞുങ്ങൾക്കുവേണ്ടി പ്രത്യേക പ്രാർത്ഥന നടത്തി. 3.30 ന് ശുശ്രൂഷ കൾ സമാപിച്ചു.

**സ്പിരിച്വൽ ഷെയറിംഗ്: രണ്ടാംശനി (8-12-18)**

വെള്ളിയാഴ്ച വൈകിട്ട് സ്പിരിച്വൽ ഷെയറിംഗിന് ഒരുക്കമായി ശുശ്രൂഷകർ പ്രാർത്ഥനാ കൂട്ടായ്മ നടത്തി. രാത്രി 10 മണിയോടെ പ്രാർത്ഥനകൾ സമാപിച്ചു. ശനിയാഴ്ച രാവിലെ 6 മണി മുതൽ ശുശ്രൂ ഷകർ പ്രാർത്ഥിച്ചൊരുങ്ങി 9.30 ന് പൊതുസ്പിരിച്വൽ ഷെയറിംഗ് ആരംഭിച്ചു. 90 പേർ പങ്കെടുത്തു. 11 ശുശ്രൂഷകർ നേതൃത്വം നൽകി.

ഇടദിവസങ്ങളിലെ ശുശ്രൂഷകൾക്കും ധാരാളം പേർ വരുന്നു. 3.30 ന് ശുശ്രൂഷകൾ സമാപിച്ചു.

**ജാഗരണം – മൂന്നാംവെള്ളി (21-12-18)**

വൈകിട്ട് 6 മണിക്ക് കുരിശിന്റെ വഴിയോടുകൂടി ബഹു. ഡയറക്ടർ ഫാ. സോണി വാഴകാട്ട് അച്ചന്റെ നേതൃത്വത്തിൽ ശുശ്രൂഷകൾ ആരംഭിച്ചു. തുടർന്ന് ദിവ്യകാരുണ്യ ആരാധന നടത്തി. അത്താഴത്തിനുശേഷം വചനസന്ദേശവും 12 മണിക്ക് വിശുദ്ധ കുർബാനയും അർപ്പിച്ചു. രാവിലെ 5 മണിക്ക് ശുശ്രൂഷകൾ സമാപിച്ചു.

**താമസിച്ചുള്ള ധ്യാനം – ആന്തരികസൗഖ്യ ധ്യനം (16-20)**

5 ദിവസത്തെ ആന്തരികസൗഖ്യ ധ്യാനത്തിന് റവ. ഫാ. മാത്യു മൂത്തേടത്ത്, റാ.ഫാ. ജെയ്മോൻ കളമ്പുകാട്ട്, ഡയറക്ടർ ഫാ. സോണി വാഴകാട്ട്, ബ്രദർ ജോസഫ് വട്ടക്കുന്നേൽ, സി. മെറീന FCC എന്നിവർ നേതൃത്വം നൽകി.

**ഇടവക ധ്യാനങ്ങൾ**

ഡിസംബർ 2 മുതൽ 5 വരെ നിലമ്പൂർ ലിറ്റിൽ ഫ്ളവർ ഫൊറോനാ ദേവാലയത്തിലും 9 മുതൽ 12 വരെ കരിമാനി ഉണ്ണീശോ ദേവാലയത്തിലും വാർഷിക ധ്യാനങ്ങൾ നടത്തി. റവ. ഫാ. സോണി വാഴകാട്ട്, ബ്രദർ ജോസഫ് വട്ടക്കുന്നേൽ, ബ്രദർ ബിജു പുളിക്കൽ, ബ്രദർ അജിത് വട്ടുകുളം, സി. മെറീന FCC എന്നിവർ നേതൃത്വം നൽകി.

**ബൈബിൾ പാരായണം (12-15)**

ബൈബിൾ പാരായണ മാസാചരണത്തിന്റെ ഭാഗമായി 12-ാം തീയതി രാവിലെ 9 മണിക്ക് സീയോൻ ധ്യാനകേന്ദ്രത്തിന്റെ നേതൃത്വത്തിൽ 72 മണിക്കൂർ അഖണ്ഡ ബൈബിൾ പാരായണം സീയോൻ ചാപ്പലിൽ ബഹു. ബാബു മൂത്തേടത്ത് അച്ചൻ ഉദ്ഘാടനം ചെയ്തു. പാസ്റ്ററൽ സെന്ററിലെ അച്ചന്മാർ, സിസ്റ്റേഴ്സ്, സീയോൻ ശുശ്രൂഷകർ, മറ്റ് അല്മായ സഹോദരങ്ങൾ എന്നിവർ പങ്കെടുത്തു. ശനിയാഴ്ച രാവിലെ 3.30 ന് ഡയറക്ടർ റവ.ഫാ. സോണി വാഴകാട്ട് അച്ചന്റെ നേതൃത്വത്തിൽ ബൈബിൾ പാരായണം സമാപിച്ചു.

**രോഗസൗഖ്യ ശുശ്രൂഷകൾ (22-12-18)**

രാവിലെ 9.30 ന് സൗഖ്യശുഷ്രൂഷകൾക്കുവേണ്ടിയുള്ള പ്രാർത്ഥനകൾ ആരംഭിച്ചു. ആരാധന, കുരിശിന്റെ വഴി, സ്തുതി ആരാധന,

വി.കുർബാന എന്നിവയ്ക്കുശേഷം തൈലാഭിഷേക പ്രാർത്ഥനയ്ക്ക് ബഹു. ഡയറക്ടറച്ചൻ നേതൃത്വം നൽകി.

**2019 – ജനുവരി മാസത്തിലെ ശുശ്രൂഷകൾ**

| | | |
|---|---|---|
| 4–1–2019 ആദ്യവെള്ളി | – | എൽഡറിംങ്ങ്, ടീം മീറ്റിംഗ് ജാഗരണ പ്രാർത്ഥന |
| 5–1–2019 ആദ്യശനി | – | ഏകദിന കൺവെൻഷൻ |
| 11–1–2019 രണ്ടാം വെള്ളി | – | തൂവാനീസാ സംഗമം |
| 12–1–2019 രണ്ടാം ശനി | – | പൊതു സ്പിരിച്ച്വൽ ഷെയറിംഗ് |
| 18–21 വെള്ളി – തിങ്കൾ | – | പരിശുദ്ധാത്മാഭിഷേകധ്യാനം |
| 18–1–2019 മൂന്നാം വെള്ളി | – | ജാഗരണപ്രാർത്ഥന |
| 26–1–2019 നാലാം ശനി | – | രോഗസൗഖ്യ ശുശ്രൂഷാദിനം |

**ഫാ. സോണി വാഴകാട്ട്**
ഡയറക്ടർ, സിയോൻ സി.ആർ.സി

## ജീസസ് യൂത്ത്

'സഹോദരർ ഏകമനസ്സായി ഒരുമിച്ചു വസിക്കുന്നത് എത്രവിശിഷ്ടവും സന്തോഷപ്രദവുമാണ്' (സങ്കീ 133:1)

യേശുക്രിസ്തുവിൽ പ്രിയപ്പെട്ട ജീസസ് യൂത്ത് കുടുംബാംഗങ്ങളെ, 'ക്രിസ്തുവിൽ ആയിരിക്കുന്നവൻ പുതിയ സൃഷ്ടിയാണ്. പഴയതു കടന്നുപോയി. ഇതാ, പുതിയതു വന്നുകഴിഞ്ഞു'. (2 കോറി 5:17)

ദുഃഖങ്ങളുടേയും ചെറിയ നൊമ്പരങ്ങളുടേയും മഹാപ്രളയത്തിന്റെയും ഓർമ്മകൾ നൽകിയ 2018 വർഷം കടന്നുപോയി. ഇതാ, പുതിയൊരുവർഷം ദൈവം നമുക്കായി ഒരുക്കിയിരിക്കുന്നു. കഴിഞ്ഞ ഇന്നലകൾ മറക്കാനും പുതിയ സ്വപ്നങ്ങൾക്കു ജീവൻ നൽകാനുമായി 2019 വന്നുകഴിഞ്ഞു. ദൈവത്തോടു ചേർന്ന് നിന്ന് പഴയ കാര്യങ്ങളിൽ നിന്ന് പഠിച്ച്, പുതിയ ഭാവനകൾ സൃഷ്ടിക്കാനും നമുക്ക് പ്രാർത്ഥനയിലൂടെയും കൂട്ടായ്മയിലൂടെയും സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും, നല്ലൊരു പുതുവർഷം ആശംസിക്കുകയും ചെയ്യുന്നു.

ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ വളർച്ചയിൽ ഇതിന്റെ രൂപവത്ക്കരണക്രമത്തിൽ (Formation) വരും വർഷത്തിൽ എല്ലാവരും പങ്കുചേരണമെന്ന് ഓർമ്മിപ്പിക്കുന്നു. ഈശോയുടെ പ്രതിനിധിയെന്ന നിലയിൽ വചനത്തിലും, പ്രാർത്ഥനയിലും, സാക്ഷ്യ ജീവിതത്തിലും, ഓരോ ജീസസ് യൂത്തും വിവിധ രൂപവത്ക്കരണഘട്ടത്തിലൂടെ കടന്നുപോകേണ്ടത് നമ്മുടെ വളർച്ചയ്ക്ക് ആവശ്യമാണ്.

**Formation** (ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ രൂപവത്കരണക്രമം)

ജീസസ് യൂത്ത് കുടുംബാംഗങ്ങൾ തങ്ങളുടെ വിശ്വാസ തീർത്ഥാടനത്തിൽ ഫലദായകമായി മുന്നേറുന്നതിന് സഹായകരമായ ഒരു വിശ്വാസ രൂപവത്കരണക്രമം ജീസസ് യൂത്ത് മുന്നേറ്റം വിഭാവനം ചെയ്തിട്ടുണ്ട്. അഞ്ചു വളർച്ചാഘട്ടങ്ങൾ ഉൾക്കൊള്ളുന്ന ഈ ക്രമം

വിശുദ്ധിയിലും, പ്രേഷിതദൗത്യത്തിലും മുന്നേറുന്നതിന് വേദിയൊരുക്കുന്നു.

**അഞ്ചു വളർച്ചാഘട്ടങ്ങൾ:**

1. സമ്പർക്കഘട്ടം (Contact Phase)
2. സഹചാരിഘട്ടം (Companion Phase)
3. സമർപ്പിതഘട്ടം (Committed Phase)
4. സ്ഥിരീകൃതഘട്ടം (Confirmed Phase)
5. സദ് ഉടമ്പടിഘട്ടം (Covenant Phase)

മൂന്ന് ഘട്ടങ്ങളിലായി രൂപവത്ക്കരണം നൽകുകയെന്നതാണ് ഇപ്പോഴത്തെ പദ്ധതി. സമ്പർക്ക ഘട്ടത്തിലുള്ളവരെ സഹചാരി ഘട്ടത്തിലേക്കും, സഹചാരിഘട്ടത്തിലുള്ളവരെ സമർപ്പിത ഘട്ടത്തിലേക്കും, സമർപ്പിത ഘട്ടത്തിലുള്ളവരെ സ്ഥിരീകൃത ഘട്ടത്തിലേക്കും മുന്നേറുവാൻ സഹായിക്കുന്നു. സ്ഥിരീകൃത ഘട്ടത്തിലുള്ളവർക്കായി തുടർച്ചയായ രൂപവത്ക്കരണ പദ്ധതികളുണ്ടാകും.

രൂപവത്കരണത്തിന്റെ ഓരോ ഘട്ടത്തിനും രണ്ട് അദ്ധ്യായന പദ്ധതികൾ ഉണ്ടാകും. ഒരു അദ്ധ്യായന പദ്ധതി മോഡ്യൂളുകളുടെ സഞ്ചയനമാണ്. ഒരു നിശ്ചിതഘട്ടത്തിൽ ഒരു നിർദ്ദിഷ്ട കാലയളവിലേക്ക് മോഡ്യൂളുകളുണ്ടാകും. നിശ്ചിത മതബോധനമാണ് നല്കപ്പെടുക. പങ്കെടുക്കുന്നവരുടെയും സംഘാടകരുടെയും നിർവാഹകരുടെയും പ്രബോധകരുടെയും ഗണം ഒന്നു തന്നെ.

ആദ്യ മൂന്ന് ഘട്ടങ്ങളിലൂടെയുള്ള പരിശീലനത്തിനാണ് ഇപ്പോൾ ശ്രദ്ധ കൊടുത്തിരിക്കുന്നത്. നിശ്ചിത സമയത്ത് മതബോധനം, വചനപഠനം, കാലിക പ്രസക്തി, അനുഭവ സാക്ഷ്യം, ഈശോയെ പ്രഘോഷിക്കൽ എന്നിവയാണ് പരിശീലിപ്പിക്കുന്നത്.

**1. ഫിലിപ്പ് കോഴ്സ് (Philip Course)**

ജീവിതത്തിന് ദിശാബോധം നൽകുക, പിതാവായ ദൈവത്തിന്റെ സ്നേഹം മനസ്സിലാക്കുക, പാപം, യേശുവിന്റെ രക്ഷ, വിശ്വാസവും മാനസാന്തരവും, പരിശുദ്ധാത്മാവ്, സ്നേഹൈക്യസമൂഹം എന്നീ വിഷയങ്ങളെ കേന്ദ്രീകരിച്ച് ഒരു മാസത്തിനുള്ളിൽ, രണ്ട് ദിവസം പൂർണ്ണമായി 48 മണിക്കൂർ സമയമെടുത്ത് താമസിച്ചുള്ള ധ്യാനാത്മക പഠനശിബിരമാണിത്. എല്ലാ ജീസസ് യൂത്ത് അംഗങ്ങളും ഫിലിപ്പ് കോഴ്സിൽ വരും വർഷങ്ങളിൽ പങ്കെടുക്കണമെന്നത് നിർബന്ധമാണ്.

**2. പോൾ കോഴ്സ് (Paul Course)**

ഫിലിപ്പ് കോഴ്സ് പൂർത്തിയാക്കിയ ഓരോ ജീസസ് യൂത്തും നിശ്ചിത സമയത്ത് പഠനഗ്രൂപ്പിലൂടെ പോൾ കോഴ്സിലേക്ക് പ്രവേശിക്കുന്നു. സ്തുതിയുടെയും കൃതജ്ഞതയുടെയും ജീവിതം മനസ്സിലാക്കി ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ ആറ് സ്തൂപങ്ങളിൽ വളരാൻ പരിശ്രമിക്കുന്ന പരിശീലനഘട്ടമാണിത്. മതബോധന ഗ്രന്ഥത്തിന്റെയും വചനത്തിന്റെയും അടിസ്ഥാനത്തിൽ വ്യക്തിപരമായി വളർച്ച കൈവരിക്കുവാൻ പരിശ്രമിക്കുന്നു.

**3. എമ്മാവൂസ് കോഴ്സ് (Emmaus Course)**

നിശ്ചിതസമയത്തിലെ, പഠനഗ്രൂപ്പിലൂടെ വ്യക്തിപരമായ പ്രാർത്ഥന, ആന്തരിക സൗഖ്യം, കൗദാശിക ജീവിതം, സാക്ഷ്യ ജീവിതം, പത്തു കൽപനകൾ, ആത്മാവിലുള്ള ജീവിതം തുടങ്ങിയ പഠനത്തിലൂടെ സ്വയം പരിത്യജിച്ച്, കുരിശെടുത്ത്, യേശുവിനെ അനുഗമിക്കാൻ തയ്യാറാകുന്ന സമർപ്പണത്തിന് പ്രാധാന്യം നൽകുന്ന പരിശീലന ഘട്ടമാണിത്.

**4. മിഷനറി ശിഷ്യത്വ പരിശീലനം (Missionary Discipleship Course)**

ജീസസ്‌യൂത്ത് രൂപവത്ക്കരണക്രമത്തിൽ മേൽപ്പറഞ്ഞ 3 കോഴ്സുകളും പൂർത്തിയാക്കുന്ന വ്യക്തി എത്തിച്ചേരേണ്ട ലക്ഷ്യമാണ് നാലാം ഘട്ടത്തിലെ ഈശോയുടെ ശിഷ്യനായിത്തീരുക എന്നത്. നിശ്ചിത സമയത്തിലെ പഠനക്രമത്തിലൂടെ ഈ ലോക പ്രലോഭനങ്ങളെ അതിജീവിച്ച് ആത്മീയ ദർശനത്തിൽ പ്രേഷിതരായിത്തീരുന്ന ഘട്ടമാണിത്.

**കഴിഞ്ഞ മാസങ്ങളിൽ നടന്ന വിവിധ ശുശ്രൂഷകൾ**

**Above 2018 യുവജന കൺവെൻഷൻ**

വിൻസെന്റ് ഗിരി സെന്റ് പാട്രിക്സ് സ്കൂളിൽ വെച്ച് നടത്തപ്പെട്ട Above 2018 യുവജന കൺവെൻഷനിൽ മാനന്തവാടി ജീസസ് യൂത്ത് കുടുംബത്തിൽ നിന്നും 33 ലീഡേഴ്സ് വോളന്റീയേഴ്സായി ശുശ്രൂഷ ചെയ്തു.

**സെപ്തംബർ 22 – ഏകദിന യുവജന ധ്യാനം**

മാനന്തവാടി അമലോത്ഭവ തീർത്ഥാടന കേന്ദ്രത്തിൽ (ലത്തീൻ പള്ളി) ഇടവകയിലെ യുവജനങ്ങൾക്കായി ഒരു ഏകദിന ധ്യാനം

സെപ്തംബർ മാസം 22-ാം തീയതി ശനിയാഴ്ച്ച നടത്തപ്പെട്ടു. 120 ഓളം യുവജനങ്ങൾ പങ്കെടുത്തു. മാനന്തവാടി സോൺ ജീസസ് യൂത്ത് ചാപ്ലെയ്ൻ ഫാ. ജയ്മോൻ കളമ്പുകാട്ടിന്റെ നേതൃത്വത്തിൽ നടന്ന ശുശ്രൂഷയിൽ ഷൈജു ജോസ് കൊച്ചുകുടിയിൽ, ബിജു ജോസഫ് അരീപ്ലാക്കൽ, ഫുൾടൈമർ അൻസു ജേക്കബ്, ഡോ. ഡിനു ആൻ ഡൊമിനിക്ക്, ഡോ. സജീവ് തോമസ് എന്നിവർ വിവിധ ശുശ്രൂഷകൾ നിർവ്വഹിച്ചു. ഇടവക വികാരി റവ. ഫാ. സെബാസ്റ്റ്യൻ കാരക്കാട്ട്, സഹവികാരി റവ. ഫാ. ഫ്രെഡിൻ ജോസഫ് എന്നിവർ മുഴുവൻ ശുശ്രൂഷകൾക്കായി വേണ്ട സഹായങ്ങൾ ചെയ്തു തരുകയും ചെയ്തു.

**നവംബർ 6 – നൈറ്റ് വിജിൽ**

ഈ വർഷത്തെ ജീസസ് യൂത്ത് ലീഡേഴ്സ് ട്രയിനിംഗ് പ്രോഗ്രാമിന്റെ വിജയത്തിനായി മേരിമാതാ കോളേജിൽ വെച്ച് നൈറ്റ് വിജിൽ നടത്തി. മേരിമാതാ കോളേജ് മാനേജർ ബഹു. ജോർജ്ജ് മൈലാടൂർ അച്ചനും പങ്കെടുത്തു.

**പ്രാർത്ഥനാ കൂട്ടായ്മ**

മാനന്തവാടി സോൺ ജീസസ് യൂത്ത് പാരിഷ് മിനിസ്ട്രി കോർഡിനേറ്റർ വിനു മാത്യു ചാത്തംകണ്ടത്തിലിന്റെ നേതൃത്വത്തിൽ പനമരം ഇടവകയിൽ പ്രാർത്ഥനാ കൂട്ടായ്മ രൂപീകരിച്ചു.

**2018 ലീഡേഴ്സ് ട്രയിനിംഗ് പ്രോഗ്രാം**

ഒണ്ടയങ്ങാടി മേരിമാതാ ആർട്സ് & സയൻസ് കോളേജിൽ വെച്ച് ഈ വർഷത്തെ ലീഡേഴ്സ് ട്രയിനിംഗ് പ്രോഗ്രാം നവംബർ മാസം 9,10,11 തീയതികളിൽ നടത്തപ്പെട്ടു. ജീസസ്‌യൂത്ത് എറണാകുളം സെൻട്രൽ ടീമിൽ നിന്നും സിൻജോയുടെ നേതൃത്വത്തിൽ വന്ന ടീമാണ് ട്രയിനിംങ് നൽകിയത്. ധ്യാനം കൂടി പുതിയ ലീഡേഴ്സായും നിലവിൽ ലീഡേഴ്സായി ശുശ്രൂഷ ചെയ്തുകൊണ്ടിരിക്കുന്നവരുമായ 57 പേർ ട്രയിനിംങിൽ പങ്കെടുത്തു. കണിയാമ്പറ്റ ഇടവക വികാരിയായ റവ.ഫാ. വിനോദ് പാക്കാനികുഴി, ദ്വാരക സീയോൻ ധ്യാനകേന്ദ്രം ഡയറക്ടർ റവ. ഫാ. സോണി വാഴക്കാട്ട്, ജീസസ് യൂത്ത് ചാപ്ലെയ്ൻ റവ. ഫാ. ജെയ്മോൻ കളമ്പുകാട്ട് എന്നിവർ വിശുദ്ധ കുർബാനയർപ്പിച്ചു പ്രാർത്ഥിച്ചു. ബഹു. ജോർജ്ജ് മൈലാടൂർ അച്ചൻ യുവജനങ്ങൾക്കായി പ്രാർത്ഥിക്കുകയും ചെയ്തു.

**കേരള-നാഷണൽ കൗൺസിൽ അസംബ്ലി**

നവംബർ 11-ാം തീയതി മേരിമാതാ കോളേജിൽ വെച്ച് നടന്ന സോണൽ അസംബ്ലിയിൽ കേരളാ കൗൺസിലിലേക്ക് വിനു മാത്യു ചാത്തംകണ്ടത്തിൽ, റിബിൻ ബേബി കുന്നുമ്മേൽ, അമൽ സെബാസ്റ്റ്യൻ അരീപ്പാക്കൽ എന്നിവരും നാഷണൽ കൗൺസിലിലേക്ക് അമൽ സെബാസ്റ്റ്യൻ അരീപ്പാക്കലും വോട്ടെടുപ്പിലൂടെ തെരഞ്ഞെടുക്കപ്പെട്ടു.

**Jesus Youth Kerala Conference**

യുവജന വർഷത്തോടനുബന്ധിച്ച് പാലാ സെന്റ് തോമസ് കോളേജിൽ വെച്ച് ഡിസംബർ 27 മുതൽ 29 വരെ 6000 പേർ പങ്കെടുക്കുന്ന JYKC (Jesus Youth Kerala Conference) പ്രോഗ്രാമിലേക്ക് നമ്മുടെ സോണിൽ നിന്നും 50 ലീഡേഴ്സ് പങ്കെടുത്തു.

**മികവിന്റെ തിളക്കം**

കാലിക്കറ്റ് യൂണിവേഴ്സിറ്റി എം.എ. ഫിലോസഫിയിൽ രണ്ടാം റാങ്ക് നേടിയ ദീപ്തിഗിരി ഇടവകാംഗം ആശ സേവ്യർ അറക്കപ്പറമ്പിലിന് മാനന്തവാടി സോൺ ജീസസ് കുടുംബം അഭിനന്ദനങ്ങൾ അറിയിച്ചു.

**ഇടവക ധ്യാനം - സെന്റ് ജൂഡ് ചർച്ച്, പനമരം**

പനമരം സെന്റ് ജൂഡ് ഇടവകയിൽ ജീസസ് യൂത്ത് - നല്ല അയൽക്കാരൻ പദ്ധതിയുടെ ഭാഗമായി ക്രിസ്തുമസ്സിനൊരുക്കമായി രണ്ടു ദിവസത്തെ ധ്യാനം ഡിസംബർ 15,16 തീയതികളിൽ നടത്തപ്പെടുകയുണ്ടായി. ധ്യാനദിവസങ്ങളിൽ ഇടവകയിലെ ഭവനങ്ങൾ സന്ദർശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. ഇടവക വികാരി ബഹുമാനപ്പെട്ട ഷൈജു മുതിരക്കാലായിൽ അച്ചനും സിസ്റ്റേഴ്സും മറ്റു സഹകാരികളും ധ്യാനവുമായി ബന്ധപ്പെട്ട സഹായങ്ങൾ ചെയ്തു തരികയും ചെയ്തു.

**നടക്കാനിരിക്കുന്ന വിവിധ ശുശ്രൂഷകൾ**

**പരീക്ഷ ഒരുക്ക ധ്യാനം - സാഗോ (ജ്ഞാനം) 2019**

മാനന്തവാടി സോൺ ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ 2019 ജനുവരി മാസം 11,12,13 തീയതികളിൽ (രണ്ടാം വെള്ളി, ശനി, ഞായർ) 10,11,12 എന്നീ ക്ലാസ്സുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്കായി സാഗോ 2019 എന്ന പേരിൽ പരീക്ഷ ഒരുക്കധ്യാനം ദ്വാരക

സീയോൻ ധ്യാനകേന്ദ്രത്തിൽ വെച്ച് നടത്തപ്പെടുന്നു. 11–ാം തീയതി വെള്ളിയാഴ്ച്ച വൈകുന്നേരം 5 മണിക്ക് ആരംഭിച്ച് 13–ാം തീയതി വൈകുന്നേരം 4 മണിയോടുകൂടി ധ്യാനം അവസാനിക്കുന്നതാണ്. 450 പേരെയാണ് പ്രതീക്ഷിക്കുന്നത്. രജിസ്ട്രേഷൻ ജനുവരി 6 ഞായറാഴ്ച്ച അവസാനിക്കുന്നതാണ്. ആയതിനാൽ, ഇതൊരു അറിയിപ്പായി സ്വീകരിക്കണമെന്നും കുട്ടികളെ പറഞ്ഞുവിടാൻ മനസ്സാകണമെന്നും സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

**ഫിലിപ്പ് കോഴ്സ്**

ജീസസ് യൂത്ത് മുന്നേറ്റത്തിലേക്ക് കടന്നുവരാനായി ആഗ്രഹിക്കുന്ന, കുറഞ്ഞത് ഒരു വർഷമെങ്കിലും ജീസസ് യൂത്തിനോടു ചേർന്നു പ്രവർത്തിക്കുന്നവരും കൂട്ടായ്മകളിൽ പങ്കെടുക്കുന്നവരുമായ യുവജനങ്ങൾക്കായി പ്രാഥമിക ധ്യാനമെന്ന നിലയിൽ 48 മണിക്കൂർ നീണ്ടുനിൽക്കുന്ന ഫിലിപ്പ് കോഴ്സ്, ഫോർമേഷൻ മിനിസ്ട്രിയുടെ നേതൃത്വത്തിൽ 2019 ജനുവരി മാസം 25,26,27 തീയതികളിൽ നടത്തപ്പെടുന്നു. ഇതിനൊരുക്കമായി ജനുവരി 6–ാം തീയതി മാനന്തവാടിയിൽ വെച്ച് ഫിലിപ്പ് കോഴ്സ് ഓറിയന്റേഷൻ പ്രോഗ്രാമും നടത്തപ്പെടുന്നു.

**ഷൈജു ജോസ്**

കോ–ഓർഡിനേറ്റർ ഇൻചാർജ്ജ്

ജീസസ് യൂത്ത്, മാനന്തവാടി, ഫോൺ: 9497127300

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയപ്പെട്ട വിൻസെൻഷ്യൻ സഹോദരരെ,

ഒരു പുതിയ വർഷത്തിലേക്ക് നാം കടക്കുകയാണ്. ഒട്ടേറെ പ്രതീക്ഷകളും പ്രത്യാശകളും ഈ പുതിയ വർഷത്തിൽ നമ്മോടൊപ്പമുണ്ട്. പോയവർഷത്തിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ കണ്ണീരിന്റെ നനവും സന്തോഷത്തിന്റെ കുളിർമയും നാമോരോരുത്തർക്കുമുണ്ട്. നമ്മുടെ മുന്നിലുള്ള ഈ വർഷവും സന്തോഷത്തിന്റേതു മാത്രമാകണമെന്നില്ല. നാം ആഗ്രഹിക്കുന്നതുപോലെ എല്ലാം നടന്നുകൊള്ളണമെന്നില്ല. കണ്ണീരോടെ ഞാൻ പ്രർത്ഥിച്ചിട്ടും ദൈവം എന്നോടിങ്ങനെയാണല്ലോ പ്രവർത്തിച്ചത്, ഞാൻ ആഗ്രഹിച്ചത് ഇതല്ലെന്ന പരിഭവവും നമ്മിൽ പലരും ഉയർത്താറുമുണ്ട്. എന്നാൽ ദൈവീകപദ്ധതി എന്താണെന്ന് നമുക്കറിയില്ലാത്തതാണ് ഇതിനു കാരണമെന്ന് നാം മനസ്സിലാക്കണം. കഴിഞ്ഞ 50-വർഷങ്ങൾക്കുള്ളിൽ നമ്മുടെ സംസ്ഥാനം കണ്ട ഏററവും വലിയ പ്രളയത്തിലൂടെയാണ് നാം കടന്നുപോയത്. പ്രളയം വരുത്തിവച്ച ദുരന്തങ്ങളിൽനിന്നും നാം പൂർണ്ണമായും കരകയറിയിട്ടുമില്ല. ഒട്ടേറെ ജീവൻ നഷ്ടമായി, വീടുകളും സമ്പാദ്യങ്ങളും നശിച്ചു. എങ്കിലും പ്രത്യാശ കൈവിടാതെ നാം പ്രവർത്തിച്ചു, നഷ്ടപ്പെട്ടവയുടെ പുനഃസൃഷ്ടിക്കായി നാം കൈകോർത്തു. ഇവിടെയാണ് മനുഷ്യന്റെ പ്രത്യാശ നാം കാണുന്നത്. പ്രതിസന്ധികളും അവയുടെ അതിജീവനുമൊക്കെ നമ്മിലൂടെ കടന്നുപോകും. ഇവയിലെല്ലാം ദൈവത്തിന്റെ പദ്ധതികളുണ്ട്. എല്ലാം നന്മയ്ക്കായാണ് സംഭവിക്കുന്നത്. പ്രത്യാശ, നന്മ ചെയ്യുവാനുള്ള പ്രേരണ എന്നിവയൊക്കെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളാണ്. ഏതു പ്രതിസന്ധികളിൽനിന്നും നമ്മെ രക്ഷിക്കുവാൻ ശക്തനായ ദൈവം കാത്തുനിൽപ്പുണ്ടെന്ന പരമമായ സത്യം നാം എപ്പോഴും ഹൃദയത്തിൽ കാത്തുസൂക്ഷിക്കണം. ചഞ്ചലഹൃദയരാവാതെ – ഉത്തമമനസാക്ഷിയോടെ–നമ്മുടെ ഓരോ പ്രവർത്തിയും ദൈവത്തെ

മഹത്വപ്പെടുത്തുവാനാണെന്ന തിരിച്ചറിവോടെ ഈ പുതുവർഷത്തെ നമുക്ക് വരവേല്ക്കാം. കാലിത്തൊഴുത്തിൽ പിറന്ന്, ലാളിത്യത്തിന്റെ പരമോദാഹരണമായ ദൈവപുത്രന്റെ ഹിതമനുസരിച്ച്-നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിച്ച് ഓരോ വിൻസെൻഷ്യനും ഇനിയും മുന്നേറട്ടെയെന്ന് സ്നേഹപൂർവം ആശംസിക്കുന്നു.

**സി.സി.യോഗം**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി മാനന്തവാടി സെൻട്രൽ കൗൺസിൽ യോഗം ഡിസംബർ 8-ന് നടവയൽ ഓസാനാം ഭവനിൽ നടന്നു. പ്രരംഭപ്രാർത്ഥന, ജ്ഞാനവായന എന്നിവയ്ക്ക് സി.റോസമ്മ അയ്യങ്കുഴയ്ക്കൽ, ബ്രദർ ബിനു കടുപ്പിൽ എന്നിവർ നേതൃത്വം നല്കി. സി.സി. പ്രസിഡന്റ് ബ്രദർ ജോർജ്ജ് ആക്കാന്തിരി അധ്യക്ഷത വഹിച്ചു. സി.സി. ജനറൽസെക്രട്ടറി ബ്രദർ ബാബു നമ്പുടാകം പ്രവർത്തന റിപ്പോർട്ട്, സി.സി.ട്രഷറർ ബ്രദർ എൻ.യു. ജോൺ സി.സി.യുടെ കണക്കുകൾ, ഓസാനാംഭവൻ സെക്രട്ടറി ബ്രദർ വിൻസെന്റ് ജോൺ വടക്കുംചേരി ഓസാനാംഭവന്റെ വരവ്-ചിലവ് കണക്കുകൾ എന്നിവ അവതരിപ്പിച്ചു. ചർച്ചകൾക്കുശേഷം യോഗം ഇവ അംഗീകരിച്ചു. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി മൈസൂർ എ.സി.ആത്മീയ ഉപദേഷ്ടാവായിരുന്ന റവ.ഫാ.ജോസഫ് മറ്റത്തിന്റെ നിര്യാണത്തിൽ യോഗം അനുശോചിച്ചു. നിലമ്പൂർ കോൺഫ്രൻസ് പ്രസിഡന്റായിരുന്ന ബ്രദർ തോമസ് പുളിക്കത്തടത്തിൽ, ഇടിവണ്ണ കോൺഫ്രൻസ് അംഗം ബ്രദർ ബേബി പൂവത്തിങ്കൽ, തരിയോട് കോൺഫ്രൻസ് അംഗമായിരുന്ന സി. മറിയക്കുട്ടി അയ്യങ്കുഴയ്ക്കൽ, ശിശുമല കോൺഫ്രൻസ് അംഗമായിരുന്ന ബ്രദർ വർഗീസ് പഞ്ഞിക്കാലായിൽ എന്നിവരുടെ ദേഹവിയോഗത്തിൽ യോഗം അനുശോചിച്ചു. ജനുവരി രണ്ടിന് ഓസാനാം ഭവനിൽ ക്രിസ്മസ്, പുതുവത്സര ആഘോഷങ്ങൾ നടത്തുവാൻ തീരുമാനിച്ചു. ഓസാനാം ഭവനിലെ അപ്പച്ചന്മാർക്ക് പുതുവസ്ത്രം സമ്മാനിക്കുവാൻ ഓരോ കോൺഫ്രൻസും 750-രൂപാവീതം സംഭാവന ചെയ്യുവാൻ തീരുമാനിച്ചു. എ.സി. തലത്തിൽ വാട്സ്ആപ്പ് ഗ്രൂപ്പുകൾ ആരംഭിക്കുവാൻ തീരുമാനിച്ചു. ഓസാനാം ഭവനിൽ സി.സി.ടിവി. സ്ഥാപിക്കുവാൻ തീരുമാനിച്ചു.

**പുതിയ കോൺഫ്രൻസ് ഭാരവാഹികൾ**

മരക്കടവ് സെൻറ് ജോസഫ്സ് ഇടവകയിൽ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി കോൺഫ്രൻസ് തെരഞ്ഞെടുപ്പ് നടത്തി. സി.സി.ജനറൽ സെക്രട്ടറി ബ്രദർ ബാബു നമ്പുടാകം അധ്യക്ഷത വഹിച്ചു. സി.സി. സെക്രട്ടറി ബ്രദർ വിൻസെൻറ് ജോൺ വടക്കുംചേരി സന്ദേശം നല്കി. റവ.സി.ജോയ്സി, പാടിച്ചിറ എ.സി. പ്രസിഡന്റ് ബ്രദർ മാത്യു തറയിൽ, സെക്രട്ടറി സി. ലീലാമ്മ ജോൺ, ബ്രദർ മനോജ് വല്ലാട്ട് എന്നിവർ ആശംസകളർപ്പിച്ചു. ഭാരവാഹികൾ - ബ്രദർ ജോസ് വെട്ടുകാട്ടിൽ (പ്രസിഡന്റ്), ബ്രദർ മനോജ് വല്ലത്ത് (സെക്രട്ടറി), ബ്രദർ തങ്കച്ചൻ ഊന്നാറുങ്കല്ലേൽ (വൈ.പ്രസി.), ബ്രദർ സണ്ണി പെരുമ്പിൽ (ട്രഷറർ), സെൻറ് മേരീസ് വനിതാ കോൺഫ്രൻസ് ഭാരവാഹികൾ - റവ.സി.ജോയ്സ് (രക്ഷാധികാരി), സി.ഗ്രേസി വെട്ടുകാട്ടിൽ (പ്രസി.), സി.വത്സ നരിവേലിൽ (സെക്രട്ടറി)

**ഓസാനാംഭവൻ സന്ദർശനം**

2019 ജനുവരി-കല്പ്പറ്റ, തോണിച്ചാൽ എ.സി.യിൽപ്പെട്ട കോൺഫ്രൻസുകൾ. ഫെബ്രുവരി-ബത്തേരി, ഗൂഡല്ലൂർ എ.സിയിൽപ്പെട്ട കോൺഫ്രൻസുകൾ.

ഒത്തിരി സ്നേഹത്തോടെ,

**റവ. ഫാ. അഗസ്റ്റിൻ പുത്തൻപുര**
സി.സി. ആത്മീയ ഉപദേഷ്ടാവ്
**ബ്ര. ജോർജ്ജ് ആക്കാന്തിരി**
സി.സി. പ്രസിഡന്റ്

**നബാർഡ് ഉദ്യോഗസ്ഥർ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയിൽ**

നബാർഡിൽ ഈ വർഷം പുതുതായി ജോലിയിൽ പ്രവേശിച്ച 10 ഉദ്യോഗസ്ഥർ മൂന്ന് ആഴ്ച വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയിൽ ഗ്രാമവികസനത്തെകുറിച്ച് പഠിക്കാൻ എത്തിച്ചേർന്നു. ഇന്ത്യയിൽ ഈ വർഷം ആകെ നബാർഡ് നിയമിച്ച 81 പേരിൽ 10 പേരാണ് വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയിൽ എത്തിച്ചേർന്നത്. സന്നദ്ധ സംഘടനകളുടെ പ്രവർത്തനങ്ങൾ, കർഷക ഉത്പാദക സംഘങ്ങളുടെ പ്രവർത്തനങ്ങൾ, ഗ്രാമീണ ബാങ്കുകളുടെ പ്രവർത്തനങ്ങൾ, ത്രിതല പഞ്ചായത്ത്രാജ് സംവിധാനങ്ങളുടെ പ്രവർത്തനങ്ങൾ, മിൽക്ക് സൊസൈറ്റികൾ ഉൾപ്പെടെയുള്ള സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ എന്നിവ മനസ്സിലാക്കുന്നതിനാണ് പ്രധാനമായും ഉദ്യോഗസ്ഥർ എത്തിച്ചേർന്നത്. കൂടാതെ നബാർഡ് ജില്ലയിൽ നടപ്പിലാക്കിവരുന്ന നീർത്തട വികസന പദ്ധതികൾ, സമഗ്ര ആദിവാസി വികസന പദ്ധതികൾ, വനിതാ സ്വാശ്രയസംഘങ്ങൾ, കർഷക ക്ലബുകൾ, ഗ്രാമീണ വിപണികൾ തുടങ്ങി വിവിധ പദ്ധതികളെക്കുറിച്ചും ടീം പഠനം നടത്തി. നബാർഡ് ഹെഡ് ഓഫീസ് മുംബൈ, റീജിയണൽ ഓഫീസ് ഭുവനെശ്വർ, റീജിയണൽ ഓഫീസ് ചെന്നൈ, റീജിയണൽ ഓഫീസ് ഹൈദ്രാബാദ്, റീജിയണൽ ഓഫീസ് തിരുവനന്തപുരം എന്നിവിടങ്ങളിൽ നിന്നുള്ള ഉദ്യോഗസ്ഥർ ആണ് ടീമിൽ ഉണ്ടായിരുന്നത്. ടീം ദീപ്തിഗിരി മിൽക്ക് സൊസൈറ്റി, തരിയോട് മിൽക്ക് സൊസൈറ്റി, അമ്പലവയൽ മിൽക്ക് സൊസൈറ്റി, സുൽത്താൻ ബത്തേരി മിൽക്ക് സൊസൈറ്റി, ജില്ലാ സഹകരണബാങ്ക്, എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ, ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി, ശ്രേയസ് സുൽത്താൻബത്തേരി, കമ്മ്യൂണിറ്റി റേഡിയോ മാറ്റൊലി, ബയോവിൻ അഗ്രോ റിസേർച്ച്, പ്രാദേശിക കാർഷിക

ഗവേഷണകേന്ദ്രം അമ്പലവയൽ, ഉറവ് തൃക്കൈപ്പറ്റ, കുടുംബശ്രീ, റോസ്ഗാർഡൻ മേപ്പാടി എന്നിവിടങ്ങൾ സന്ദർശിച്ചു. കൂടാതെ മാനന്ത വാടി രൂപതാ അദ്ധ്യക്ഷൻ ബിഷപ്പ് മാർ ജോസ് പൊരുന്നേടം, നബാർഡ് സി.ജി.എം. (റിട്ടയേർഡ്) ബി അശോക്, യൂണിസെഫ് കോൺസൾട്ടന്റ് രാജ് മോഹൻ എന്നിവരുമായും ടീം സംവദിച്ചു. ഇന്ത്യയിൽ പത്ത് സ്ഥല ങ്ങളിൽ ഈ പഠന പരിപാടി നടന്നപ്പോൾ, കേരളത്തിൽ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയെ മാത്രമാണ് ഈ പഠനത്തിന് നബാർഡ് തെരഞ്ഞെടുത്തത്. പഠനത്തിന് വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടർ ഫാ. പോൾ കൂട്ടാല, അസ്സോസി യേറ്റ് ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീ സർ ജോസ് പി.എ. എന്നിവർ നേതൃത്വം നൽകി.

## നൂറ് കുടുംബങ്ങൾക്ക് കൈത്താങ്ങുമായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി

കഴിഞ്ഞ പ്രളയകാലത്ത് ദുരിതത്തിൽ അകപ്പെട്ട നൂറു കുടും ബങ്ങൾക്ക് ജീവിതമാർഗം രൂപപ്പെടുത്തുന്നതിന് സഹായ ഹസ്തവു മായി മാനന്തവാടി രൂപതയുടെ സാമൂഹ്യവികസന പ്രസ്ഥാനമായ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി തൊണ്ടർനാട്, എടവക എന്നീ ഗ്രാമപഞ്ചായത്തുകളിൽനിന്നും അതാതു പ്രദേശത്തെ ജനപ്രതി നിധികൾ അംഗീകരിച്ച ഓരോ കുടുംബത്തിനും കോഴി വളർത്തൽ, ആട് വളർത്തൽ, വാഴകൃഷി, കപ്പ കൃഷി, കുരുമുളക് വളർത്തൽ, കാപ്പി വളർത്തൽ എന്നിവയ്ക്കായി 22900 രൂപ വിതരണം ചെയ്യും. ഓരോ ഗുണഭോക്താവിന്റെയും ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് പണം നിക്ഷേ പിക്കും. കാത്തലിക് റിലീഫ് സർവീസസ് ചെന്നൈയും ആയി സഹക രിച്ചാണ് വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ഈ പദ്ധതി നട പ്പിലാക്കുന്നത്. സാമ്പത്തിക സഹായത്തിന് പുറമെ പരിശീലനങ്ങൾ, പഠനയാത്ര, വിദഗ്ധരുടെ കൃഷിയിട സന്ദർശനം എന്നിവയും പദ്ധതി യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ ഉദ്ഘാടനം മാനന്തവാടി രൂപതാ അദ്ധ്യക്ഷൻ ബിഷപ് മാർ ജോസ് പൊരുന്നേടം നിർവ്വഹിച്ചു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടർ റവ.ഫാ. പോൾ കൂട്ടാല അദ്ധ്യക്ഷത വഹിച്ചു. എടവക ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഉഷ വിജയൻ മുഖ്യപ്രഭാഷണം നടത്തി. പ്രോഗ്രാം ഓഫീസർ ജോസ് പി.എ. പദ്ധതി വിശദീകരിച്ചു. വയനാട് സോഷ്യൽ സർവീസ്

സൊസൈറ്റി അസോസിയേറ്റ് ഡയറക്ടർ റവ.ഫാ. ജിനോജ് പാലത്തടത്തിൽ, കോ ഓർഡിനേറ്റർ ബിജു കെ.ജെ., ട്രെയിനിംഗ് കോ ഓർഡിനേറ്റർ സുജ മാത്യു എന്നിവർ സംസാരിച്ചു.

## DDU-GKY

കേന്ദ്രഗ്രാമ വികസന മന്ത്രാലയത്തിന്റെ കീഴിൽ ഗ്രാമങ്ങളിലെ 15 നും 35 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളെ കൂടുതൽ അഭ്യസ്ഥ വിദ്യരാക്കുന്നതിനും തൊഴിൽ നേടിയെടുക്കാൻ പ്രാപ്തരാക്കുന്നതിനും വേണ്ടി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ വിവിധ കോഴ്സുകൾ നടത്തിവരുന്നു. കേരളത്തിൽ കുടുംബശ്രീ മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. ഈ കോഴ്സ് പൂർണ്ണമായും സൗജന്യമാണ്. പഠനം പൂർത്തിയാക്കുന്ന എല്ലാവർക്കും NCVT/SSC സർട്ടിഫിക്കറ്റും വിവിധ കമ്പനികളിൽ ജോലിയും നൽകുന്നതാണ്. DDU-GKY, NULM എന്നീ പ്രോജെക്റ്റ് ആണ് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിലൂടെ നടപ്പിലാക്കുന്നത്.

ഫാഷൻ ഡിസൈനിങ്ങ്, ഫുഡ് പ്രോസസ്സിംഗ്, തയ്യൽ പരിശീലനം തുടങ്ങിയ കോഴ്സുകളുടെ ക്ലാസുകൾ ആരംഭിച്ചുകഴിഞ്ഞു. കഴിഞ്ഞ ബാച്ചുകളുടെ പരീക്ഷയും അതുപോലെ ജോലിയും നൽകി.

തികച്ചും സൗജന്യമായ ഈ കോഴ്സിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രത്യേകതയാണ് പഠന സമയങ്ങളിൽ ഉള്ള സ്റ്റൈഫണ്ട്. ഓരോ കുട്ടിക്കും ഹാജറിന് അനുസരിച്ച് ദിവസം 125 രൂപയോളം ലഭിക്കുന്നതാണ്.

പ്രിൻസിപ്പൽ ഫ്രാൻസീസ് സാറിന്റെ സെന്റോഫും പുതിയതായി വന്ന ലിന്റോ സാറിന് സ്വീകരണവും നൽകി. കോഴ്സ് പൂർത്തീകരിച്ച വിദ്യാർത്ഥികളുടെ പ്ലെയ്സ്മെന്റ് വിജയകരമായി പൂർത്തിയാക്കി.

DDU-GKY കോഴ്സുകളുടെ പുതിയ ബാച്ചുകളിലേക്കുള്ള പ്രവേശനം ആരംഭിച്ചിരിക്കുന്നു. ഫാഷൻ ഡിസൈൻ കോഴ്സിന് +2 ഉം മറ്റ് കോഴ്സുകൾക്ക് 10-ാം ക്ലാസ്സുമാണ് അടിസ്ഥാന പ്രവേശന യോഗ്യത. വിജയകരമായി പഠനം പൂർത്തിയാക്കുന്ന എല്ലാവർക്കും ജോലി വാഗ്ദാനം ചെയ്യുന്നു. ആധുനിക സജ്ജീകരണങ്ങളോട് കൂടിയ ക്ലാസ്സ് റൂമുകൾ, വിദ്യാർത്ഥികൾക്ക് സ്പോക്കൺ ഇംഗ്ലീഷ്, കമ്പ്യൂട്ടർ, പേഴ്സണാലിറ്റി ഡെവലപ്മെന്റ് എന്നിവയിൽ പ്രത്യേക പരിശീലനം

നൽകുന്നു. കൂടാതെ ഓരോ വിദ്യാർത്ഥികൾക്കും പഠനസമയങ്ങളിൽ കമ്പ്യൂട്ടർ/ടാബ്ലെറ്റ് എന്നിവയും കൊടുക്കുന്നതാണ്.

**തൃശൂർ ജില്ലയിൽ വികാസ്പീഡയയ്ക്ക് വിപുലമായ പരിപാടികൾ**

വികാസ്പീഡിയ പ്രചരണ പരിപാടികളുടെ ഭാഗമായി വയനാട് സോഷ്യൽ സൽവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ തൃശൂർ ജില്ല യിൽ വിപുലമായ പരിപാടികൾ നടന്നുവരുന്നു. ജില്ലാതല ഡിജിറ്റൽ ഇന്റഗ്രേഷൻ ശില്പശാലയ്ക്ക് മുന്നോടിയായി അക്ഷയ സംരംഭ കർക്കായി അലങ്കാർ ഹോട്ടൽ ഓഡിറ്റോറിയത്തിലും മാധ്യമ പ്രവർത്ത കർക്കായി എലൈറ്റ് ഹോട്ടൽ ഓഡിറ്റോറിയത്തിലും പരിപാടികൾ സംഘടിപ്പിച്ചു. സംസ്ഥാന കൃഷിവകുപ്പിന് കീഴിൽ നടക്കുന്ന വൈഗ കൃഷി ഉന്നതി മേളയുടെ ഭാഗമായി കൃഷിവകുപ്പ് സെക്രട്ടറിയുടെയും ഡയറക്ടറുടെയും നേതൃത്വത്തിൽ വിളിച്ചു ചേർത്ത യോഗത്തിൽ വികാസ്പീഡിയ സ്റ്റേറ്റ് കോഡിനേറ്റർ സി.വി.ഷിബു പങ്കെടുത്തു. വൈഗ യിൽ അവതരിപ്പിക്കുന്ന പ്രബന്ധങ്ങളും സെമിനാറുകളും റിപ്പോർട്ട് ചെയ്ത് വികാസ്പീഡിയയിൽ ഉൾക്കൊള്ളിക്കുന്നതിന് വിവരദാതാക്കളെ റിക്രൂട്ട് ചെയ്ത് അവരെ പരിശീലിപ്പികയും ചെയ്തു.

ആലപ്പുഴ ജില്ലയിലെ മുഹമ്മ ചീരപ്പൻചിറയിലും എറണാകുളം ജില്ലയിലെ തേവര സേക്രട്ട് ഹാർട്ട് കോളേജിലും വികാസ്പീഡിയ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ചു. വില്ലേജ് എക്സ്റ്റൻഷൻ പ്രോഗ്രാമിന്റെ ഭാഗമായി ഒഴുക്കൻമൂല സർഗ്ഗ ആർട്സ് ആന്റ് സ്പോർട്സ് ക്ലബിൽ വികാസ്പീഡിയ വിജ്ഞാന വ്യാപന പരിപാടി നടത്തി.

**പാരമ്പര്യ കുരുമുളകുസംരക്ഷണ പദ്ധതി**
**(Traditional Pepper Conservation Project)**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ബോയ്സ്ടൗണിൽ നടപ്പിലാക്കുന്ന കുരുമുളകു പദ്ധതിയുടെ പ്രവർത്തനം കഴിഞ്ഞ മാസം നടന്നു. പേരിയ, പൊട്ടൻതോട്, നടയ്ക്കൽ, കമ്പമല എന്നീ സ്ഥലങ്ങ ളിൽ ഫീൽഡ് സർവ്വെ നടത്തി. ഇതുവരെയുള്ള സർവ്വെകളിലൂടെ 81–ൽ പരം പാരമ്പര്യ കുരുമുളകിനങ്ങൾ ശേഖരിക്കുവാൻ കഴിഞ്ഞു. ചോലക്കൊടി, അഗളിപെപ്പർ, തുടങ്ങിയ പാരമ്പര്യ ഇനങ്ങൾ ശേഖരി ക്കുവാൻ കഴിഞ്ഞു. ഇതിനോടൊപ്പം കർഷകർക്ക് നൽകുന്നതിനായി

കാപ്പി തൈകൾ നഴ്സറിയിൽ സജ്ജമാക്കിയിട്ടുണ്ട്. റോബസ്റ്റ കാപ്പിയുടെ പുതിയ ഇനമായ റോബസ്റ്റ-270 എന്ന ഇനം തൈകൾ നഴ്സറിയിൽ ഉണ്ട്. കർഷകർക്ക് ലഭ്യമാക്കുന്നതിന് വാരണാസി കമ്പോസ്റ്റിന്റെ പ്രവർത്തനങ്ങളും നടത്തി. കുരുമുളക് തോട്ടത്തിന്റെ കളനിയന്ത്രണം, രോഗനിയന്ത്രണ പ്രവർത്തനങ്ങൾ, ജലസേചനം തുടങ്ങിയ പ്രവർത്തനങ്ങളും നടത്തുകയുണ്ടായി. ഗവേഷണ പ്രവർത്തകർ, MSW വിദ്യാർത്ഥികൾ തുടങ്ങിയവർ ബോയ്സ് ടൗൺ സന്ദർശിക്കുകയും, വിശദീകരണ ക്ലാസുകൾ നൽകുകയും ചെയ്തു.

## സേവ് എ ഫാമിലി പ്ലാൻ

സേവ് എ ഫാമിലി പ്ലാനിന്റെ ഭാഗമായി അംഗത്വം ലഭിച്ച പുതിയ കുടുംബങ്ങൾക്ക് സംരംഭകത്വ പരിശീലനം നടത്തി. യോഗത്തിന് ബഹു. ഡയറക്ടർ ഫാ. പോൾ കൂട്ടാല ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. പ്രോഗ്രാം ഓഫീസർ ശ്രീ. ജോസ് പി.എ. അദ്ധ്യക്ഷത വഹിച്ചു. ശ്രീ. ഷിബു സി.വി., മുഖ്യ പരിശീലകനായിരുന്നു. സേവ് എ ഫാമിലി പ്ലാൻ ഇന്ത്യാ ഓഫീസിൽ നിന്നും ശ്രീ. ആൾട്ടോ ആന്റണി സന്നിഹിതനായിരുന്നു. അദ്ദേഹം കുടുംബസമുദ്ധാരണ പദ്ധതിയെകുറിച്ച് വിശദമായി സംസാരിച്ച് പുതിയ കുടുംബങ്ങളെ ഈ പദ്ധതിയെക്കുറിച്ച് പരിചയപ്പെടുത്തി. സേവ് എ ഫാമിലി പദ്ധതിയിലുള്ള കുടുംബങ്ങളുടെ റീജണൽ മീറ്റിംഗുകൾ നടത്തി. 'ഫാമിലി ബഡ്ജറ്റിംഗ്' നെകുറിച്ച് ശ്രീ. ചാക്കോ ക്ലാസുകൾ നയിച്ചു. സേവ് എ ഫാമിലി പ്ലാൻ ഗോൾഡൻ ജൂബിലി സ്മാരക ഭവനനിർമ്മാണ പദ്ധതിക്കായുള്ള അപേക്ഷകൾ സ്വീകരിച്ചുവരുന്നു.

## കേരളലേബർ മൂവ്മെന്റ് (KLM)

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനുമായി പ്രവർത്തിച്ചുവരുന്ന കേരളലേബർ മൂവ്മെന്റിന്റെ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു പോകുന്നു.

## സ്വാവലംബൻ

കേന്ദ്ര ഗവൺമെന്റിന്റെ പെൻഷൻ പദ്ധതിയായ സ്വാവലംബൻ (സുരക്ഷ) ൽ ചേർന്നവരുടെ പുതുക്കൽ നടപടികൾ നടക്കുന്നു. ജനുവരി 30-ന് ഉള്ളിൽ എല്ലാ ഇടവകകളിലും പുതുക്കൽ പൂർത്തിയാക്കണമെന്ന് അറിയിക്കുന്നു.

**ക്ഷേമനിധി**

കേരള ഗവൺമെന്റിന്റെ വിവിധ ക്ഷേമപദ്ധതികളിൽ അംഗത്വമെടുത്തവർ 2018 ലെ അംശാദായം അടച്ച് പുതുക്കണമെന്ന് അറിയിക്കുന്നു. നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിൽ ചേർന്നവർ ജനുവരി മാസം ബാങ്കിലടച്ച സ്ലിപ്പുമായി വന്ന് അംഗത്വം പുതുക്കേണ്ടതാണ്.

തയ്യൽ തൊഴിലാളി സിറ്റിംഗ് ജനുവരി 15-ാം തീയതി നടക്കുന്നതാണ്. താല്പര്യമുള്ളവർ WSSS ഓഫീസുമായി ബന്ധപ്പെടുക.

**ജീവസ് ജീവകാരുണ്യ മെഡിക്കൽ പദ്ധതി**

ജീവസ് ജീവകാരുണ്യ മെഡിക്കൽ പദ്ധതി മാനന്തവാടി രൂപതയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തുന്ന പദ്ധതിയാണ്. രൂപതയിൽ 1851 കുടുംബങ്ങൾ ഈ പദ്ധതിയിൽ അംഗത്വമെടുത്തിട്ടുണ്ട്.

ഇതുവരെ 275 ക്ലയിമുകൾ കമ്പനിയെ സമീപിച്ചു. 205 ക്ലയിമുകൾ പാസായി. ബാക്കി പ്രോസസിക്ഷൻ ആണ്. ഇതുവരെ 1,62,550/- രൂപ പാസായി. ജീവസിൽ ചേർന്നിരിക്കുന്നവരുടെ സംശയനിവാരണത്തിന് WSSS ഓഫീസുമായി ബന്ധപ്പെടുക.

**ഫാ. പോൾ കൂട്ടാല**
ഡയറക്ടർ, WSSS

# ബയോവിൻ അഗ്രോ റിസർച്ച്

(ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാപദ്ധതിയും അനുബന്ധ മേഖലകളും)

BIOWIN

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ആഗോളതലത്തിൽ ജൈവകൃഷിയുടെ പ്രാധാന്യം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ പരിസ്ഥിതിയുടെ സന്തുലിതാവസ്ഥയെ നില നിർത്തിക്കൊണ്ട് കാലാവസ്ഥാ വ്യതിയാനങ്ങൾക്ക് അനുസൃതമായി, കാർഷികവൃത്തിയെ ഉപജീവനമാർഗ്ഗം എന്നതിലുപരി ജീവിതരീതി യായി കണ്ടുകൊണ്ട് ജൈവകൃഷി സാക്ഷ്യപത്രലഭ്യതാപദ്ധതിയിൽ കർഷകരുടെ പങ്കാളിത്തത്തോടെ ഊർജിത പ്രവർത്തനങ്ങൾ നടന്നു വരുന്നു.

**കാർഷികഗ്രൂപ്പ് മീറ്റിംഗുകൾ**

കാലാവസ്ഥാവ്യതിയാനങ്ങളും കാർഷികരീതികളും, ജൈവസാ ക്ഷ്യപത്രം പുതുക്കൽ എന്നിവയെ മുൻനിർത്തി ജൈവകൃഷി രീതിയുടെ മാനദണ്ഡങ്ങൾ, വിളപരിപാലനം, സംഭരണം, ഗുണമേന്മ, നില നിർത്തൽ, എന്നീ വിഷയങ്ങളെ സംബന്ധിച്ച് വില്ലേജ് ഫാം ക്ലബ്ബു കളിൽ ചർച്ചകൾ നടത്തുകയും കർഷകർ നടത്തുന്ന കൃഷിരീതികളും പ്രവർത്തനങ്ങളും ചർച്ചയ്ക്ക് വിധേയമാക്കുകയും ചെയ്തു.

**ജൈവസാക്ഷ്യപത്രം പുതുക്കൽ**

ജൈവകർഷകരുടെ ഉല്പ്പന്നങ്ങൾക്ക് കൂടുതൽ ഗുണമേന്മ ഉറപ്പു വരുത്തുന്നതിനും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിപണനത്തിന് ആവശ്യമായ സാക്ഷ്യപത്രം പുതുക്കൽ നടത്തുന്നതിനായി Lacon –മായി സഹകരിച്ച് WSSS main, WSSS I, WSSS II, WSSS III, WSSS RIII, WSSS RIV എന്നീ ICS കളുടെ External Audit പൂർത്തീകരിക്കുകയും തുടർന്നുള്ള 7 ICS കളുടെ ഓഡിറ്റ് ഡിസംബർ മാസം തന്നെ പൂർത്തി യാക്കുന്നതിനുള്ള പ്രവർത്തനങ്ങളും ആരംഭിച്ചു. കൂടാതെ ജൈവകർഷ കരെ സാക്ഷ്യപത്ര പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി Failcert മായി സഹകരിച്ച് Bio ovally, Bio Cheramgode, Bio Nellakotta, എന്നീ ICS കളുടെ External ഓഡിറ്റ് പൂർത്തീകരിക്കുകയും തുടർ നടപടികൾ സ്വീക രിക്കുകയും ചെയ്തു.

ജൈവകർഷകരുടെ ഉല്പ്പന്നങ്ങൾക്ക് ഗുണമേന്മ ഉറപ്പാക്കുന്നതി നാവശ്യമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുകയും KAFFE,

Kloffa എന്നീ സംഘടനയിലെ അംഗങ്ങൾക്ക് കാപ്പി സംഭരണം, ഉണക്കൽ എന്നിവയ്ക്കായി ടാർപോളിൻ ഷീറ്റ് വിതരണം നടത്തുകയും ചെയ്തു. അതോടൊപ്പം കർഷകർക്കായി ഏർപ്പെടുത്തിയ ജീവസ് ഇൻഷൂറൻസ് പദ്ധതിയുടെ പ്രവർത്തനങ്ങൾ ഊർജിതമാക്കുകയും പോളിസി നമ്പറുകൾ വിതരണം ചെയ്യുകയും ചെയ്തു.

**വോഫ**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ജൈവ-ഫെയർട്രേഡ് കർഷകസംഘടനയായ WSSS ഓർഗാനിക് ഫാർമേഴ്സ് ഫെയർട്രേഡ് അസോസിയേഷൻ കാർഷികമേഖലയിൽ പുത്തനുണർവേകുന്ന പ്രവർത്തനങ്ങൾക്ക് രൂപം നൽകുന്നതിന്റെ ഭാഗമായി 2018 നവംബർ മാസത്തിൽ രൂപം നൽകിയ പ്രവർത്തനങ്ങളിലൂടെ.

**കാപ്പിതൈ നേഴ്സറി**

മഴക്കെടുതിയിൽ കാർഷികമേഖലയിൽ സംഭവിച്ച കെടുതിയിൽ നിന്നും കർഷകർക്ക് ഒരു കൈ സഹായമെന്ന നിലയിൽ കർഷകരുടെ ആവശ്യപ്രകാരം 2019-20 വർഷത്തിൽ വിതരണം ചെയ്യുന്നതിനായി വോഫയുടെ നേഴ്സറിയിൽ 2 ലക്ഷം കാപ്പി തൈകൾ ഉത്പ്പാദിപ്പിക്കുന്നതിനും തീരുമാനിക്കുകയും കോഫിബോർഡിൽ ആയതിനാവശ്യമായ CXR ഇനത്തിൽപ്പെട്ട വിത്തുകൾക്ക് ഓഡറു ചെയ്യുകയും ചെയ്തു.

**സാമ്പത്തിക സഹായം**

ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനായി സമർപ്പിച്ച 4 അപേക്ഷകളിന്മേൽ 2018 നവംബർ മാസത്തിൽ 25000 രൂപ വിതരണം ചെയ്തു.

ഏഷ്യ-പസഫിക് ഫെയർട്രേഡ് കർഷകസംഘടനകളുടെ കൂട്ടായ്മയായ NAPP ൽ നിന്നും സഹായം ലഭ്യമാക്കുന്നതിനായി 2018 നവംബർ മാസത്തിൽ കാപ്പിതൈ ഉത്പ്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതിനായി നിർദ്ദേശമടങ്ങിയ പ്രോജക്റ്റ് തയ്യാറാക്കി സമർപ്പിക്കുകയും അർഹമായ സഹായം ലഭിക്കുന്നതിന് ആവശ്യമായ ക്രമീകരണം നടത്തുകയും ചെയ്തു.

**കഫേ**

2015 മുതൽ പദ്ധതിയിൽ അംഗങ്ങളായ കർഷകർക്കുവേണ്ടി 2015 ജൂലൈ മാസം രൂപീകരിക്കപ്പെട്ട ഫെയർട്രേഡ് സംഘടനയായ കഫേയിൽ കർഷകർക്ക് ഉപകാരപ്രദമായ ക്രിയാത്മക പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**ഭവന-പുനരുദ്ധാരണം**

സംഘടനവഴി നൽകുന്ന ഭവന-പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി സമർപ്പിക്കപ്പെട്ട 17 അപേക്ഷകളിൽ ഭവനസന്ദർശനം നടത്തിയതിന്റെ പശ്ചാത്തലത്തിൽ പുനരുദ്ധാരണത്തിനായി 9 അപേ

ക്ഷകൾ പരിഗണിക്കുകയും പരിഗണിക്കപ്പെട്ട അപേക്ഷകർക്ക് 50000 രൂപ മുതൽ 1 ലക്ഷം രൂപ വരെ വിതരണം ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുകയും ചെയ്തു.

**സ്റ്റാഫ് വെൽഫെയർ ആക്റ്റിവിറ്റി**

സ്റ്റാഫ് ആക്റ്റിവിറ്റിയുടെ ഭാഗമായി സംഘടനയിൽ സേവനമനുഷ്ഠിക്കുന്ന 20 സ്റ്റാഫ് അംഗങ്ങൾക്ക് ആരോഗ്യ ഇൻഷൂറൻസ് ഏർപ്പെടുത്തുകയുണ്ടായി.

**സംഭരണം – വിപണനം**

**സംഭരണം**

നവംബർ മാസത്തിൽ ജൈവ-ഫെയർട്രേഡ് ഉത്പ്പന്നങ്ങൾ കർഷകരിൽ നിന്നും സംഭരിക്കുകയുണ്ടായി. 140390 കിലോ കാപ്പി 79-80 രൂപ നിരക്കിലും, 749.5 കിലോ കുരുമുളക് 415 രൂപ നിരക്കിലും 34000 കിലോ പൈനാപ്പിൾ കിലോയ്ക്ക് 26 രൂപ തോതിലും 10 കിലോ ഏലം 1700 രൂപ നിരക്കിലുമാണ് സംഭരിക്കുകയുണ്ടായത്.

**മാർക്കറ്റിംഗ് വിഭാഗം**

ബയോവിൻ അഗ്രോ റിസേർച്ചിന്റെ പ്രധാനവിഭാഗമായ മാർക്കറ്റിംഗ് വിഭാഗം 2018 നവംബർ മാസത്തിൽ ജൈവ-ഫെയർട്രേഡ് കാപ്പി, ഇഞ്ചി, മഞ്ഞൾ എന്നീ ഉത്പ്പന്നങ്ങൾക്ക് ജർമ്മനി, ഇറ്റലി, ബെൽജിയം, സ്വിറ്റ്സർലന്റ്, കാനഡ, നെതർലാന്റ് എന്നീ രാജ്യങ്ങളിൽ നിന്നും ഓഡറുകൾ സ്വീകരിക്കുന്നതിനും 2019 ഫെബ്രുവരി മാസം ജർമ്മനിയിൽ വെച്ച് നടക്കുന്ന ബയോഫാക് 2019 ട്രേഡ്ഫെയറിൽ പങ്കെടുക്കാനാവശ്യമായ ക്രമീകരണങ്ങൾ നടത്തുകയും ജർമ്മനി ആസ്ഥാനമായി പ്രവർത്തിക്കുന്ന സുഗന്ധ വ്യഞ്ജനങ്ങൾ ഇറക്കുമതി ചെയ്യുന്ന കമ്പനികളുടെ പ്രതിനിധികളെ സന്ദർശിക്കുന്നതിന് ആവശ്യകമായ ക്രമീകരണങ്ങൾ ചെയ്യുന്നതിനും സാധിച്ചു.

**ബയോലാന്റ് അഗ്രോ പ്രോസ്സസിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉല്പന്നങ്ങൾ മൂല്യവർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രോസ്സസിംഗ് സെന്റർ നവംബർ മാസത്തിൽ കാപ്പി, കുരുമുളക്, പൈനാപ്പിൾ, കറുവപ്പട്ട, ഏലം തുടങ്ങിയവ സംസ്കരിക്കുകയും കയറ്റുമതി നടത്തുകയും ചെയ്തു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോറിസർച്ച്

# നീലഗിരി ഡവലപ്മെന്റ് സൊസൈറ്റി

വിവിധ യൂണിറ്റുകളുടെ സജീവമായ പ്രവർത്തന പങ്കാളിത്തത്തോടെ NDS ന്റ പ്രവർത്തനം സുഗമമായി മുന്നോട്ടുപോകുന്നു. യൂണിറ്റുകളുടെ പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരുന്നതിനായി NDS പുതിയ പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു.

**ഇവാലുവേഷൻ മീറ്റിംങ്ങും, ട്രെയിനിംഗ് പ്രോഗ്രാമും**

08-12-2018 ന് ഡയറക്ടർ ഫാ.ബിനോയി കാശാംകുറ്റിയുടെ അദ്ധ്യക്ഷതയിൽ NDS ന്റെ ഡിസംബർ മാസത്തെ ഇവാലുവേഷൻ മീറ്റിംങ്ങും, ട്രെയിനിംഗ് പ്രോഗ്രാമും അരുൾനിലയം ദേവാലയ ഹാളിൽവെച്ച് നടന്നു. വിവിധ യൂണിറ്റുകളിൽ നിന്നുമുള്ള അംഗങ്ങൾ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു.

**രോഗീസഹായം**

അരുൾനിലയം യൂണിറ്റ് അവരുടെ തനതു പ്രവർത്തനങ്ങൾ കൂടാതെ ഈ മാസം ഒരു രോഗിക്ക് ഒപ്പറേഷൻ ആവശ്യത്തിനായി 55,000 രൂപ സഹായം കൊടുത്തു.

**യൂണിറ്റ്തല പ്രവർത്തനങ്ങൾ**

ബോസ്പാറ യൂണിറ്റ് 80,000 രൂപയും, ധർമ്മഗിരി യൂണിറ്റ് 1,50,000 രൂപയും അരുൾനിലയം യൂണിറ്റ് 45,000 രൂപയും വിമലഗിരി യൂണിറ്റ് 167000 രൂപയും യൂണിറ്റ് ലോണുകൾ കൊടുത്തു. വിവിധ യൂണിറ്റുകളിൽ ക്രിസ്തുമസ് ആഘോഷങ്ങൾ ഗ്രൂപ്പുകളിൽ നടത്തുവാൻ തീരുമാനിച്ചു. പൊതുപ്രവർത്തന മേഖലകളിൽ രോഗീസഹായം, പൊതുവഴികൾ വൃത്തിയാക്കൽ എന്നിവ വിവിധ യൂണിറ്റുകളുടെ നേതൃത്വത്തിൽ നടത്തിവരുന്നു. കൂടാതെ കൽപ്ര യൂണിറ്റ് പച്ചക്കറി തൈകൾ വിതരണം നടത്തിവരുന്നു.

**നിർമ്മാണ പരിശീലനം**

ഇവാലുവേഷന് ശേഷം പങ്കെടുത്ത എല്ലാ അംഗങ്ങൾക്കുമായി സോപ്പുപൊടി, ഡിഷ്വാഷ്, ഹാർപിക്, വിനാഗിരി, ഫിനോയിൽ, ലിക്വിഡ് സോപ്പ്, ഫ്ളോർ വാഷ്, ക്ലോസറ്റ് ക്ലീനർ എന്നിവയുടെ പരിശീലനം

നടത്തി. WSSS ൽ നിന്ന് വന്ന ശ്രീമതി ഷീന ക്ലാസുകൾ നയിച്ചു. ഗൂഡല്ലൂർ ഓഫീസിൽ നിന്ന് ആവശ്യമുള്ള കിറ്റുകൾ തിങ്കൾ, ശനി ദിവസങ്ങളിൽ ആവശ്യക്കാർക്ക് ലഭിക്കുന്നതാണ്. ബന്ധപ്പെടേണ്ട നമ്പറുകൾ: 6374853439, 9488093844.

യൂണിറ്റ് പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന്റെ ഭാഗമായി കയ്യൂന്നി യൂണിറ്റ് കോഡിനേറ്റർ സന്ദർശിച്ചു.

**മീറ്റിംഗ്**

ഓർഗാനിക് FPO Programme ന്റെ ഭാഗമായി NABARD AGM Mr. Muthukumar NDS ഓഫീസ് സന്ദർശിക്കുകയും ഡയറക്ടർ അച്ചനും സ്റ്റാഫും ചേർന്ന് മീറ്റിംഗ് നടത്തുകയും ചെയ്തു.

**ജൈവകൃഷി**

ബയോവിനിൽ ചേർന്ന കർഷകരെ സുഗമമായ പ്രവർത്തന ങ്ങളുടെ ക്രോഡീകരണത്തിനായി 10 മുതൽ 25 വരെയുള്ള അംഗങ്ങളുള്ള ഗ്രൂപ്പുകളായി തിരിച്ച് ഗ്രൂപ്പ് മീറ്റിംഗുകൾ സംഘടിപ്പിച്ച് ലീഡർമാരെ കണ്ടെത്തുന്നു.

**ഫാ. ബിനോയി കെ. സെബാസ്റ്റ്യൻ കാശാംകുറ്റിയിൽ**
ഡയറക്ടർ, NDS Gudalur

**ഡോ. ബി.ആർ. അംബേദ്കർ മാധ്യമ അവാർഡ്**

സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ച മികച്ച റിപ്പോർട്ടിനുള്ള പ്രഥമ ഡോ. ബി.ആർ. അംബേദ്കർ മാധ്യമ അവാർഡിൽ റേഡിയോ മാറ്റൊലി യ്ക്ക് തിളക്കമാർന്ന വിജയം. ശ്രാവ്യ മാധ്യമ വിഭാഗത്തിൽ പ്രത്യേക ജൂറി പരാമർശം ഉൾപ്പെടെ രണ്ട് പുരസ്കാരങ്ങളാണ് മാറ്റൊലിയ്ക്ക് ലഭിച്ചത്. കൊമ്മയാട് അരിമന്ദംകുന്ന് കോളനി നിവാസികളുടെ ദുരിതകാഴ്ചകൾ ശ്രോതാക്കളിലേക്ക് എത്തിച്ച ഊരുവട്ടം പരിപാടിയിലൂടെയാണ് സരിതാ ചന്ദ്രന് മികച്ച പ്രൊഡ്യൂസർക്കുള്ള പുരസ്കാരം ലഭിച്ചത്. ആദിവാസി വിഭാഗങ്ങളുടെ സമഗ്രവികസനം എന്ന വിഷയത്തിൽ സംഘടിപ്പിച്ച പാനൽ ചർച്ചയ്ക്കാണ് പ്രോഗ്രാം പ്രൊഡ്യൂസർ ദേവകി കെ. യ്ക്ക് ജൂറിയുടെ പ്രത്യേക പരാമർശം ലഭിച്ചത്. ഡിസംബർ 6 ന് തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രി എ. കെ. ബാലനിൽ നിന്നും സരിതയും ദേവകിയും പുരസ്കാരം ഏറ്റുവാങ്ങി. മികച്ച പ്രോഗ്രാമിന് 15000 രൂപയും മെമന്റോയും, പ്രത്യേക ജൂറി പരാമർശത്തിന് 10000 രൂപയും മെമന്റോയും അടങ്ങുന്നതാണ് പുരസ്കാരം. 2017 ഓഗസ്റ്റ് 16 മുതൽ 2018 ഓഗസ്റ്റ് 15 വരെയുള്ള കാലയളവിലെ റിപ്പോർട്ടുകളും പരിപാടികളുമാണ് അവാർഡിന് പരിഗണിച്ചത്.

**ഇൻസൈറ്റ് -ഹ്രസ്വ ചിത്രം**

ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന സന്നദ്ധസംഘടന യായ പ്രൊജക്ട് വിഷൻ സംഘടിപ്പിച്ച മില്യൺ ഐ ഷോർട് ഫിലിം മത്സരത്തിൽ റേഡിയോ മാറ്റൊലി നിർമ്മിച്ച് ശ്രീകാന്ത് കെ. രചനയും സംവിധാനവും നിർവ്വഹിച്ച ഇൻസൈറ്റ് എന്ന ചിത്രം മികച്ച 15 ചിത്ര ങ്ങളിൽ ഒന്നായി തിരഞ്ഞെടുക്കപ്പെട്ടു.

**മാനേജ്മെന്റ് കമ്മിറ്റിയും അവാർഡ് ജേതാക്കൾക്ക് ആദരവും**

2018 ഡിസംബർ 15 ന് മാനേജ്മെന്റ് കമ്മിറ്റി യോഗം ചേർന്നു. ചെയർമാൻ മോൺ. അബ്രാഹം നെല്ലിക്കൽ അദ്ധ്യക്ഷത വഹിച്ചു. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ വെച്ച് ഡോ.ബി.ആർ. അംബേദ്കർ മാധ്യമ അവാർഡ് ജേതാക്കളായ സരിത, ദേവകി എന്നിവരേയും ശ്രീകാന്ത് കെ. യേയും ആദരിച്ചു. എടവക ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഉഷ വിജയൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ചെയർമാൻ മോൺ. അബ്രാഹം നെല്ലിക്കൽ ഉദ്ഘാടനവും ശുചിത്വ മിഷൻ ഡയറക്ടർ ശ്രീ. സി.വി. ജോയ് മുഖ്യ പ്രഭാഷണവും നിർവ്വഹിച്ചു. ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീമതി ടി. ഉഷാകുമാരി, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീ. എം.പി വത്സൻ, മംഗലശ്ശേരി മാധവൻ എന്നിവർ ആശംസയും മാനേജ്മെന്റ് കമ്മിറ്റി അംഗം ശ്രീ. കെ.കെ ചന്ദ്രശേഖരൻ നന്ദിയും പറഞ്ഞു.

**പങ്കാളിത്തം**

The Ministry of Health & Family Welfare, Partnership for Maternal Newborn & Child Health (PMNCH) UNICEF ന്റെ സഹകരണത്തോടെ ഡിസംബർ 12,13 തിയ്യതികളിൽ ഡൽഹിയിൽ വെച്ച് നടത്തിയ Partner's forum ത്തിന്റെ മുന്നോടിയായുള്ള മീഡിയ വർക്ക്ഷോപ്പിൽ നവംബർ 27 ന് ഡൽഹിയിൽ ഫാ. ജസ്റ്റിൻ മാത്യു പങ്കെടുത്തു.

ഡിസംബർ 12,13 തിയ്യതികളിൽ ഡൽഹിയിൽ വെച്ച് നടത്തിയ Partner's forum പരിപാടിയിൽ ഫാ.മനോജ് കാക്കോനാൽ പങ്കെടുത്തു. 85 രാജ്യങ്ങളിൽ നിന്നായി 1200 ഓളം അംഗങ്ങൾ പങ്കെടുത്ത പ്രഥമ സമ്മേളനത്തിൽ കമ്മ്യൂണിറ്റി റേഡിയോകളെ പ്രതിനിധീകരിച്ചാണ് റേഡിയോ മാറ്റൊലിയിൽ നിന്നും ഫാ. മനോജ് കാക്കോനാൽ പങ്കെടുത്തത്.

ഡൽഹിയിൽ വെച്ച് ഡിസംബർ 17 ന് നടത്തിയ Community Radio Assosiation Executive Committee meeting ലും 18 ന് നടത്തിയ Radio: A tool for Community Empowerment through S&T orientation workshop ലും ഡയറക്ടർ ഫാ. ബിജോ കറുകപ്പിള്ളി പങ്കെടുത്തു.

**മാറ്റൊലിക്കൂട്ടം കേന്ദ്രസമിതി യോഗം**

മാറ്റൊലിക്കൂട്ടം കേന്ദ്രസമിതി യോഗം ഡിസംബർ 06-ന് റേഡിയോ മാറ്റൊലി കോൺഫറൻസ് ഹാളിൽ ചേർന്നു. മാറ്റൊലിക്കൂട്ടം

കേന്ദ്രസമിതി സെക്രട്ടറി ശ്രീ. ചാക്കോ ഇല്ലിക്കലിന്റെ അദ്ധ്യക്ഷതയിൽ ഡയറക്ടർ ഫാ. ബിജോ കറുകപ്പിള്ളി യോഗം ഉദ്ഘാടനം ചെയ്തു. ജനറൽ കോർഡിനേറ്റർ ഷാജു പി ജെയിംസ് സ്വാഗതവും ശ്രീധരൻ മാസ്റ്റർ നന്ദിയും പറഞ്ഞു. പ്രളയാനന്തര വയനാടിന്റെ അതിജീവന ത്തിന് മാറ്റൊലിക്കൂട്ടത്തിന്റെ പങ്ക് എന്ന വിഷയത്തിൽ സി. റെജിൻ മാത്യു MSMI ക്ലാസ്സ് എടുത്തു. വിവിധ യൂണിറ്റ് പ്രസിഡന്റുമാരും കേന്ദ്ര സമിതി അംഗങ്ങളുമടക്കം 24 ഭാരവാഹികൾ യോഗത്തിൽ പങ്കെടുത്തു.

**ഗ്രാമ മാറ്റൊലി**

നവംബർ 24 ന് കൊളവയൽ ഗ്രാമത്തിൽ ഗ്രാമ മാറ്റൊലി സംഘ ടിപ്പിച്ചു. ഫാ. ജസ്റ്റിൻ മാത്യു, പ്രോഗ്രാം പ്രൊഡ്യൂസേഴ്സ് എന്നിവ രുടെ നേതൃത്വത്തിൽ വിവിധ പരിപാടികൾ റെക്കോർഡ് ചെയ്യുകയും പ്രക്ഷേപണം ചെയ്യുകയും ചെയ്തു.

**സന്ദർശനം**

കൊട്ടിയൂർ IJMHSS ലെ സ്റ്റുഡൻസ് പോലീസ് കേഡറ്റ്, കല്പറ്റ NMSM കോളേജിലെ ജേർണലിസം, കുന്നമംഗലം ആർട്സ് & സയൻസ് കോളേജ് B A English with Journalism, Manglore School of Social Work Roshni Nilaya എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾ പഠന ത്തിന്റെ ഭാഗമായി മാറ്റൊലി സന്ദർശിച്ചു.

**ഇന്റേൺഷിപ്പ്**

അരീക്കോട് സുല്ലമ്മുസലാം സയൻസ് കോളേജ് വിദ്യാർത്ഥി കളായ അതുല്യ പി, ഹരിത സി.കെ, ലിയാന ബഷീർ, ഷഹ്ന എം, ജിനുഷ എം എന്നിവർ ഒരുമാസത്തെ ഇന്റേൺഷിപ്പ് ചെയ്തു.

**റേഡിയോ പ്രക്ഷേപണങ്ങളിലൂടെ**

**തത്സമയ ഫോൺ ഇൻ:** പ്രളയാനന്തര വയനാടിന്റെ ആരോഗ്യ പ്രശ്ന ങ്ങൾ എന്ന വിഷയത്തിൽ നവംബർ 23 ന് തത്സമയ ഫോണിൻ പരിപാടി സംഘടിപ്പിച്ചു. ഡോ. ബി അഭിലാഷ്, ഡോ. ഷുബിൻ എന്നിവർ പരിപാടിയിൽ പങ്കെടുത്ത് സംസാരിച്ചു.

ക്ഷീരവകുപ്പ് നടപ്പാക്കുന്ന ക്ഷീരസാന്ത്വനം ഇൻഷുറൻസ് പദ്ധതിയെകുറിച്ച് നവംബർ 27 ന് തത്സമയ ഫോണിൻ പരിപാടി സംഘടിപ്പിച്ചു. ക്ഷീരവകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ജോഷി ജോസഫ്, അസിസ്റ്റന്റ് ഡയറക്ടർ ബെറ്റി ജോഷ്വാ എന്നിവരാണ് ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നൽകിയത്.

നേത്രസംരക്ഷണം ആയുർവേദത്തിലൂടെ എന്ന വിഷയത്തിൽ തത്സമയ ഫോണിൻ പരിപാടി നവംബർ 28 ന് സംഘടിപ്പിച്ചു. കൽപ്പറ്റ നിരാമയ ക്ലിനിക്കിലെ ഡോ. പി.അഞ്ജനയാണ് പരിപാടിയിൽ പങ്കെടുത്തത്.

ദന്തരോഗത്തിനുള്ള ആധുനിക ചികിത്സയെകുറിച്ച് മനസ്സിലാക്കുന്നതിനുള്ള തത്സമയ ഫോണിൻ പരിപാടി സംഘടിപ്പിച്ചത് നവംബർ 30 നാണ്. മാനന്തവാടി ജില്ലാ ആശുപത്രിയിലെ ദന്തരോഗ വിദഗ്ധൻ ഡോ.ജിതിൻ ബാലനാണ് ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നൽകിയത്.

ജീവിതശൈലി രോഗങ്ങളും പ്രതിരോധവും എന്ന വിഷയത്തിൽ തത്സമയ ഫോണിൻ പരിപാടി ഡിസംബർ 18 ന് സംഘടിപ്പിച്ചു. ഡോ.ഷബീൽ ഇബ്രാഹിം ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നൽകി.

**ജനങ്ങൾക്കൊപ്പം:** യുവജനക്ഷേമ വകുപ്പ് നൽകുന്ന സേവനങ്ങളെ കുറിച്ച് വിവരങ്ങൾ പങ്കുവെച്ചത് ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ കെ.ജി. പ്രദീപ് കുമാറാണ്. സിവിൽ സപ്ലൈസ് വകുപ്പിന്റെ സേവന ങ്ങളെക്കുറിച്ച് ജില്ലാ സപ്ലൈ ഓഫീസർ കെ.വി. പ്രഭാകരൻ വിവരങ്ങൾ പങ്കുവെച്ചു.

**മനസൗഖ്യ:** വിഷാദരോഗത്തെ എങ്ങനെ പ്രതിരോധിക്കാമെന്നും സങ്കീർണ്ണതകളെ എങ്ങനെ അതിജീവിക്കാമെന്നും മാനന്തവാടി ജില്ലാ ആശുപത്രിയിലെ ജൂനിയർ കൺസൾട്ടന്റ് സൈക്യാട്രിസ്റ്റായ ഡോ. ഹരീഷും, ആഘാതത്തെ തുടർന്നുണ്ടാകുന്ന പിരിമുറുക്കത്തെക്കുറിച്ചും ഇ.എം.ഡി.ആർ തെറാപ്പിയെ കുറിച്ചും മനസൗഖ്യയിൽ കൈകാര്യം ചെയ്തു. പായോട് ജനസൗഖ്യയിലെ ഒലിവ് വെൽനെസ് കേന്ദ്രത്തിലെ സൈക്കോതെറാപ്പിസ്റ്റായ സി. രജിൻ മാത്യു എം.എസ്.എം.ഐ ആണ് വിഷയം കൈകാര്യം ചെയ്തത്.

**അരങ്ങ്:** കൊളവയൽ സ്വദേശികളായ ജിഷി സതീഷ്, ബിന്ദു ജോസ്, സജിത എന്നിവർ ചേർന്ന് ആലപിച്ച നാടൻപാട്ടും എടവക സ്വദേശി ചന്ദ്രൻ കെ.കെ. രചിച്ച് ജെസ്മ അവതരിപ്പിച്ച കവിതയും മീഡിയവൺ സ്കൂളിലെ വിദ്യാർത്ഥി ആലപിച്ച ഹിന്ദി ഗാനവും കൊട്ടിയൂർ ഐ.ജെ.എം. സ്കൂളിലെ അമൃത, അർച്ചന, എയ്ഞ്ചൽ, സെറിൻ എന്നിവർ ചേർന്നാലപിച്ച നാടൻ പാട്ടുമാണ് അരങ്ങിൽ ഉൾപ്പെടുത്തിയത്.

**ധന്യമീ ജീവിതം:** വെള്ളമുണ്ട ഒഴുക്കൻമൂലയിലുള്ള ബ്രിജിത്ത, പുത്തൻപുരയ്ക്കൻ അന്നക്കുട്ടി, കൊളവയൽ സ്വദേശിയായ മനോഹരൻ എന്നിവർ ധന്യമീ ജീവിതം പരിപാടിയിൽ പങ്കെടുത്തു.

**പ്രത്യേക പരിപാടികൾ:** ജില്ലയുടെ ആരോഗ്യ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് വീ ഫോർ ഹെൽത്തി വയനാട് എന്ന പദ്ധതി ജില്ലാഭരണകൂടം നടപ്പാക്കുന്നു. ഇതിനെക്കുറിച്ചുള്ള പ്രത്യേക പരിപാടിയും സൈബർ ലോകത്തിലെ ചതിക്കുഴികളേയും സങ്കീർണ്ണതകളേയും മറികടക്കാനുള്ള മാർഗ്ഗങ്ങളെയും കുറിച്ച് കൽപ്പറ്റ ഡിവൈഎസ്പി പ്രിൻസ് ഏബ്രഹാമുമായി നടത്തിയ പ്രത്യേക അഭിമുഖവും മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധം എങ്ങനെ ഊഷ്മളമാക്കാം എന്നതിനെ കുറിച്ച് കൊളവയൽ സെന്റ് ജോർജ് എ.എൽ.പി. സ്കൂളിലെ അധ്യാപകൻ അബ്ദുൾ ജലീൽ നൽകിയ വിവരങ്ങളും പ്രത്യേക പരിപാടിയിൽ പ്രക്ഷേപണം ചെയ്തു. മനുഷ്യാവകാശ ദിനത്തിന്റെ പ്രാധാന്യവും സന്ദേശവും വ്യക്തമാക്കുന്ന ഓർമ്മപ്പെടുത്തൽ എന്ന ചിത്രീകരണം ഡിസംബർ 10 ന് പ്രക്ഷേപണം ചെയ്തു.

**ഓവർഡ്രൈവ്:** അപാച്ചെ ആർ ടി ആർ 180 ബൈക്ക്, ടാറ്റയുടെ 5 സീറ്റർ പ്രീമിയം എസ്.യു.വി. ഹാരിയർ 2019, ടാറ്റ നെക്സോ എന്നീ വാഹനങ്ങളേയും ഭിന്നശേഷിക്കാർക്ക് എളുപ്പത്തിൽ കയറാൻ ബസുകളിൽ ലിഫ്റ്റ്, റാമ്പ് തുടങ്ങിയവ നിർബന്ധമാക്കാൻ കേന്ദ്രസർക്കാർ ഒരുങ്ങുന്നതും ഓവർഡ്രൈവിൽ പങ്കുവെച്ചു.

**ടെക്നോമാറ്റൊലി:** വിവോയുടെ NEX2 മോഡൽ, നോക്കിയ 8.1, എന്നീ ഫോണുകളെകുറിച്ചും ഇന്ത്യൻ റെയിൽവേ ജീവനക്കാർക്കുള്ള ടെലികോം സേവനങ്ങൾ റിലയൻസ് ജിയോയിലൂടെ നൽകുന്നതും ആണ് ടെക്നോ മാറ്റൊലി പങ്കുവെച്ചത്.

**ജാലകം:** ലോക എയ്ഡ്സ് ദിനാചരണത്തിന്റെ ജില്ലാതല പരിപാടിയുടെ റേഡിയോ റിപ്പോർട്ട്, ഹൃദയസ്പർശം 2018 എന്ന പേരിൽ മുട്ടിലിൽ നടന്ന ജില്ലയിലെ പാലിയേറ്റീവ് വോളണ്ടിയർമാരുടെ സ്നേഹസംഗമത്തിന്റെ റേഡിയോ റിപ്പോർട്ട് എന്നിവ ജാലകത്തിൽ ഉൾപ്പെടുത്തി.

**ക്ഷീരവാണി:** ക്ഷീരകർഷകർക്ക് വേണ്ടിയുള്ള സമഗ്ര ഇൻഷുറൻസ് പദ്ധതി ക്ഷീരസാന്ത്വനത്തെകുറിച്ചുള്ള വിവരങ്ങളും പുൽപ്പള്ളി സെന്റ്

ജോർജ്ജ് യാക്കോബായ പള്ളിയിലെ ചോളകൃഷിയെകുറിച്ചുമാണ് ക്ഷീരവാണി പ്രതിപാദിച്ചത്.

**ജീവിതവളയം:** കാര്യമ്പാടി സ്വദേശി പ്രമോദ് കുമാറാണ് ജീവിതവളയം പരിപാടിയിൽ പങ്കെടുത്തത്.

**പ്രതിഭയും അതിഥിയും:** സംസ്ഥാന സർക്കാരിന്റെ അംബേദ്കർ പുരസ്കാര ജേതാക്കളായ സരിതാ ചന്ദ്രനും ദേവകി കെ.യുമാണ് പ്രതിഭയും അതിഥിയും പരിപാടിയിൽ പങ്കെടുത്തത്.

**വയൽനാട്:** വെള്ളമുണ്ട ഒഴുക്കൻമൂലയിലുള്ള ജോസ്, മുട്ടിൽ സ്വദേശി സൈതലവി, എന്നീ കർഷകരെയും നാളികേര വികസന പദ്ധതി 2018-19 പ്രകാരം കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ കേര കർഷകർക്കായി നടത്തിയ പരിശീലന പരിപാടിയിൽ സി.എസ്. അമ്പലവയൽ സീനിയർ അഗ്രികൾച്ചർ ഓഫീസർ കെ.മമ്മൂട്ടി നയിച്ച ക്ലാസ്സിന്റെ പ്രസക്ത ഭാഗങ്ങളുമാണ് വയൽനാട് പരിപാടി പ്രക്ഷേപണം ചെയ്തത്.

**കുടുംബവേദി:** പക്വതയോടെ പെരുമാറി സ്വയം മാറേണ്ടതെങ്ങനെ യാണെന്ന ജോസഫ് അന്നംകുട്ടി ജോസിന്റെ ചിന്തകളാണ് കുടുംബവേദിയിൽ ഉൾപ്പെടുത്തിയത്.

**സ്മരണാഞ്ജലി:** തോപ്പിൽ അജയൻ, എം.ജി സോമൻ എന്നിവരെ അനുസ്മരിച്ചു.

**മാറ്റൊലി ടാക്കീസ്:** കാസർഗോഡ് ഖാദർഭായി, ദില്ലിവാല രാജകുമാരൻ, പറവ എന്നീ ചിത്രങ്ങളുടെ ശബ്ദരേഖയാണ് മാറ്റൊലി ടാക്കീസ് പ്രക്ഷേപണം ചെയ്തത്.

**ആയുർകെയർ:** പുരുഷ-സ്ത്രീ വന്ധ്യതയ്ക്കുള്ള കാരണങ്ങളേയും ചികിത്സാരീതികളേയുംകുറിച്ച് അമ്പലവയൽ സഹ്യ ആയുർവേദിക് ആശുപത്രിയിലെ ഫിസിഷ്യൻ ഡോ.സാജിത ഷറഫുദ്ദീൻ ആണ് പങ്കുവെച്ചത്. കണ്ണുകളുടെ സംരക്ഷണം ആയുർവേദത്തിലൂടെ എന്ന വിഷയത്തിൽ നേത്രസംരക്ഷണത്തെകുറിച്ചും നേത്രചികിത്സയെ കുറിച്ചും കൽപ്പറ്റ നിരാമയ ക്ലിനിക്കിലെ ഫിസിഷ്യൻ ഡോ.പി.അഞ്ജന വിവരങ്ങൾ പങ്കുവെച്ചു.

**എഴുത്തരങ്ങ്:** ലക്ഷ്മി ഡിസൈഡ്സ്, ദ എക്സ്പ്രയറി ഡെയ്റ്റ് ഓഫ് ഹേർ ഡ്രീംസ്, ആന മീനാക്ഷി, വിട, ഒരു ട്രെയിൻ യാത്ര, ഐലൻ ഉറങ്ങുകയാണ് എന്നീ കഥകളാണ് എഴുത്തരങ്ങിൽ ഉൾപ്പെടുത്തിയത്.

**മാറ്റൊലിക്കൂട്ടം:** വെള്ളമുണ്ട വിജ്ഞാൻ ലൈബ്രറിയിൽ വെച്ച് രൂപീകരിക്കപ്പെട്ട മാറ്റൊലിക്കൂട്ടത്തിന്റെ വിവരങ്ങളാണ് മാറ്റൊലിക്കൂട്ടം പരിപാടിയിൽ ഉൾപ്പെടുത്തിയത്.

**മയിൽപ്പീലി:** കൊളവയൽ സെന്റ് ജോർജ് എ.എൽ.പി നഴ്സറി സ്കൂളിലെ വിദ്യാർത്ഥികൾ അവതരിപ്പിച്ച കലാപരിപാടികളാണ് മയിൽപ്പീലിയിൽ പ്രക്ഷേപണം ചെയ്തത്.

**സന്മനസുള്ളവർക്ക് സമാധാനം:** 25 ദിവസം ക്രിസ്തുമസ് ചിന്തകൾ പ്രക്ഷേപണം ചെയ്തു.

**20 മിനിറ്റ്സ് ഇംഗ്ലീഷ്:** 20 മിനിറ്റ്സ് ഇംഗ്ലീഷ് എന്ന പേരിൽ റേഡിയോ മാറ്റൊലിയിൽ പുതിയ പ്രോഗ്രാം ആരംഭിച്ചു. എല്ലാ തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ രാത്രി 9.35 നും തൊട്ടടുത്ത ദിവസങ്ങളിൽ വൈകിട്ട് 4.35 നും യഥാക്രമം ILTS,OET, Spoken English എന്നിവ പ്രക്ഷേ പണം ചെയ്യും. മാനന്തവാടി വിബ്ജിയോർ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലാംഗ്വേജ് & ഡെവലപ്മന്റുമായി സഹകരിച്ചാണ് പ്രോഗ്രാം പ്രക്ഷേപണം ചെയ്യുന്നത്.

**അമ്മ സൂസമ്മ:** അമ്മ സൂസമ്മ എന്ന പേരിൽ സമകാലിക സംഭവ ങ്ങൾ ഹാസ്യ രൂപത്തിൽ അവതരപ്പിക്കുന്ന പരിപാടി ആരംഭിച്ചു.

**ഫാ. മനോജ് കാക്കോനാൽ**
അസി. ഡയറക്ടർ

# ജയിൽ മിനിസ്ട്രി

യേശുസാഹോദര്യ കൂട്ടായ്മയിലെ അംഗങ്ങൾ ജയിൽ സന്ദർശനം, കൗൺസിലിംഗ്, ഭവനസന്ദർശനം തുടങ്ങിയവയിലൂടെ തടവറമക്കൾക്ക് ആശ്വാസവും പ്രതിക്ഷയും നല്കുന്നു.

നവംബർ 20 ന് തവിഞ്ഞാൽ ഇടവകയുടെ നേതൃത്വത്തിൽ മാനന്തവാടി ജില്ലാജയിൽ സന്ദർശിക്കുകയും കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. ബഹു. ആന്റോ മമ്പള്ളിൽ അച്ചനും പരിപാടികൾ അവതരിപ്പിച്ചവർക്കും നന്ദി. നവംബർ 27 ന് പ്രിസൺ മിനിസ്ട്രി ഓഫ് ഇന്ത്യയുടെ കോഴിക്കോട് സോൺ മീറ്റിംഗ് വൈത്തിരി സെന്റ് മേരീസ് പള്ളിയിൽ വച്ച് നടന്നു. വയനാട് യൂണിറ്റിൽ നിന്നും ഫാ. ജോൺ പുളിന്താനത്ത്, സി. ലില്ലി എസ്. എച്ച്, സി. വിമല റോസ് എസ്. എച്ച്, സി. ജെസ്ന എഫ്.സി.സി, സി. പ്രീത റോസ് എഫ്.സി.സി, ടെസ്സി പൂതക്കുഴി എന്നിവർ പങ്കെടുത്തു. പ്രസ്തുത മീറ്റിംഗിൽ സി. ലില്ലി എസ്. എച്ച് യൂണിറ്റിന്റെ സെക്രട്ടറി ആയി തിരഞ്ഞെടുക്കപ്പെട്ടു. ഡിസംബർ 15 ന് കുറുമ്പാല, കോട്ടത്തറ, സീതാമൗണ്ട് ഇടവകകളിൽ നിന്നു വന്നവർ മാനന്തവാടി ജില്ലാജയിലിൽ ക്രിസ്തുമസ് പരിപാടികൾ അവതരിപ്പിച്ചു. റെനിൽ കഴുതാടിയിൽ സന്ദേശം നല്കി. സി. ജെസ്ന എഫ്.സി.സി, സി. പ്രീത റോസ് എഫ്.സി.സി. എന്നിവർ നേതൃത്വം നല്കി. ഡിസംബർ 23 ന് എസ്.എച്ച് സന്യാസിനി സമൂഹത്തിലെ പോസ്റ്റുലൻസി ചെയ്യുന്ന സഹോദരിമാർ വൈത്തിരി സബ്ബ് ജയിൽ സന്ദർശിച്ചു. ക്രിസ്തുമസ് പരിപാടികൾ അവതരിപ്പിച്ച് തടവറയിൽ കഴിയുന്നവർക്ക് അവർ മാനസിക ഉന്മേഷം നൽകി. നേതൃത്വം നൽകിയ ബഹു. സിസ്റ്റേഴ്സിന് നന്ദി അറിയിക്കുന്നു.

**ഫാ. ജോൺ പുളിന്താനത്ത്**
ഡയറക്ടർ, ജീസസ് ഫ്രെട്ടേണിറ്റി

**November-December 2018**

The Science Departments of the college organized a three day Residential Science Workshop namely Sasthrajalakam for the High School students with the financial assistance of State Institute of Educational Technology (SIET) for the promotion of scientific temper and aptitude in school students. The programme was inaugurated by Sri NSK Umesh IAS, the Sub-collector of Wayanad and Dr Koshy John, Dean of Studies at Veterinary University, Pookode, was the guest of honour. About 50 students selected by SIET from various Government and Government-aided schools participated in the workshop. The Department of Zoology conducted a two day workshop on the topic, Getting along with Elephants to familiarize the students of the Zoology Department with the behaviour of wild elephants. Dr B A Daniel of the Zoo Outreach Organization led the sessions.

In the intercollegiate Yoga competitions, both the Men's and Women's Team of the college won the championship. The NCC Cadets of the college participated in the rally organized by the District Administration in connection with the World Aids Day and secured the second place for their performance in it. Academic activities have resumed after the brief semester break declared by the University after the odd semester examinations.

**Dr Savio James V**
Principal

## CEADOM വിദ്യാഭ്യാസ മേഖല

മാനന്തവാടി രൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള അദ്ധ്യാപകർക്കും, അനദ്ധ്യാപകർക്കും, വിദ്യാർത്ഥികൾക്കും സിഡോം ഫാമിലിയുടെ സന്തോഷവും, പ്രാർത്ഥനാപൂർണ്ണവുമായുള്ള ക്രിസ്തുമസ്, പുതുവത്സരാശംസകൾ നേരുന്നു. ഒരു പുതുവർഷം കൂടി സമ്മാനമായിതന്ന നല്ല ദൈവത്തിന് മുമ്പിൽ നന്ദി നിറഞ്ഞ ഹൃദയത്തോടെ നമുക്ക് വ്യാപരിക്കാം. കഴിഞ്ഞ അധ്യയന വർഷത്തിലെ നമ്മുടെ പഠന-പാഠ്യേതര പ്രവർത്തന മേഖലകളെ വിലയിരുത്തി 2018 -2019 വർഷത്തെ വർഷാവസാന പരീക്ഷയ്ക്ക് ഒരുങ്ങാം. പ്രത്യേകിച്ച് SSLC, +1, +2 പരീക്ഷകളും അടുത്തെത്തിയിരിക്കുമ്പോൾ ഏറ്റവും നല്ല വിജയം മുന്നിൽ കണ്ടുകൊണ്ട് ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ട്, നമുക്ക് ഒന്നുചേർന്ന് പരിശ്രമിക്കാം. പ്രവർത്തിക്കാം.

**പ്രധാനാദ്ധ്യാപക സമ്മേളനം**

മാനന്തവാടി രൂപത കോർപ്പറേറ്റിന് കീഴിലുള്ള വിദ്യാലയങ്ങളിലെ പ്രധാനാധ്യാപകരുടെയും, പ്രിൻസിപ്പൽമാരുടെയും യോഗം ഡിസംബർ 7-ാം തീയതി രാവിലെ 10 മണിക്ക് ദ്വാരക എ.യു.പി. സ്ക്കൂളിൽ വെച്ച് നടന്നു. ഈ വർഷത്തെ കോർപ്പറേറ്റിന്റെ പ്രവർത്തനങ്ങളെകുറിച്ച് കോർപ്പറേറ്റ് മാനേജർ ഫാ. ബിജു പൊൻപാറയ്ക്കൽ യോഗത്തിൽ വിശദീകരിച്ചു. സ്ക്കൂൾ പ്രവർത്തങ്ങളുമായി ബന്ധപ്പെട്ട് പ്രധാനാധ്യാപകർ ശ്രദ്ധിക്കേണ്ട കാര്യങ്ങളെകുറിച്ച് മാനേജർ നിർദ്ദേശങ്ങൾ നൽകി. രൂപതയിലെ വിദ്യാലയങ്ങൾ പാഠ്യപാഠ്യേതര മേഖലകളിൽ മറ്റുള്ള വിദ്യാലയങ്ങളേക്കാൾ മുൻപന്തിയിലെത്തിയതിന് പ്രധാനാധ്യാപകരെയും അധ്യാപകരെയും അനധ്യാപകരെയും പ്രത്യേകം അഭിനന്ദിച്ചു.

ഓരോ വിദ്യാലയങ്ങളിലെയും ഈ വർഷത്തെ പ്രവർത്തനങ്ങളും പ്രശ്നങ്ങളും യോഗം ചർച്ച ചെയ്തു. കോർപ്പറേറ്റ് തലത്തിൽ വിദ്യാലയങ്ങളെ ഉൾപ്പെടുത്തി തയ്യാറാക്കുന്ന മൊബൈൽ ആപ്ലിക്കേഷനെക്കുറിച്ച് പ്രധാനാധ്യാപകർക്ക് ഐ.ടി. വിദഗ്ദൻ ശ്രീ. ഷാജി ക്ലാസ് നൽകി. ഉച്ചക്ക് 1.30 ന് യോഗം അവസാനിച്ചു.

**അഭിനന്ദനങ്ങൾ, പ്രാർത്ഥനകൾ**

കോൺഗ്രിഗേഷൻ ഓഫ് ദി മദർ ഓഫ് കാർമ്മൽ (സി.എം.സി) സന്യാസിനി സമൂഹത്തിന്റെ മാനന്തവാടി സേക്രട്ട് ഹാർട്ട് പ്രൊവിൻസിന്റെ കൗൺസിലറായി തെരഞ്ഞെടുക്കപ്പെട്ട മാനന്തവാടി രൂപതാ കോപ്പറേറ്റ് ഓഫീസ് സെക്രട്ടറി സി. നീത ലിൻസിന് കോർപ്പറേറ്റ് മാനേജ്മെന്റിന്റെ അഭിനന്ദങ്ങളും പ്രാർത്ഥനാശംസകളും.

**HM പ്രമോഷൻ: അപേക്ഷകൾ**

മാനന്തവാടി രൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയ്ക്ക് കീഴിലുള്ള വിദ്യാലയങ്ങളിലെ 2019-2020 അധ്യയന വർഷത്തേയ്ക്കുള്ള പ്രധാനാദ്ധ്യാപക തസ്തികയിലേക്ക് അപേക്ഷിക്കാനാഗ്രഹിക്കുവർ ദ്വാരകയിലുള്ള കോർപ്പറേറ്റ് ഓഫീസിൽ നിന്നും 2018 ഡിസംബർ 31-ാം തീയതി മുതൽ ലഭിക്കുന്ന അപേക്ഷയുടെ ശരിപ്പകർപ്പ് തന്നെ പൂരിപ്പിച്ച് ലോക്കൽ മാനേജറുടെയും, ഹെഡ്മാസ്റ്ററിന്റെയും അംഗീകാരത്തോടു കൂടി ടെസ്റ്റ് യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം 2019 ഫെബ്രുവരി 15 നു മുൻപ് ദ്വാരകയിലുള്ള കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ ഓഫീസിൽ എത്തിക്കുകയും, CEADOM പോർട്ടലിൽ ഇതിന്റെ സോഫ്റ്റ് കോപ്പി പൂരിപ്പിച്ച് ഹെഡ്മാസ്റ്റർ മുഖേന ഫോർവേഡ് ചെയ്യുകയും വേണം. Hard copy യും, Soft Copy യും ലഭിച്ചാൽ മാത്രമേ അപേക്ഷ പരിഗണിക്കുകയുള്ളൂ. സമയപരിധി കഴിഞ്ഞ് ലഭിക്കുന്നതും അപൂർണ്ണവുമായ അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

**ട്രാൻസ്ഫർ അപേക്ഷകൾ**

രൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിൽ ജോലി ചെയ്യുന്ന എല്ലാ അദ്ധ്യാപകർക്കും, അനദ്ധ്യാപകർക്കും, 2019-2020 അധ്യയന വർഷത്തേയ്ക്കുള്ള ട്രാൻസ്ഫർ അപേക്ഷാഫോം ദ്വാരകയിലുള്ള കോർപ്പറേറ്റ് ഓഫീസിൽ നിന്നും 2018 ഡിസംബർ 31-ാം തീയതി മുതൽ ലഭിക്കുന്നതാണ്. കോർപ്പറേറ്റ് ഓഫീസിൽ നിന്നും ലഭിക്കുന്ന അപേക്ഷയുടെ ശരിപ്പകർപ്പ് തന്നെ പൂരിപ്പിച്ച് ലോക്കൽ മാനേജറുടെയും, ഹെഡ്മാസ്റ്ററിന്റെയും അംഗീകാരത്തോടുകൂടി 2019 ഫെബ്രുവരി 15 നു നു മുമ്പ് ദ്വാരകയിലുള്ള കോർപ്പറേറ്റ് ഓഫീസിൽ എത്തിക്കുകയും, CEADOM പോർട്ടലിൽ ഇതിന്റെ സോഫ്റ്റ് കോപ്പി പൂരിപ്പിച്ച് ഹെഡ്മാസ്റ്റർ മുഖേന ഫോർവേഡ് ചെയ്യുകയും വേണം. Hard copy യും, Soft Copy യും ലഭിച്ചാൽ മാത്രമേ അപേക്ഷ പരിഗണിക്കുകയുള്ളൂ. സമയപരിധി കഴിഞ്ഞ് ലഭിക്കുന്നതും അപൂർണ്ണവുമായ അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

**മോറൽ സയൻസിന്റെ പരീക്ഷ:**

2018–2019 വർഷത്തെ മോറൽ സയൻസ് വാർഷിക പരീക്ഷ 2019 ജനുവരി 11 ന് നടത്തുന്നതായിരിക്കും. കെ.സി.ബി.സി നേരിട്ട് നടത്തുന്ന പരീക്ഷയായതിനാൽ പ്രസ്തുത പരീക്ഷയിൽ മാറ്റം വരുത്തുവാൻ പാടില്ല. പ്രധാനാധ്യാപകർ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുകയും നേരത്തെ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ കൃത്യമായി നടപ്പിലാക്കുകയും ചെയ്യുക.

**സ്കൂളുകളുടെ പ്രവർത്തന റിപ്പോർട്ട്**

1. മുള്ളൻകൊല്ലി സെന്റ് തോമസ് എ.യു.പി. സ്ക്കൂൾ:- മുള്ളൻകൊല്ലി സെന്റ് തോമസ് എ.യു.പി. സ്ക്കൂൾ ഡിസംബർ 1 ന് ലോക എയ്ഡ്സ് ദിനാചരണത്തോടനുബന്ധിച്ച് കുട്ടികളുടെ നേതൃത്വത്തിൽ എയ്ഡ്സ് രോഗപ്രതിരോധ ബോധവൽക്കരണത്തിന്റെ ഭാഗമായി മുള്ളൻകൊല്ലി ടൗണിൽ ഫ്ളാഷ് മോബ് അവതരിപ്പിച്ചു.

-ജൂൺ മാസം സ്ക്കൂളിൽ ആരംഭിച്ച വീട്ടിൽ ഒരു പച്ചക്കറി തോട്ടം പദ്ധതിയുടെ ഭാഗമായി കുട്ടികൾ വീട്ടിൽ വിളയിച്ചെടുത്ത ജൈവ പച്ചക്കറികൾ സ്ക്കൂളിൽ ആരംഭിച്ച സെന്റ് തോമസ് ലിറ്റിൽ മാർക്കറ്റ് എന്ന കുട്ടികളുടെ പച്ചക്കറിച്ചന്തയിൽ കൊണ്ടുവന്ന് വിൽപ്പന നടത്തി. കുട്ടികൾക്ക് പുറമേ ടൗണിലും പരിസരത്തുമുള്ള ധാരാളം ആളുകൾ പച്ചക്കറി വാങ്ങുവാൻ ചന്തയിലെത്തി. വിവിധ പ്രദേശങ്ങളിൽ കോർണർ പി.ടി.എ. യും ഗോത്രവിദ്യാർത്ഥികൾക്കായി ഗോത്രോത്സവവും സംഘടിപ്പിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ഗിരിജ കൃഷ്ണൻ പരിപാടി ഉദ്ഘാടനം ചെയ്തു. യു.പി. വിഭാഗം പെൺകുട്ടികൾക്കായി ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു.

-കുട്ടികളുടെ കലാവാസനകൾ വളർത്തുതിനും, പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിനുംവേണ്ടി സ്ക്കൂളിൽ ആരംഭിച്ച സ്ക്കൂൾ റേഡിയോ, സെന്റ് തോമസ് ലിറ്റിൽ വോയ്സ്, ജില്ലാ പഞ്ചായത്ത് മെമ്പർ വർഗ്ഗീസ് മുരിയങ്കാവിൽ ഉദ്ഘാടനം ചെയ്തു. എല്ലാ ദിവസവും ഉച്ചയ്ക്ക് റേഡിയോ പരിപാടികൾ പ്രക്ഷേപണം ചെയ്യുന്നു.

– ശിശുദിനത്തോടനുബന്ധിച്ച് വിവിധ ആഘോഷ പരിപാടികൾ സംഘടിപ്പിച്ചു. മുള്ളൻകൊല്ലി ടൗണിലൂടെ സ്വാതന്ത്ര്യസമര സേനാനികളുടെ വേഷത്തിൽ കുട്ടികൾ അണി നിരന്ന ശിശുദിന റാലി നടന്നു. പ്രധാനാധ്യാപകൻ ശ്രീ. ബിജു മാത്യു നേതൃത്വം നൽകി.

**ഫാ. ബിജു പൊൻപാറയ്ക്കൽ**

കോർപ്പറേറ്റ് മാനേജർ

# Pastoral Centre Programme



**January 2019**

| | | |
|---|---|---|
| 2 | - | KCYM |
| 5 | - | Department of Catechism, Zion |
| 6-9 | - | Marriage Preparation course |
| 8 | - | Marian Singles |
| 11 -13 | - | Christeen Retreat |
| 11-12 | - | DYM |
| 12 | - | Department of Catechism |
| | - | KCYM |
| 13-17 | - | On Going Formation for the Priest |
| 19 | - | KCYM |
| 20-24 | - | Zion Retreat |
| 25-28 | - | Marriage Preparation course |

**Fr. Paul Vazhappilly**
Director, Pastoral Centre

# Bishop's Programme



***January 2019***

| | | |
|---|---|---|
| *01* | *Tue Afternoon.....* | *Kurumani: Priestly Ordination of Dn. Joseph Padinjarekaduppil MCBS* |
| *02* | *Wed....................* | *Niravilpuzha: Priestly Ordination of Dn. Sibin Vemballykunnel MSFS* |
| *03* | *Thu ....................* | *Kayyunni: School Anniversary* |
| *04* | *Fri ....................* | *Out of Station* |
| *05* | *Sat ....................* | *Arinchermala: Priestly Ordination of Dn. Paulose Pulickathottiyil VC* |
| | *Afternoon .....* | *Vazhavatta: Wayside Chapel Blessing* |
| | *......* | *Kalathuvayal: Blessing of the Presbytery* |
| *06* | *Sun 19 Sat .........* | *Kakkanad: Synod* |
| *20* | *Sun ..................* | *Kadachikunnu: Jubilee Celebration of the Parish* |
| *21* | *Mon ..................* | *Visitors' day* |
| *22* | *Tue ....................* | *Meenangadi: Priestly Ordination of Dn. Ribhin Mundackal TOR* |
| | *Afternoon .......* | *Karani: Jubilee Celebration of the Parish* |
| *23* | *Wed....................* | *Karani: Priestly Ordination of Dn. Bijin Srambickal TOR* |
| *24* | *Thu 26 Sat .........* | *Out of Station* |
| *27* | *Sun ..................* | *Marakavu: Pastoral Visit* |
| *28* | *Mon ..................* | *Chungakkunnu: Priestly Ordination of Dn. Shabin Kanjirathinkal OSFC* |
| *29* | *Tue ....................* | *New Priests Day* |
| *30* | *Wed ..................* | *Visitors' day* |

***February 2019***

*01 Fri 2 Sat ..... Out of Station*

*03 Sun ................ Kayyunni: Pastoral Visit*

*10 Sun ................. Elapeedika: Jubilee of the Parish*

*12 Tue ................. Manimooly: Joint Curia Meeting*

*13 Wed ................ Visitors' day*

*14 Thu ................. Bathery: Jubilee of MSMI Sisters*

*15 Fri ............... Out of Station*

*17 Sun ................ Pulpally: CML Anniversary & Rally*

*19 Tue ................ Finance Council & Consulter's Meet: Bishop's House*

*24 Sun ............... Irulam: Pastoral Visit*

*25 Mon 28 Thu ...... Pastoral Centre: Young Priests' Seminar*